# TRICHUR ARCHDIOCESAN BULLETIN

MAY 2014



80 YEARS OF PUBLICATION 1934-2014


മെയ് 1 ന്
മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന
മാർ ആൻഡ്രൂസ് പിതാവിന്
തൃശ്ശൂർ അതിരൂപത മക്കളുടെ
പ്രാർത്ഥനാശംസകൾ

**TRICHUR ARCHDIOCESAN**

# Bulletin

പുസ്തകം : 81

2014 മെയ്

ലക്കം : 5

## ഈ ലക്കത്തിൽ


| | |
|---|---|
| ❖ സന്ദേശം | 4 |
| ❖ സർക്കുലർ | 10 |
| ❖ കച്ചേരികാര്യം | 28 |
| ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ -മെയ് | 39 |
| ❖ സഹായമെത്രാന്റെ പരിപാടികൾ -മെയ് | 41 |
| ❖ നാളാഗമം | 43 |
| ❖ പാസ്റ്ററൽ കൗൺസിൽ | 45 |
| ❖ സ്ഥാപന ഡിക്രി | 57 |
| ❖ A.K.C.C. | 64 |
| ❖ സാമ്പത്തിക കാര്യാലയം | 69 |
| ❖ വൈദികർ | 73 |
| ❖ സന്യസ്തർ | 76 |
| ❖ സ്ഥാപനങ്ങൾ | 87 |
| ❖ സാന്ത്വനം | 93 |
| ❖ സംഘടനകൾ | 103 |


*Imprimatur*

(Sd)

**Mar Andrews Thazhath**

Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

# സന്ദേശം

## 51-ാം ലോകദൈവവിളി ദിനം

**11 മേയ് 2014, ഈസ്റ്റർ കഴിഞ്ഞ് നാലാം ഞായർ**

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

*പ്രമേയം: വിളികൾ: സത്യത്തിന് സാക്ഷ്യം*

പ്രിയ സഹോദരീസഹോദരന്മാരേ,

1. സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു: "യേശു...എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റിസഞ്ചരിച്ചു. ജനകൂട്ടങ്ങളെ കണ്ടപ്പോൾ യേശുവിന് അവരുടെ മേൽ കരുണ തോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു. അവൻ ശിഷ്യന്മാരോടു പറഞ്ഞു: വിളവധികം; വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ" (മത്താ 9:35-38). ഈ വാക്കുകൾ നമ്മെ വിസ്മയിപ്പിക്കുന്നു. കാരണം, ആദ്യം നിലം ഉഴുകയും വിത്തു വിതയ്ക്കുകയും സസ്യങ്ങളെ പോഷിപ്പിക്കുകയും ചെയ്യണമെന്നും പിന്നീട് തക്കസമയം വരുമ്പോൾ സമൃദ്ധമായ വിളവു ശേഖരിക്കണമെന്നും നമുക്കറിയാം. അതിനു പകരം യേശു പറയുന്നു: "വിളവുസമൃദ്ധം." എന്നാൽ ആരാണ് ഈ ഫലം പുറപ്പെടുവിക്കാൻ അധ്വാനിച്ചത്? ഈ ചോദ്യത്തിന് ഒരു ഉത്തരമേ ഉള്ളൂ: ദൈവം.

യേശു പരാമർശിക്കുന്ന വയൽ മനുഷ്യവംശമാണെന്ന്, നമ്മളാണെന്ന് വ്യക്തം. ധാരാളം ഫലം പുറപ്പെടുവിച്ച കാര്യക്ഷമമായ പ്രവൃത്തി ദൈവത്തിന്റെ കൃപയാണ്; അതായത് ദൈവവുമായുള്ള സംസർഗമാണ് (cf യോഹ 15:5). അതുകൊണ്ട് യേശു സഭയോടു പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നത്, അവിടത്തെ രാജ്യത്തിനു സേവനം ചെയ്യാനുള്ളവരുടെ സംഖ്യ വർധിക്കുന്നതിനുവേണ്ടിയാണ്. "ദൈവത്തിന്റെ കൂട്ടു

വേലക്കാരിൽ" ഒരാളായ വിശുദ്ധ പൗലോസ് സുവിശേഷത്തിനും സഭയ്ക്കുംവേണ്ടി നിരന്തരം സ്വയം സമർപ്പിച്ചു. ദൈവത്തിന്റെ നിഗൂഢാത്മകമായ രക്ഷാകരഹിതമെന്താണെന്നും കൃപാവരം ഓരോ ദൈവവിളിയുടെയും പ്രാരംഭമായിരിക്കുന്നതെ ങ്ങനെയെന്നും വ്യക്തിപരമായി അറിഞ്ഞിട്ടുള്ള ആ അപ്പസ്തോലൻ കോറിന്തോസിലെ ക്രിസ്ത്യാനികളെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: "നിങ്ങൾ ദൈവത്തിന്റെ വയലാണ്" (1 കോറി 3:9). അതുകൊണ്ടാണ് ദൈവത്തിനുമാത്രം തരാൻ കഴിയുന്ന സമൃദ്ധമായ വിളവിനെ സംബന്ധിച്ച് നമ്മുടെ ഹൃദയത്തിൽ ആദ്യം അദ്ഭുതം തോന്നുന്നത്. തുടർന്ന് എപ്പോഴും നമ്മുടെ മുമ്പേ പോകുന്ന സ്നേഹത്തെപ്രതിയുള്ള കൃതജ്ഞതയുണ്ടാകുന്നു. അവസാനം അവിടന്നു പൂർത്തിയാക്കിയ പ്രവർത്തനത്തെ ക്കുറിച്ചുള്ള ആരാധനയുണ്ടാകുന്നു. ആ പ്രവർത്തനത്തിന് അവിടന്നിലും അവിടത്തോടൊപ്പവും അധ്വാനിക്കാൻ നമ്മുടെ സ്വതന്ത്രസമ്മതം ആവശ്യമാണ്.

2. "അവിടന്നാണ് നമ്മെ സൃഷ്ടിച്ചത്. നമ്മൾ അവിടത്തേതാണ്. നാം അവിടത്തെ ജനവും അവിടന്ന് മേയ്ക്കുന്ന അജഗണവുമാകുന്നു (സങ്കീ 100:3). അല്ലെങ്കിൽ, "കർത്താവു യാക്കോബിനെ തനിക്കായി, ഇസ്രായേലിനെ തന്റെ അവകാശമായി തിരഞ്ഞെടുത്തു" (സങ്കീ 135:4). എന്നിങ്ങനെ സങ്കീർത്തകനോടൊപ്പം നാം അനേകം പ്രാവശ്യം പ്രാർത്ഥിച്ചിട്ടുണ്ട്. എന്നാലും നമ്മെ അടിമകളാക്കുന്ന വിധത്തിലല്ല നാം ദൈവത്തിന്റേ തായിരിക്കുന്നത്. മറിച്ച് നമ്മളും ദൈവവും തമ്മിലും നമ്മൾ പരസ്പരവും ഐക്യപ്പെടുന്ന സുശക്തമായ ഒരു ബന്ധമുണ്ട്. ശാശ്വതമായ ഒരു ഉടമ്പടിയനുസരിച്ചാണത്. "എന്തെന്നാൽ അവിടത്തെ കാരുണ്യം അനന്തമാണ്" (സങ്കീ 136:1). ജെറമിയ പ്രവാചകനെ ദൈവം വിളിച്ച സംഭവം ഇതിന് ഒരു ഉദാഹരണമാണ്. അവിടത്തെ വചനം നമ്മിൽ നിവൃത്തിയാകുന്നതിനുവേണ്ടി അവിടന്ന് നമ്മെ നിരന്തരം നിരീക്ഷിക്കുന്നുവെന്ന് അതു നമ്മെ അനുസ്മരിപ്പിക്കുന്നു. ജാഗ്രതാവൃക്ഷത്തിന്റെ ശാഖയാണ് അവിടത്തെ പ്രതിബിംബം. ആദ്യം പൂക്കുന്ന മരമാണത്. വസന്തകാലത്ത് ജീവന്റെ പുനർ ജനനത്തെ അത് അറിയിക്കുന്നു (cf ജറെ 1:11-12). എല്ലാം

ദൈവത്തിൽ നിന്നുവരുന്നു. എല്ലാം അവിടത്തെ ദാനമാണ് - ലോകം, ജീവൻ, മരണം, വർത്തമാനകാലം, ഭാവികാലം എന്നിവയെല്ലാം. എന്നാൽ അപ്പസ്തോലൻ നമുക്ക് ഉറപ്പു നല്കുന്നു: "നിങ്ങൾ ക്രിസ്തുവിന്റേതാണ്; ക്രിസ്തു ദൈവത്തിന്റേതും" (1 കോറി 3:23). അങ്ങനെ ദൈവത്തിന്റേതായിരിക്കുകയെന്നത് എന്താണെന്നു വ്യക്തമാക്കപ്പെടുന്നു. യേശുവുമായുള്ള അനന്യവും വ്യക്തിപരവുമായ ഒരു ബന്ധത്തിലൂടെ അത് സംഭവിക്കുന്നു. നവജീവിതത്തിലേക്കുള്ള നമ്മുടെ പുനർജനനത്തിന്റെ ആരംഭം മുതൽ മാമ്മോദീസ മുതൽ, അതു നല്കുന്നു. അതുകൊണ്ട് ക്രിസ്തുവിൽ വിശ്വാസമർപ്പിക്കാൻ അവിടന്നു തന്നെയാണ് നമ്മെ തന്റെ വചനം വഴി വിളിക്കുന്നത്. "പൂർണഹൃദയത്തോടും പൂർണമനസ്സോടും പൂർണശക്തിയോടും കൂടെ സ്നേഹിച്ചുകൊണ്ട്" (മർക്കോ 12:33) അങ്ങനെ ചെയ്യാൻ വിളിക്കുന്നത്.

അതുകൊണ്ട് ഓരോ വിളിയും വിവിധ മാർഗങ്ങളിലുള്ളതാണെങ്കിലും എപ്പോഴും തന്നിൽനിന്നു തന്നെയുള്ള ഒരു പുറപ്പാട് ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തുവിലും അവിടത്തെ സുവിശേഷത്തിലും ജീവിതം കേന്ദ്രീകരിക്കുന്നതിനാണത്. വിവാഹജീവിതത്തിലും സമർപ്പിതജീവിത രൂപങ്ങളിലും വൈദിക ജീവിതത്തിലും ദൈവേഷ്ടത്തിനു ചേരാത്ത ചിന്താരീതികളെയും പ്രവർത്തനരീതികളെയും നമ്മൾ കീഴടക്കണം. "കർത്താവിനെ ആരാധിക്കുന്നതിലേക്കും സഹോദരീസഹോദരന്മാരിലൂടെ അവിടത്തെ സേവിക്കുന്ന തിലേക്കും നയിക്കുന്ന ഒരു പുറപ്പാടാണത്" (Address to the International Union of Superiors General, 8 May, 2013). അതുകൊണ്ട് ക്രിസ്തുവിനെ ഹൃദയത്തിൽ ആരാധിക്കാൻ നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു (1 പത്രോ 3:15). വചനമാകുന്ന വിത്തിൽ ഉൾക്കൊണ്ടിരിക്കുന്ന കൃപയുടെ പ്രചോദനത്താൽ സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നതിനാണത്. ആ വിത്ത് നമ്മിൽ വളരുകയും നമ്മുടെ അയൽക്കാരനുവേണ്ടിയുള്ള വസ്തു നിഷ്ഠമായ സേവനമായി അത് പരിണമിക്കുകയും ചെയ്യാൻ വേണ്ടിയാണത്. നാം ഭയപ്പെടേണ്ടതില്ല. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ദൈവം

തന്റെ കരവേലയെ തീക്ഷ്ണതയോടും വൈദഗ്ധ്യത്തോടും കൂടി പിന്തുടരുന്നുണ്ട്. അവിടന്നു നമ്മെ ഒരിക്കലും ഉപേക്ഷിക്കുന്നില്ല. നമ്മെ സംബന്ധിച്ച തന്റെ പദ്ധതിയുടെ നിറവേറൽ അവിടത്തെ ഹൃദയത്തിലുണ്ട്. എന്നാലും നമ്മുടെ സമ്മതത്തോടും സഹകരണത്തോടും കൂടി അതു നിറവേറാൻ അവിടന്ന് ആഗ്രഹിക്കുന്നു.

3. ഇന്നും സാധാരണ ജീവിതത്തിന്റെ പാതകളിലൂടെ യേശു സഞ്ചരിക്കുന്നു. അവസാനത്തെ വ്യക്തി മുതൽ എല്ലാവരുടെയും അടുക്കൽ എത്തിച്ചേരാനും നമമുടെ ദൗർബല്യങ്ങളും രോഗങ്ങളും സുഖപ്പെടുത്താനും വേണ്ടിയാണത്. സഭയിൽ മുഴങ്ങുന്ന ക്രിസ്തുവിന്റെ ശബ്ദം ശ്രവിക്കാനും തങ്ങളുടെ വിളി എന്താണെന്നു ഗ്രഹിക്കാനും സന്മനസ്സുള്ളവരിലേക്കു തന്റെ ശ്രദ്ധ തിരിക്കുന്ന, യേശുവിനെ കേൾക്കാനും അവിടത്തെ അനുഗമിക്കാനും അവിടത്തെ വചനം വഴി ആന്തരികമായി രൂപാന്തരപ്പെടാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. അവിടത്തെ വചനങ്ങൾ "ആത്മാവും ജീവനുമാണ്" (യോഹ 6:62). യേശുവിന്റെയും നമ്മുടെയും അമ്മയായ മറിയവും നമ്മോട് ഇങ്ങനെ പറയുന്നു: "അവൻ പറയുന്നതുപോലെ ചെയ്യുവിൻ" (യോഹ 2:5). സാമൂഹികമായ യാത്രയിൽ പങ്കുചേരാൻ അതു സഹായക മാകും. നിങ്ങളിലും നിങ്ങളുടെ ചുറ്റുവട്ടത്തുള്ളവരിലും നിങ്ങളുടെ ഊർജം ശരിയായി വിനിയോഗിക്കാൻ അതു കഴിവു നല്കും. യഥാർത്ഥ സഭാത്മകജീവിതത്തിന്റെ സാഹചര്യത്തിൽ, പരസ്പര സേവനമായിത്തീരുന്ന പരസ്പര സ്നേഹത്തിന്റെ പരിപോഷിതമായ വയലിലുണ്ടാകുന്ന ഫലമാണ് ദൈവവിളി. ഒരു വിളിയും സ്വയം ജനിക്കുന്നില്ല. തനിക്കു വേണ്ടിത്തന്നെ ജനിക്കുന്നില്ല. വിളി ദൈവത്തിന്റെ ഹൃദയത്തിൽ നിന്നു പ്രവഹിക്കുന്നു. വിശ്വാസമുള്ള ജനതയാകുന്ന നല്ല മണ്ണിൽ സഹോദര സ്നേഹത്തിന്റെ അനുഭവത്തിൽ പുഷ്പിക്കുന്നു. "നിങ്ങൾക്കു പരസ്പര സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13:35) എന്നു യേശു പറഞ്ഞിട്ടില്ലേ?

4. പ്രിയ സഹോദരീസഹോദരന്മാരേ, “സാധാരണ ക്രൈസ്തവ ജീവിതത്തിന്റെ ഈ ഉന്നതനിലവാരം” (cf ജോൺ പോൾ II, നവസഹ്രാബ്ദത്തിന്റെ തുടക്കത്തിൽ, അപ്പസ്തോലിക ലേഖനം, 31) തിരമാലയ്ക്കെതിരേ നീങ്ങുകയെന്നർത്ഥമുള്ളതാണ്. നമ്മിലും നമുക്കു പുറത്തുമുള്ള തടസ്സങ്ങളെ നേരിടുകയെന്നും അതിന് അർത്ഥമുണ്ട്. യേശു നമുക്ക് ഇങ്ങനെ മുന്നറിയിപ്പു നല്കിയിരിക്കുന്നു: ദൈവവചനമാകുന്ന നല്ല വിത്ത് മിക്കപ്പോഴും ദുഷ്ടനാൽ മോഷ്ടിക്കപ്പെടും, പീഡനംകൊണ്ടു തടയപ്പെടും, ലൗകിക താത്പര്യങ്ങളാലും പ്രലോഭനങ്ങളാലും ശ്വാസം മുട്ടിക്കപ്പെടും (cf മത്താ 13:19–22). ഈ പ്രയാസങ്ങൾ നമ്മെ നിരുത്സാഹപ്പെടുത്തിയേക്കും. കൂടുതൽ ആശ്വാസകരമെന്നു തോന്നിക്കുന്ന മാർഗങ്ങളിലേക്ക് നമ്മെ തിരിച്ചു വിളിച്ചേക്കും. എന്നാലും വിളിക്കപ്പെട്ടവരുടെ യഥാർഥ സന്തോഷം അടങ്ങിയിരിക്കുന്നത് കർത്താവു വിശ്വസ്തനാണെന്നും നമുക്കു അവിടത്തോടു കൂടെ സഞ്ചരിക്കാമെന്നും അവിടത്ത ശിഷ്യന്മാരും ദൈവസ്നേഹത്തിന്റെ സാക്ഷികളും ആയിരിക്കാമെന്നും വലിയ ആദർശങ്ങളിലേക്ക്, മഹത്തായ കാര്യങ്ങളിലേക്ക് നമ്മുടെ ഹൃദയം തുറക്കാനാവുമെന്നും വിശ്വസിക്കുകയും അനുഭവിക്കുകയും ചെയ്യുന്നതിലാണ്. “ക്രൈസ്തവരായ നമ്മൾ ചെറിയ കാര്യങ്ങൾക്കായി കർത്താവു തിരഞ്ഞെടുത്തവരല്ല. ഏറ്റവും ഉന്നതമായ തത്ത്വങ്ങളിലേക്ക് മുന്നേറുവിൻ. ഉന്നതാദർശങ്ങൾക്ക് ജീവിതം പണയം വയ്ക്കുക!” (Homily at Holy Mass and the Conferral of the sacrament of Confirmations, 28 April 2013).

ദൈവവിളിപരമായ അജപാലനപദ്ധതിയെ ഈ ലക്ഷ്യമുള്ളതാക്കാൻ മെത്രാന്മാരോടും വൈദികരോടും സന്ന്യസ്തരോടും ക്രൈസ്തസമൂഹങ്ങളോടും കുടുംബങ്ങളോടും ഞാൻ ആവശ്യപ്പെടുന്നു. അപ്രകാരം ചെയ്യുന്നതാകട്ടെ, വിശുദ്ധിയുടെ മാർഗത്തിലൂടെ യുവജനങ്ങളോടൊപ്പം സഞ്ചരിച്ചുകൊണ്ടായിരിക്കണം. ആ മാർഗങ്ങൾ വ്യക്തിപരമാണ്. “അത് വിശുദ്ധിയിലുള്ള യഥാർത്ഥ പരിശീലനത്തിനായുള്ള വിളിയാണ്. ആ പരിശീലനം ഓരോ വ്യക്തിയുടെയും

ആവശ്യത്തിനു ചേർന്നതാക്കാൻ കഴിയുന്നതാണ്. വ്യക്തികളും ഗ്രൂപ്പുകളും ഓരോ വ്യക്തിക്കും നല്കുന്ന പരമ്പരാഗത രൂപങ്ങളെയും ആധുനികകാലത്ത് സഭ അംഗീകരിച്ചിട്ടുള്ള സംഘടനകളും പ്രസ്ഥാനങ്ങളും നല്കുന്ന വിഭവങ്ങളെയും ഒന്നിപ്പിക്കുന്നതു മായിരിക്കണം. പ്രസ്തുത പരിശീലനം" (ആസന്നമായ മൂന്നാം സഹസ്രാബ്ദം, 31).

അതുകൊണ്ട് നമ്മുടെ ഹൃദയം വചനം ശ്രവിച്ചും സ്വീകരിച്ചും ജീവിച്ചും ഫലപൂർണമായിത്തീരുന്ന "നല്ല മണ്ണായി" പരിണമിക്കാൻ ശ്രമിക്കാം. പ്രാർത്ഥന, വിശുദ്ധലിഖിതങ്ങൾ, ദിവ്യകാരുണ്യം, സഭയിലും സാഹോദര്യത്തിലും ആഘോഷിക്കപ്പെടുകയും ജീവിക്കപ്പെടുകയും ചെയ്യുന്ന കൂദാശകൾ എന്നിവയോടു നമ്മെ കൂടുതൽ ഐക്യപ്പെടുത്താം. ആ ഐക്യത്തിലുള്ള വളർച്ച യനുസരിച്ച് ദൈവവുമായി സഹകരി ക്കുന്നതിലുള്ള സന്തോഷം നമ്മിൽ വർധിക്കും. കാരുണ്യത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും ദൈവരാജ്യത്തിനുള്ള സേവനത്തിൽ ദൈവവുമായുള്ള സഹകരണമാണത്. അപ്പോൾ വിളവു സമൃദ്ധമാകും. നമ്മുടെ ഹൃദയത്തിലേക്ക് നമ്മൾ വിനയപൂർവം സ്വീകരിച്ച ദൈവികകൃപയ്ക്കു ആനുപാതികമായി വിളവു സമൃദ്ധമാകും.

ഈ ആഗ്രഹത്തോടെ, എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നിങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട്, നിങ്ങൾക്ക് എല്ലാവർക്കും ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശീർവാദം നല്കുന്നു.

**ഫ്രാൻസിസ് മാർപാപ്പാ**
വത്തിക്കാനിൽ നിന്ന്, 2014 ജനുവരി 15

# 51-ാം ലോകദൈവവിളി പ്രാർത്ഥനാദിനം

## 11 മെയ് 2014, ഈസ്റ്റർ കഴിഞ്ഞ് നാലാം ഞായർ

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന

## സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

1. ദൈവവിളിക്കു വേണ്ടിയുള്ള അൻപത്തിഒന്നാം ലോകപ്രാർത്ഥനാദിനമായി മെയ്മാസം 11-ാം തീയതി സാർവത്രികസഭ ആചരിക്കുകയാണല്ലോ. സത്യത്തിന് സാക്ഷികളാകുവാനുള്ള ഓരോരുത്തരുടെയും വിളിയെക്കുറിച്ച് ധ്യാനിക്കാനും ദൈവവിളിക്കും ദൈവവിളി സ്വീകരിച്ചവർക്കും സ്വീകരിക്കാനുള്ളവർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാനും പരിശുദ്ധ പിതാവ് ഈ ലോകദൈവവിളി ദിനത്തിൽ നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ട് കേരളകത്തോലിക്കാസഭയുടെ സാഹചര്യത്തിൽ ചില ചിന്തകൾ നല്കട്ടെ. ഓരോ ദൈവവിളിയും ത്രിതൈ്വക ദൈവത്തിന്റെ പൂർണതയിലേക്കുള്ള വിളിയാണ്. പിതാവായ ദൈവത്തിന്റെ സ്നേഹമാണ് പരിശുദ്ധാത്മാവിലൂടെ പുത്രനായ ക്രിസ്തുവിൽ അവതരിച്ചത് (*Gaudium et Spes* 22). ക്രിസ്തുവാണ് മനുഷ്യനുവേണ്ടിയുള്ള ദൈവികപദ്ധതി.

2. 1981-ൽ ദൈവവിളിക്കുവേണ്ടിയുള്ള അജപാലനം ഏകോപിപ്പിക്കുന്ന റോമൻസമിതി പുറപ്പെടുവിച്ച നിർദേശത്തിൽ (No. 5) ദൈവവിളി പരിപാലനയുടെ സഭാത്മകതയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്: ''ദൈവവിളികൾക്കുവേണ്ടിയുള്ള അജപാലനശുശ്രൂഷ സഭയുടെ ആത്മാവിൽ നിന്നും സഭയ്ക്കുവേണ്ടി ഉടലെടുക്കുന്ന ഒന്നാണ്.'' അതുകൊണ്ടു തന്നെ രണ്ടാം വത്തിക്കാൻ കൗൺസിൽ സൂചിപ്പിച്ചു: “വിളിക്കുന്ന ദൈവവും വിളിക്കപ്പെടുന്ന മനുഷ്യനും തമ്മിലുള്ള ബന്ധം സഭയിലൂടെയാണ് പൂർത്തീകരിക്കപ്പെടേണ്ടത്” (*Optatam Totius* 2). അതായത്, സഭയിലൂടെയാണ് എല്ലാതലങ്ങളിലും തരത്തിലുമുള്ള സമർപ്പിത ദൈവവിളികൾ തിരിച്ചറിയപ്പെടേണ്ടതും

പരിപോഷിപ്പിക്കപ്പെടേണ്ടതും ദൈവത്തിന്റെ കരുണയുടെ ഉപകരണങ്ങളായി വളർത്തപ്പെടേണ്ടതും.

3. സത്യത്തിനു സാക്ഷികളാകാനുള്ള ആഹ്വാനം അനുസരിക്കുന്നതിന് സത്യം നാം അറിയേണ്ടതുണ്ട്. "എന്താണ് സത്യം?" (യോഹ 18:38) എന്ന പീലാത്തോസിന്റെ ചോദ്യത്തിനു മുന്നിൽ നിശ്ശബ്ദത പാലിക്കുന്ന ഈശോ "വഴിയുംസത്യവുംജീവനും ഞാനാകുന്നു" (യോഹ 14:6) എന്ന് നേരത്തേ തന്നെ പഠിപ്പിച്ചിട്ടുണ്ടായിരുന്നല്ലോ. ക്രിസ്തുവാകുന്ന സത്യത്തിനു സാക്ഷ്യം വഹിക്കേണ്ടവരാണ് വിളിക്കപ്പെട്ടവർ. രണ്ടാം വത്തിക്കാൻ കൗൺസിൽ വളരെ സ്പഷ്ടമായി ഇത് നമുക്ക് പറഞ്ഞു തരുന്നുണ്ട്: "ആഗോളവും പ്രാദേശികവുമായ സഭ, വിളിക്കപ്പെട്ടവരുടെയും അയയ്ക്കപ്പെട്ടവരുടെയും സമൂഹമാകയാൽ രക്ഷയുടെ ഉപകരണമായിട്ടാണ് ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത്" (*Lumen Gentium* 5).

4. ഇക്കൊല്ലത്തെ ലോകദൈവവിളി പ്രാർത്ഥനാദിന സന്ദേശത്തിൽ സങ്കീർത്തനങ്ങൾ ഉദ്ധരിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു: "അവിടന്നാണ് നമ്മെ സൃഷ്ടിച്ചത്. നമ്മൾ അവിടത്തേതാണ്. നാം അവിടത്തെ ജനവും അവിടന്ന് മേയ്ക്കുന്ന അജഗണവുമാണ്'' (സങ്കീ 100). ''കർത്താവ് യാക്കോബിനെ തനിക്കായി, തന്റെ അവകാശമായി തിരഞ്ഞെടുത്തു'' (സങ്കീ 135). ഈ തിരഞ്ഞെടുപ്പിന്റെയും സ്വന്തമാക്കലിന്റെയും ചൈതന്യമാണ് ദൈവവിളിയിൽ പ്രകടമാകുന്നത്. "ആസന്നമായ മൂന്നാം സഹസ്രാബ്ദം" എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ നമ്മുടെ സമൂഹിക ചുറ്റുപാടിനനുസൃതം പ്രായോഗികമായ കർമ്മപരിപാടികൾ ദൈവവിളി അജപാലനത്തിൽ കരുപ്പിടിപ്പിക്കുവാൻ ആവശ്യപ്പെടുന്നു.

5. "വിളിക്കപ്പെട്ടവരുടെ യഥാർത്ഥ സന്തോഷം അടങ്ങിയിരിക്കുന്നത്, കർത്താവ് വിശ്വസ്തനാണെന്നും നമുക്ക് അവിടത്തോടുകൂടെ സഞ്ചരിക്കാമെന്നും അവിടത്തെ ശിഷ്യന്മാരും ദൈവ സ്നേഹത്തിന്റെ സാക്ഷികളും ആയിരിക്കാമെന്നും വലിയ ആദർശങ്ങളിലേക്കും മഹത്തായ കാര്യങ്ങളിലേക്കും നമ്മുടെ

ഹൃദയം തുറക്കാനാവുമെന്നും വിശ്വസിക്കുകയും അനുഭവിക്കുകയും ചെയ്യുന്നതിലാണ്. ക്രൈസ്തവരായ നമ്മൾ ചെറിയ കാര്യങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടവരല്ല. ഉന്നതാദർശങ്ങൾക്കുവേണ്ടി ജീവി ക്കേണ്ടവരാണ്" (ഫ്രാൻസിസ് മാർപാപ്പായുടെ 51-ാമത് ലോക ദൈവവിളി പ്രാർത്ഥനാദിന സന്ദേശം). ഇതിനുള്ള പരിശീലനമാണ് ദൈവവിളി സ്വീകരിക്കുന്നവർക്ക് നല്കേണ്ടത്. "ആ പരിശീലനം ഓരോ വ്യക്തിയുടെയും ആവശ്യത്തിന് ചേർന്നതാകണം. വ്യക്തികളും ഗ്രൂപ്പുകളും ഓരോ വ്യക്തിക്കും നല്കുന്ന പരമ്പരാഗത രൂപങ്ങളെയും ആധുനിക കാലത്ത് സഭ അംഗീകരിച്ചിട്ടുള്ള സംഘടനകളും പ്രസ്ഥാനങ്ങളും നല്കുന്ന വിഭവങ്ങളെയും ഒന്നിപ്പിക്കുന്നതുമായിരിക്കണം" (ഫ്രാൻസിസ് മാർപാപ്പാ, 2013-ലെ സ്ഥൈര്യലേപനശുശ്രൂഷയിലെ സന്ദേശം, ജോൺ പോൾ രണ്ടാമൻ, ആസന്നമായ മൂന്നാം സഹസ്രാബ്ദം-31). സമർപ്പിത ജീവിതം സഭയുടെ ആത്മാവിൽ അന്തർലീനമാണെന്നും അത് സഭയുടെ സത്തയുടെ പ്രത്യക്ഷ അടയാളമാണെന്നും (*Vita Consecrata* 3) നാം ഓർക്കുമ്പോൾ ഈ ദൈവവിളിമേഖല സ്വീകരിക്കേണ്ട പ്രത്യേക ശ്രദ്ധയും പരിഗണനയും നമുക്ക് ബോധ്യമാകും. 'സന്ന്യസ്തരില്ലാത്ത സഭയെക്കുറിച്ചു നമുക്കു ചിന്തിക്കാനാവില്ല' എന്ന ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകളും പ്രത്യേകം ശ്രദ്ധേയമാണ്.

6. യഥാർത്ഥമായ ദൈവവിളി ജീവിതത്തെ പ്രസരിപ്പുള്ളതാക്കുന്നു. "നാമിവിടെ ആയിരിക്കുന്നത് നന്ന്" (മത്താ. 17:4) എന്നത് ക്രിസ്തു സാന്നിധ്യാനുഭവത്തിന്റെ ഉദ്ഘോഷണമാണ്. ക്രിസ്തുവുമൊത്തുള്ള ആത്മീയവാസത്തിലാണ് പരിവർത്തനത്തിന്റെയും രൂപാന്തരീകരണത്തിന്റെയും സാധ്യതകൾ നമുക്കും മറ്റുള്ളവർക്കും സ്പഷ്ടമാവുന്നത്. ദൈവവിളി സ്വീകരിച്ചവർക്കും സ്വീകരിക്കാനാഗ്രഹിക്കുന്നവർക്കും ഉപകാരപ്രദമായേക്കാവുന്ന ചില നിർദ്ദേശങ്ങൾ നല്കുവാൻ ആഗ്രഹിക്കുന്നു:

1. ഓരോ ദൈവവിളിയും ദൈവദാനമാണ്. അത് ഒരു ദൗത്യനിർവ്വഹണത്തിനുള്ള വിളി കൂടിയാണ്. അതിനാൽ ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന താലന്തുകൾ വളർത്തി

മറ്റുള്ളവരുടെ നന്മയ്ക്കായി അവ ഉപയോഗിക്കുക പ്രധാനപ്പെട്ട കാര്യമാണ്. സമർപ്പിതദൈവവിളി സ്വീകരിക്കുന്ന വ്യക്തി ആ സമർപ്പണം തന്റെയും ആഗോളസഭയുടെയും നന്മയ്ക്കു വേണ്ടിയാണ് നടത്തുന്നതെന്ന കാര്യം മറക്കരുത്. ജീവിത പ്രശ്നങ്ങളിൽ നിന്നു രക്ഷപ്പെടാനോ മറ്റ് സ്വാർത്ഥലാഭങ്ങൾക്കു വേണ്ടിയോ ആകരുതെന്ന് അർത്ഥം.

2. ബാലനായ ദാവീദിനെ ദൈവം വിളിച്ചതുപോലെ മക്കളെ ദൈവം വിളിക്കുമ്പോൾ മാതാപിതാക്കന്മാരുടെ മോഹങ്ങളോ പദ്ധതികളോ ആ വിളിക്ക് തടസ്സമായി നില്ക്കാതിരിക്കണം. ദൈവപദ്ധതിക്ക് മക്കളെ സമർപ്പിക്കാനാണ് മാതാപിതാക്കന്മാർ ശ്രദ്ധിക്കേണ്ടത്.

3. യോനാ പ്രവാചകൻ മറ്റൊരു ദിക്കിലേക്ക് കപ്പൽ കയറിയപ്പോൾ പ്രകൃതിതന്നെ അതു മുടക്കുന്നത് നാം കാണുന്നു. ദൈവം വളർത്തിക്കൊണ്ടുവരുന്ന വിളിയെ ആരും മറുദിക്കിലേക്ക് കൊണ്ടുപോകരുത്; ദൈവത്തിന്റെ സ്വരത്തിനും പദ്ധതിക്കും വിധേയമാകുന്നതാണ് ഒരാൾക്ക് അനുഗ്രഹമായിത്തീരുന്നത്.

4. പ്രലോഭകൻ യേശുവിനെ ഉയരത്തിൽ കൊണ്ടുപോയി വാഗ്ദാനം കൊടുത്തു: "ഇവയല്ലാം നിനക്ക് ഞാൻ നല്കും" (മത്താ 4:9). ക്രിസ്തുവിന്റെ പാത കുരിശിന്റെ വഴിയാണെന്നിരിക്കെ, ലൗകിക സുഖങ്ങളുടെയും അധികാരമോഹങ്ങളുടെയും വാഗ്ദാനങ്ങളുമായി ദൈവവിളി പ്രോത്സാഹനം നടത്തുന്നത് ഒരിക്കലും പ്രോത്സാഹിപ്പിക്കാൻ പാടില്ല. സഭകളും സമൂഹങ്ങളും രൂപതകളും തമ്മിൽ അനാവശ്യവും അനാരോഗ്യകരവുമായ മത്സരങ്ങൾ ഉണ്ടാകരുത്.

5. ദൈവവിളി സംബന്ധമായ എല്ലാ കാര്യങ്ങൾക്കും കെസിബിസി വൊക്കേഷൻ ഓഫീസുമായി ബന്ധപ്പെട്ടു പ്രവർത്തിക്കേണ്ടതാണ്.

7. സഭയിലാണ് ദൈവവിളി ജനിക്കുന്നതും വളരുന്നതും. അത്

കൂടുതൽ ധ്യാനിക്കപ്പെടുന്നതും പ്രവർത്തന മണ്ഡലത്തിലിറങ്ങുന്നതും സഭയിൽ തന്നെയാണ്. നാളത്തെ സഭയുടെ ശക്തിസ്രോതസ്സാണ് ഇന്നത്തെ ദൈവവിളി സ്വീകർത്താക്കൾ. അവരെ വഴിനടത്തേണ്ടത് ഏതെങ്കിലും സ്വാർത്ഥലാഭ മോഹങ്ങളല്ല, മറിച്ച്, വിശ്വാസവും ആത്മാർത്ഥതയും സ്വയം ശൂന്യവത്കരണത്തിനുള്ള ആഗ്രഹവുമാണ്. "നിങ്ങൾ വിളവിന്റെ നാഥനോട് കൂടുതൽ വേലക്കാരെ അയയ്ക്കാനായി പ്രാർത്ഥിക്കുവിൻ" (മത്താ 9:38) എന്നാണ് ഗലീലിയിലെ വിളിയുടെ നായകൻ പറഞ്ഞത്. അതുകൊണ്ട് കൂടുതൽ നല്ല ദൈവവിളികൾ ഉണ്ടാകാൻ എല്ലാവരും പ്രാർത്ഥിക്കണം. ഇക്കൊല്ലത്തെ ദൈവവിളി പ്രാർത്ഥനാദിനത്തിൽ വൈദികർക്കും സമർപ്പിതർക്കും വേണ്ടി ഒരു ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. നല്ലവനായ ദൈവം കനിഞ്ഞ് ധാരാളം നല്ല ദൈവവിളികൾ നമുക്ക് സമ്മാനിക്കട്ടെ.

ഉത്ഥിതനായ ക്രിസ്തുവിന്റെ ശാന്തിയും സമാധാനവും നിങ്ങൾക്ക് ആശംസിച്ചുകൊണ്ട്,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

---

NB: 2014 മെയ് 11–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സർക്കുലർ

**കേരള കത്തോലിക്കാമെത്രാൻസമിതിയുടെ**
**തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന**

## മേയ്ദിന സന്ദേശം - 2014

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെയും തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ ഓർമ്മത്തിരുനാളിന്റെയും എല്ലാ വിധ നന്മകളും ആശംസിക്കുന്നു. അദ്ധ്വാനത്തിൽ പങ്കുചേരുക വഴി തൊഴിലിനെയും തൊഴിലാളികളെയും വിശുദ്ധീകരിച്ച നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹായുടെ കൃപ എല്ലാ തൊഴിലാളികളുടെയുംമേൽ വർഷിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

2. ദൈവത്തിന്റെ അദ്ധ്വാനത്തിന്റെ ഫലമായിട്ടാണ് പ്രപഞ്ചം രൂപപ്പെട്ടതെന്നാണ് വിശുദ്ധഗ്രന്ഥം വിവരിക്കുന്നത്. അതുകൊണ്ടാണ് തിരുസ്സഭ, തൊഴിലിനെ ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിലുള്ള മനുഷ്യന്റെ പങ്കുചേരലായി വിശദീകരിക്കുന്നത്. 'നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കുക' (ഉത്പ 3:19) എന്ന ദൈവകല്പന വിശുദ്ധ പൗലോസ് അപ്പോസ്തലൻ പുനരാവിഷ്കരിക്കുന്നതാണ് 'അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ' (2 തെസ 3:10) എന്ന വചനഭാഗം. തൊഴിലിനു അത്രയേറെ പ്രാധാന്യം ക്രൈസ്തവ ദർശനത്തിലുണ്ട്.

3. കുടുംബത്തെക്കുറിച്ചുള്ള സിനഡിനായി ആഗോളതിരുസ്സഭ ഒരുങ്ങുന്ന ഈ വേളയിൽ തൊഴിലാളികളുടെ കുടുംബജീവിതത്തിന് തിരുസ്സഭ വലിയ പ്രാധാന്യം നൽകുന്നുണ്ട്. കഴിഞ്ഞ ഒരുവർഷക്കാലമായി തിരുസ്സഭയെ നയിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ പ്രബോധനങ്ങളും ജീവിത സാക്ഷ്യവും വലിയ സ്വാധീനമാണ് സമൂഹത്തിൽ ഉളവാക്കിക്കൊണ്ടിരിക്കുന്നത്. ദരിദ്രരും നിന്ദിതരും നിരാലംബരുമായ ജനവി

ഭാഗങ്ങളോടുള്ള അതിരറ്റ അനുകമ്പ, സമ്പത്തിന്റെയും ഭൗതിക സുഖഭോഗങ്ങളുടെയും പിന്നാലെ പരക്കംപായുന്ന ലോകത്തിനെതിരേ ഉയർത്തുന്ന വിമർശനങ്ങൾ, ലാളിത്യവും വിനയവും നിറഞ്ഞ ജീവിതശൈലി എന്നിവ വഴി ലോകമനഃസാക്ഷിയുടെ മുന്നിൽ ചോദ്യങ്ങളുയർത്തുകയാണ് പാപ്പാ.

4. ഈയിടെ മാർപാപ്പാ പുറത്തിറക്കിയ 'സുവിശേഷത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക ആഹ്വാനം ലോകമെങ്ങും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രാന്തവത്കരിക്കപ്പെട്ടവരുടെ വികസനത്തിനും ശക്തീകരണത്തിനും വിമോചനത്തിനുമുള്ള പ്രവർത്തനങ്ങൾ സുവിശേഷവത്കരണത്തിന്റെ അവിഭാജ്യഘടകമായി പാപ്പാ വിശദീകരിക്കുന്നുണ്ട്. പ്രവാചകതീക്ഷ്ണതയോടെയാണ് പാപ്പാ സമകാലികസമൂഹത്തെ വിലയിരുത്തുന്നത്. വികസനത്തിൽനിന്നും തഴയപ്പെട്ടവരെ പാപ്പാ വിവരിക്കുന്നതിങ്ങനെയാണ്: "ഇന്ന് എല്ലാ കാര്യങ്ങളും മത്സരത്തിന്റെയും പ്രബലരുടെ അതിജീവനത്തിന്റെയും നിയമങ്ങൾക്ക് കീഴിലായിരിക്കുന്നു. അവിടെ ബലവാന്മാർ ദുർബലരെ തിന്നു കൊഴുക്കുന്നു. അതിന്റെ അനന്തരഫലമായി ജനസമൂഹങ്ങൾ ഒഴിവാക്കപ്പെട്ടവരായും പാർശ്വവത്കരിക്കപ്പെട്ടവരായും മാറുന്നു. അവർക്ക് ജോലിയില്ല, സാദ്ധ്യതകളില്ല, രക്ഷപ്പെടാൻ മാർഗ്ഗമില്ല. ഉപയോഗിച്ചിട്ടു വലിച്ചെറിയേണ്ട ഉപഭോഗവസ്തുവായി മനുഷ്യൻ കരുതപ്പെടുന്നു. നാം ഒരു വലിച്ചെറിയൽ സംസ്കാരം സൃഷ്ടിച്ചിരിക്കുന്നു. ഇത് കേവലം ചൂഷണത്തിന്റെയും ഞെരുങ്ങലിന്റെയും പ്രശ്നമല്ല. ......ഒഴിവാക്കപ്പെട്ടവർ സമൂഹത്തിന്റെ അടിത്തട്ടിലോ അതിരുകളിൽ പോലുമോ ഉള്ളവരാകുന്നില്ല. അവകാശങ്ങളില്ലാത്തവരിൽപ്പോലും ഉൾപ്പെടുന്നില്ല. അവർ സമൂഹത്തിന്റെ ഒരു ഭാഗമേ അല്ല. ഒഴിവാക്കപ്പെട്ടവർ ചൂഷിതരല്ല, പിന്നയോ സമൂഹഭ്രഷ്ടരാണ്, തള്ളിക്കളയപ്പെട്ടവരാണ്" (ഖണ്ഡിക53).

5. അതുപോലെതന്നെ സമകാലികസമൂഹത്തെ ബാധിച്ചിരിക്കുന്ന മനോഭാവമാറ്റത്തെയും അതിന്റെ കാരണങ്ങളെയും പ്രത്യാഘാതങ്ങളെയും പാപ്പാ വിവരിക്കുന്നുണ്ട്: "മറ്റുള്ളവരെ ഒഴിവാക്കുന്ന ജീവിതശൈലി നിലനിറുത്താൻ അല്ലെങ്കിൽ സ്വാർത്ഥം നിറഞ്ഞ

ആദർശത്തിനുവേണ്ടിയുള്ള ആവേശം നിലനിറുത്താൻ നിസ്സംഗ തയുടെ ഒരു ആഗോളവത്കരണം വികസിച്ചു വന്നിരിക്കുന്നു. അതി നെപ്പറ്റി ബോധവാന്മാരാകാതെ തന്നെ നമ്മൾ ദരിദ്രരുടെ വിലാ പത്തിൽ സഹതാപം തോന്നാൻ കഴിയാത്തവരും, മറ്റുള്ളവരുടെ വേദനയിൽ കരയാനാകാത്തവരും, അവരെ സഹായിക്കുക ആവ ശ്യമാണെന്ന് തോന്നാത്തവരും ആയിത്തീർന്നിരിക്കുന്നു. അതെല്ലാം നമ്മുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യങ്ങളല്ലെന്നും മറ്റുള്ളവരുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യങ്ങളാണെന്നും നാം ധരിച്ചിരിക്കുന്നു. സമൃദ്ധിയുടെ സംസ്കാരം നമ്മെ മയക്കത്തി ലാക്കിയിരിക്കുന്നു" (ഖണ്ഡിക 54).

6. "ഈ അവസ്ഥയുടെ ഒരു ഹേതു പണത്തോടുള്ള നമ്മുടെ ബന്ധ മാണ്. കാരണം നമ്മുടെമേലും സമൂഹത്തിന്റെമേലും പണത്തി നുള്ള ആധിപത്യം നമ്മൾ ശാന്തരായി സ്വീകരിച്ചിരിക്കുന്നു" (ഖ ണ്ഡിക 55). "ന്യൂനപക്ഷത്തിന്റെ സമ്പാദ്യം അസൂയാർഹമാംവിധം വളരുമ്പോൾ സന്തുഷ്ടരായ ഇക്കൂട്ടരുടെ ഐശ്വര്യത്തിനും ബഹു ഭൂരിപക്ഷത്തിന്റെ സമ്പാദ്യത്തിനുമിടയിലുള്ള വിടവ് ഉത്തരോ ത്തരം വികസിച്ചു വരികയാണ്" (ഖണ്ഡിക 56).

7. ദരിദ്രരുടെ വികസനം ബാഹ്യതലസ്പർശിമാത്രമാകാതെ സമ ഗ്രമായിരിക്കണമെന്ന് പാപ്പാ പഠിപ്പിക്കുന്നു. തൊഴിലിനും കൂലിക്കും സമൂഹത്തിന്റെ വികസനത്തിലുള്ള സ്ഥാനം അർത്ഥ ശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ പാപ്പാ വിവരിക്കുന്നു. "എല്ലാ ജനങ്ങളുടെയും പോഷണം ഉറപ്പുവരുത്തുന്നതിനെക്കുറിച്ചോ അവരെ മഹത്ത്വപൂർണ്ണമായി താങ്ങിനിറുത്തുന്നതിനെ സംബന്ധിച്ചോ മാത്രമല്ല, പിന്നെയോ അവരുടെ ഭൗതികക്ഷേമ ത്തെയും ഐശ്വര്യത്തെയും കുറിച്ചാണ് നാം സംസാരിക്കുന്നത്. ഇതിന്റെ അർത്ഥം അവർക്ക് വിദ്യാഭ്യാസവും ചികിത്സാസൗക ര്യവും സർവോപരി തൊഴിലും ലഭിക്കണമെന്നതാണ്. എന്തെ ന്നാൽ സ്വതന്ത്രവും സർഗ്ഗാത്മകവും ഭാഗഭാഗിത്വമുള്ളതും പര സ്പരം പിന്താങ്ങുന്നതുമായ തൊഴിലിലൂടെയാണ് മനുഷ്യർ തങ്ങ ളുടെ മഹത്ത്വം പ്രകാശിപ്പിക്കുന്നതും ഉയർത്തുന്നതും. നമ്മുടെ പൊതു ഉപയോഗത്തിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള മറ്റു സകല

വസ്തുക്കളും പര്യാപ്തമായി നേടാൻ നീതിപൂർവ്വകമായ കൂലി അവർക്ക് കഴിവ് നൽകും" (ഖണ്ഡിക 192). "വിപണിയുടെ അദൃശ്യശക്തികളെയും അദൃശ്യകരത്തെയും നമുക്കിനി ഒട്ടും വിശ്വസിക്കാനാവില്ല. നീതിയിലുള്ള വളർച്ചയ്ക്ക് സാമ്പത്തികവളർച്ച മുൻകൂട്ടി വേണമെങ്കിലും അതിനെക്കാൾ കൂടുതൽ പലതും ആവശ്യമാണ്. വരുമാനത്തിന്റെ കൂടുതൽ നല്ലവിതരണം, തൊഴിലിലുള്ള ഉറവിടങ്ങളുടെ സൃഷ്ടി, ലളിതമായ ക്ഷേമമനോഭാവത്തിനപ്പുറം പോകുന്നതും ദരിദ്രർക്കുവേണ്ടിയുള്ളതുമായ സമഗ്രവളർച്ച എന്നിവയിലേക്ക് പ്രത്യേകമായി തിരിച്ചുവിട്ടിട്ടുള്ള തീരുമാനങ്ങളും കർമ്മപരിപാടികളും യാന്ത്രിക സംവിധാനങ്ങളും പ്രക്രിയകളും അതിന് ആവശ്യമാണ്. ഉത്തരവാദിത്വബോധമില്ലാത്ത ജനപ്രീതിവാദം നിർദ്ദേശിക്കുന്നതിൽ നിന്ന് ഞാൻ വളരെ അകലെയാണ്. പക്ഷേ, പുതിയ വിഷയമായിരിക്കുന്ന പരിഹാരമാർഗ്ഗങ്ങളിലേക്ക് സാമ്പത്തികതയ്ക്ക് ഇനി ഒട്ടും തിരിയാൻ സാധ്യമല്ല. തൊഴിൽശക്തി കുറച്ചുകൊണ്ട് ലാഭം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും അങ്ങനെ പുറംതള്ളപ്പെട്ടവരുടെ നിര വർദ്ധിപ്പിക്കുകയും ചെയ്യുന്നത് അത്തരത്തിലുള്ള പരിഹാരമാർഗ്ഗമാണ്" (ഖണ്ഡിക 204).

8. കേരളത്തിലെ ചെറുകിട കർഷകരുൾപ്പെടെയുള്ള അസംഘടിത തൊഴിലാളികൾ വലിയ പ്രതിസന്ധിയിലാണ്. പരിസ്ഥിതിയുടെ പേരിൽ ഇരകളാകുന്ന മലയോരവാസികളിലും തീരദേശവാസികളിലും പെട്ടവരുടെ അവസ്ഥ ദയനീയം തന്നെ. ചില സ്ഥാപിതതാത്പര്യങ്ങളാണിതിന്റെ പിന്നിൽ. എല്ലാവരും ഒരുമിച്ച് ഇതിനെ ചെറുത്തുതോല്പിക്കാൻ തയ്യാറാവണം.

9. സേവനമേഖലയിൽ തൊഴിൽചെയ്യുന്ന ചില വിഭാഗം അസംഘടിത സ്ത്രീത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പ്രബുദ്ധരായ കേരളസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കേരളത്തിൽ വളർന്നുവരുന്ന നഗരവത്കരണത്തിന്റെ ഭാഗമായി വൻകിട കച്ചവടസ്ഥാപനങ്ങളും മാളുകളും അനുദിനം വർദ്ധിച്ചുവരികയാണ്. സ്ത്രീത്തൊഴിലാളികളാണ് ഈ രംഗത്ത് ജോലിചെയ്യുന്നവരിൽ ഭൂരിപക്ഷവും. താരതമ്യേന ദരിദ്രകുടും

ബങ്ങളിൽനിന്നും വരുന്നവരാണിവർ. കടുത്ത ചൂഷണവും വിവേചനവും ഈ രംഗത്ത് ഉണ്ടെന്നാണ് പല പഠനങ്ങളും വെളിവാക്കുന്നത്. ഷോപ്പ്സ് ആൻഡ് കോമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് പോലുള്ള നിയമങ്ങൾ വേണ്ടവിധത്തിൽ നടപ്പാക്കപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ആക്റ്റിൽ പറയുന്ന വേതന സേവനവ്യവസ്ഥകൾ, വിശ്രമം, അവധി, ഓവർടൈം വേതനം തുടങ്ങിയ സൗകര്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല എന്നതാണ് പഠനങ്ങൾ കാണിക്കുന്നത്.

10. മറ്റൊരു മേഖലയെക്കൂടി ചർച്ചയ്ക്ക് വിധേയമാക്കട്ടെ. അൺഎയ്ഡഡ് സ്കൂളുകളും സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളുമാണവ. ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ സ്ത്രീജനങ്ങൾ തൊഴിൽചെയ്യുന്ന മേഖലയാണിത്. ഇവരുടെ സേവനവേതനവ്യവസ്ഥകളുമായി ബന്ധപ്പെട്ടു ചില പരിമിതമായ നിയമങ്ങളും ചട്ടങ്ങളും മാത്രമേ ഉള്ളൂവെങ്കിലും അതുപോലും നടപ്പിലാക്കാൻ പല മാനേജ്മെന്റുകളും തയ്യാറാകുന്നില്ല. പലർക്കുമെതിരേ മനുഷ്യത്വരഹിതമായ ശിക്ഷണനടപടികൾ സ്വീകരിക്കുക പതിവാണെന്ന ആക്ഷേപവും വ്യാപകമാണ്.

11. ഈ രണ്ടു മേഖലകളിലും നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരിച്ച് സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അനേകമുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നാൽ പരിഷ്കൃതസമൂഹത്തിനും രാജ്യത്തെ നിയമങ്ങൾക്കും സാമൂഹികനീതിക്കും എതിരായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കാണാതെ പോകുന്നത് നീതിയല്ല. മൂലധനത്തെക്കാൾ പ്രാധാന്യം തൊഴിലാളികൾക്ക് നല്കണമെന്നതാണ് സഭയുടെ സാമൂഹികപ്രബോധനം. ഇക്കാര്യത്തിൽ വളരെ നിശിതമായ നിലപാടാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ സ്വീകരിച്ചിട്ടുള്ളത്. രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച് ജീവനക്കാരുടെ അവകാശങ്ങളും അന്തസ്സും അഭിമാനവും സംരക്ഷിച്ചുകൊണ്ട് വർദ്ധിത ഗുണനിലവാരത്തോടെ വ്യാപാരസ്ഥാപനങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും നടത്തിക്കൊണ്ടുപോകാൻ തയ്യാറാവണമെന്ന് ഉടമകളോടും മാനേജ്മെന്റുകളോടും അഭ്യർത്ഥിക്കുന്നു.

12. നിയമങ്ങൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം സർക്കാരിന്റേതാണെന്ന കാര്യം വിസ്മരിക്കരുത്. നിയമങ്ങൾ രൂപപ്പെടുത്തിയാൽ മാത്രം പോരാ, തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള മേൽനോട്ടസംവിധാനങ്ങൾ എത്രയും വേഗം സർക്കാർ രൂപപ്പെടുത്തണം.

13. 'റേരും നോവാരും' മുതൽതന്നെ തൊഴിലാളിസംഘാടനത്തിന്റെ ആവശ്യകത തിരുസ്സഭ ആഹ്വാനം ചെയ്യുന്നുണ്ട്. (സത്യത്തിൽ സ്നേഹം 25). പാർശ്വവത്കരിക്കപ്പെട്ടിട്ടുള്ള അസംഘടിതതൊഴിലാളികളുടെ സംഘാടനത്തിന് കേന്ദ്രട്രേഡ് യൂണിയനുകളും വേണ്ടപോലെ താത്പര്യമെടുക്കുന്നില്ലായെന്നതാണ് സത്യം. വിശാലമായ തൊഴിലാളി താത്പര്യങ്ങൾക്ക് പകരം രാഷ്ട്രീയകക്ഷികളുടെ പോഷകസംഘടനകളായി മാത്രം ഇവ ചുരുങ്ങുന്നുണ്ടോ എന്ന് പരിശോധിക്കണം.

14. അതുപൊലെതന്നെ കേരളം അതീവഗൗരവത്തോടെ ശ്രദ്ധകൊടുക്കേണ്ട ഒരു മേഖലയാണ് അന്യസംസ്ഥാനതൊഴിലാളികളുടേത്. ഇരുപത്തിയഞ്ച് ലക്ഷത്തിൽപ്പരം അന്യസംസ്ഥാനതൊഴിലാളികൾ കേരളത്തിലുണ്ടെന്നാണ് സർക്കാരിന്റെ കണക്കുകൾ പറയുന്നത്. ഈ വിഭാഗം തൊഴിലാളികളുടെ ജീവിതാവസ്ഥ വളരെ ശോചനീയമാണ്. നിലവാരമില്ലാത്ത വാസസ്ഥലം, കുറഞ്ഞ കൂലി, അസുരക്ഷിതവും അനാരോഗ്യകരവുമായ തൊഴിൽ സ്ഥലം, ചൂഷണം എന്നിവ അന്യസംസ്ഥാനതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളാണ്. മലയാളികളുടെ വിവേചനപരമായ മനോഭാവവും പ്രശ്നംതന്നെയാണ്. ഇക്കാര്യത്തിലും സംസ്ഥാനസർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകൾ അനിവാര്യമാണ്. മാനുഷികമായ പരിഗണന ഇവർക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ സന്നദ്ധസംഘടനകളും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

15. നമ്മുടെ രാഷ്ട്രം ഒരു പൊതുതിരഞ്ഞെടുപ്പിന്റെ പ്രക്രിയയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രപിതാവ് മഹാത്മഗാന്ധിജിയും മറ്റു സ്വാതന്ത്ര്യസമരസേനാനികളും സ്വപ്നംകണ്ടതും ഭരണഘടന വിഭാവനം ചെയ്യുന്നതുമായ സാമൂഹികനീതിയു

ടെയും സാഹോദര്യത്തിന്റെയും തലങ്ങളിലേക്ക് രാഷ്ട്രത്തെ നയിക്കാൻ പ്രാപ്തിയുള്ള ഒരു സർക്കാർ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനു തൊഴിലാളികൾ മുൻകൈയെടുക്കണം. 2011-ലെ സ്ഥിതി വിവരക്കണക്കനുസരിച്ച് 48.767 കോടി തൊഴിലാളികളാണ് ഇന്ത്യയിൽ ഉള്ളത്. ഇവരിൽ 93 ശതമാനംപേരും തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, നിയമപരിരക്ഷ എന്നിവ ലഭിക്കാത്ത അസംഘടിത തൊഴിലാളികളാണ്. നമ്മുടെ രാഷ്ട്രപുരോഗതിക്ക് നേതൃത്വം നൽകുന്ന ഇവരുടെ വളർച്ചയ്ക്കുള്ള പദ്ധതികൾ പുതിയ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കണം. അന്താരാഷ്ട്ര തൊഴിൽ സംഘടനയിൽ ഇന്ത്യ അംഗമാണെന്നിരിക്കെ ഐഎൽഒ യുടെ പല കൺവെൻഷനുകളും ഭാരതസർക്കാർ ഇന്നും പ്രാബല്യത്തിലാക്കിയിട്ടില്ല എന്നത് ഖേദകരമാണ്. ഗാർഹികതൊഴിലാളികൾക്ക് വേണ്ടിയുള്ള 189-ാം നമ്പർ കൺവെൻഷൻ ഉൾപ്പെടെ എല്ലാം എത്രയുംവേഗം പ്രാബല്യത്തിലാക്കുക എന്നതാണ് പുതിയ കേന്ദ്രസർക്കാരിന്റെ മുന്നിലുള്ള ചുമതല.

16. കെസിബിസി തൊഴിൽകാര്യകമ്മീഷന്റെ ഔദ്യോഗിക സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സാമൂഹിക സന്നദ്ധസംഘടനയാണിത്. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും വേണ്ടി പ്രവർത്തിക്കുന്ന കെഎൽഎം-ന്റെ നേതൃത്വത്തിൽ കെട്ടിടനിർമ്മാണതൊഴിലാളികൾ, ഗാർഹികതൊഴിലാളികൾ, തയ്യൽതൊഴിലാളികൾ, ചെറുകിടതോട്ടം തൊഴിലാളികൾ, കർഷകതൊഴിലാളികൾ, മോട്ടോർവാഹനതൊഴിലാളികൾ എന്നിവർക്കായി ആറു തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. മത്സ്യതൊഴിലാളികൾ, പീടികതൊഴിലാളികൾ എന്നിവർക്കുവേണ്ടിയുള്ള രണ്ട് തൊഴിലാളി ഫോറങ്ങൾ ഈ വർഷം പ്രവർത്തനം തുടങ്ങുന്നതാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ സാമൂഹിക സുരക്ഷാപദ്ധതികൾ തൊഴിലാളികളെ അംഗങ്ങളാക്കാൻ കെഎൽഎം മുൻകൈയെടുത്തു പ്രവർത്തിച്ചുവരുന്നു. ധാരാളം തൊഴിലാളികളെ കേന്ദ്രസർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പെൻഷൻ പദ്ധതിയിലും അപകട ഇൻഷൂറൻസ് പദ്ധതിയിലും അംഗങ്ങളാക്കി മാറ്റാനും ആനുകൂല്യങ്ങൾ നേടിക്കൊ

ടുക്കാനും കെഎൽഎം-ന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ സംസ്ഥാനസർക്കാരിന്റെ നേതൃത്വത്തിലുള്ള വിവിധ തൊഴിലാളിക്ഷേമപദ്ധതികളിലും തൊഴിലാളികളെ അംഗങ്ങളാക്കാൻ സാധിച്ചു.

17. കേരള കത്തോലിക്കാമെത്രാൻസമിതിയുടെ (കെസിബിസി) നിർദ്ദേശാനുസരണം സഭാസ്ഥാപനങ്ങളിലെ ശുശ്രൂഷികൾക്കും ജീവനക്കാർക്കുമായി കെഎൽഎം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹികസുരക്ഷാ പദ്ധതിക്ക് അനുകൂലമായ പ്രതികരണമാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാൻ അതിയായ സന്തോഷമുണ്ട്. എന്നാൽ, ഈ സാമൂഹിക സുരക്ഷാപദ്ധതിയുടെ ഗുണഭോക്താക്കളാകാത്ത നിരവധി സ്ഥാപനങ്ങൾ ഇനിയും ഉണ്ടെന്നു മനസ്സിലാക്കുന്നു. 2014 വർഷത്തിൽ തന്നെ എല്ലാ സഭാജീവനക്കാരിലേക്കും 'കെഎൽഎം സുരക്ഷ' വ്യാപിപ്പിക്കണം എന്നാണ് ആഗ്രഹിക്കുന്നത്. അതിനായി ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

18. കേരള കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ തൊഴിൽചെയ്യുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾക്ക് ഐക്യരൂപം ഉണ്ടാകുന്നതിനുള്ള പീപ്പിൾ മാനേജ്മെന്റ് പോളിസി (പിഎംപി) 2013 ഒക്ടോബർ 25 -നു കെസിബിസി പ്രാബല്യത്തിൽ വരുത്തുകയുണ്ടായി. ഈ നയരേഖ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. ഇതു മൂലം സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഗുണനിലവാരം മെച്ചപ്പെടുന്നതാണ്. പിഎംപി നടപ്പിലാക്കുന്നതിനായി വേണ്ട സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും രൂപതകൾക്കും സന്ന്യാസസമൂഹങ്ങൾക്കും ലഭ്യമാക്കുന്നതിനായി കെസിബിസി ചുമതലപ്പെടുത്തിയിരിക്കുന്നത് കേരള ലേബർ മൂവ്മെന്റിനെയാണ്. കെഎൽഎം-ന് വേണ്ട എല്ലാ പിന്തുണയും നൽകുവാൻ ബന്ധപ്പെട്ടവരോട് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

19. കത്തോലിക്കാസഭയുടെ എല്ലാ സാമൂഹിക ശുശ്രൂഷകളെയുംപോലെ കെഎൽഎം-ന്റെ പ്രവർത്തനവും ജാതിമതങ്ങൾക്കതീതമായി എല്ലാ വിഭാഗം തൊഴിലാളികളെയും ലക്ഷ്യം വച്ചുകൊണ്ടുള്ള

താകുന്നു. കെഎൽഎം-ന്റെയും തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലേക്കും വ്യാപിപ്പിക്കുകയും ശക്തമാക്കുകയും വേണം. അസംഘടിത തൊഴിലാളികളുടെ സേവനത്തിനായി എറണാകുളത്ത് കെഎൽഎം-ന്റെ നേതൃത്വത്തിൽ വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാരിൽനിന്നും അസംഘടിത തൊഴിലാളികൾക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ കെഎൽഎം-ന്റെ ഒത്താശയോടെ അവർക്ക് ലഭ്യമാക്കാൻ പരിശ്രമിക്കണം.

20. കെഎൽഎം-ന്റെ സംസ്ഥാനതലപ്രവർത്തനങ്ങൾക്കായി ഈ വർഷം ഒരു ഫണ്ട് ശേഖരണം നടത്തുന്നുണ്ട്. ഇതിന്റെ വിജയത്തിനായി എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

21. മേയ്ദിനത്തോടനുബന്ധിച്ച് ഇടവകകളിൽ തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ദിവ്യബലി, സെമിനാറുകൾ എന്നിവ നടത്തുന്നത് ഉചിതമായിരിക്കും. തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. ഒരിക്കൽക്കൂടി എല്ലാവർക്കും അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ബിഷപ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**

വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

നമ്മുടെ അതിരൂപതയിൽ ഈ വർഷം മെയ് 1-ാം തിയ്യതി തൊഴിലാളി ദിനത്തോടനുബന്ധിച്ചുള്ള പരിപാടികൾ നടക്കുന്നത് കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ നടത്തറ ഇടവകയിലെ ഹോണസ്റ്റ് ബിൽഡിംഗ് മെറ്റീരിയൽസ് കമ്പനിയിലാണ്. രാവിലെ 9 മണിക്ക് നടത്തറ കെസ്സ് ഭവനിൽ നിന്നും ആരംഭി

ക്കുന്ന തൊഴിലാളി റാലിയിലും തുടർന്ന് മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ തൊഴിലാളികൾക്കുവേണ്ടി പ്രത്യേകം അർപ്പിക്കുന്ന ദിവ്യബലിയിലും പങ്കെടുക്കുവാൻ എല്ലാ തൊഴിലാളികളേയും ഞാൻ ആഹ്വാനം ചെയ്യുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

+ Andrews Thazhath

NB: 2014 ഏപ്രിൽ 27-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

**+AT**

798/2014 C-5
02.04.2014

# സർക്കുലർ

## മാർപ്പാപ്പമാരുടെ വിശുദ്ധപദവി പ്രഖ്യാപനം തൃശ്ശൂർ അതിരൂപത പരിപാടികൾ

സ്നേഹ ബഹു. വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ കൗസിലിന് ആരംഭം കുറിച്ച ജോൺ ഇരുപത്തിമൂന്നാമൻ പാപ്പായും തൃശ്ശൂർ സന്ദർശിച്ച ജോൺ പോൾ രണ്ടാമൻ പാപ്പയും വിശുദ്ധ പദവിയിലേക്ക് 2014 ഏപ്രിൽ 27ന് ഉയർത്തപ്പെടുകയാണ്. തൃശ്ശൂർ അതിരൂപതയ്ക്ക് പരി. പാപ്പമാരോട് വലിയ ബന്ധവും കടപ്പാടുമുണ്ടെന്ന കാര്യം സ്മരിക്കട്ടെ. 1986 ഫെബ്രുവരി 7ന് നടത്തിയ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ സന്ദർശനം തൃശ്ശൂരിന്റെ ആധ്യാത്മികവും ഭൗതികവുമായ വളർച്ചയിലെ കുതിച്ചുചാട്ടത്തിന് വലിയ കാരണമായി. ശക്തൻതമ്പുരാൻ നഗറിന്റെ വികസനം ഇതിനുദാഹരണമാണ്. പേപ്പൽ ടവറും പെരിങ്ങണ്ടൂരിലെ പീസ് ഹോമും ഇതിന്റെ സ്മരണകളായി നിലനില്ക്കുന്നു.

ഗാർഹികസഭയായ കുടുംബത്തിന് വലിയ പ്രാധാന്യം കൊടുത്ത പാപ്പമാരാണ് ജോൺ ഇരുപത്തിമൂന്നാമൻ പാപ്പയും ജോൺ പോൾ രണ്ടാമൻ പാപ്പയും. കുടുംബവിശുദ്ധീകരണം ലക്ഷ്യം വച്ചുകൊണ്ടു തന്നെയാണ് ഫ്രാൻസിസ് മാർപ്പാപ്പ 2014 വർഷത്തിൽ മെത്രാന്മാരുടെ പ്രത്യേക സിനഡ് വിളിച്ചു കൂട്ടിയിട്ടുള്ളത്. ആയതിനാൽ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പയും ജോ പോൾ രണ്ടാമൻ പാപ്പയും വിശുദ്ധരായി ഉയർത്തപ്പെടുന്നു ഏപ്രിൽ 27നോടനുബന്ധിച്ച് ഈ വിശുദ്ധർക്ക് ആദരവും സ്നേഹവും പ്രകടിപ്പിക്കാൻ തൃശ്ശൂർ അതിരൂപത വിവിധ പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നു. 27-ാം തീയതി എല്ലാ ഇടവകകളിലും ദൈവത്തിന് കൃതജ്ഞതയുടെ ബലിയർപ്പിക്കാനും കുടുംബങ്ങളുടെ സമർപ്പണം നടത്താനും ഞാൻ ആഹ്വാനം ചെയ്യു. സമർപ്പിത കുടുംബങ്ങളുടെ Legion of Apostolic Families (LOAF)

കൂട്ടായ്മയിലെ ഏതാനും കുടുംബങ്ങൾ അന്നേദിവസം ലൂർദ്ദ്പള്ളിയിൽ നടക്കുന്ന കുർബാന മധ്യേ നിത്യസമർപ്പണം നടത്തുന്നുണ്ട്. സാധിക്കുന്നത്ര ദമ്പതികളും കുടുംബാംഗങ്ങളും അന്നത്തെ കുർബാനയിൽ പങ്കുചേർന്ന് കുടുംബവിശുദ്ധീകരണസമർപ്പണം നടത്തണം.

അതിരൂപതാതല പരിപാടികളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു. ഏവരുടെയും സഹകരണവും പങ്കാളിത്തവും സാന്നിധ്യവും ക്ഷണിക്കുന്നു.

**26.04.2014 ശനി**

സ്ഥലം : പേപ്പൽ ടവർ, ശക്തൻ സ്റ്റാൻഡ്
സമയം : 5:30 pm
പ്രോഗ്രാം : വിളംബര ബൈക്ക് ജാഥ
സമാപനം : ലൂർദ്ദ് കത്തീഡ്രൽ
പങ്കെടുക്കേണ്ടവർ : വിവിധ യുവജനസംഘടനാംഗങ്ങൾ പ്രത്യേകമായി ലൂർദ്ദ് കത്തീഡ്രൽ, ബസിലിക്ക, കണ്ണംകുളങ്ങര പള്ളി എന്നിവിടങ്ങളിലെ യുവജനങ്ങൾ
കണ്ണംകുളങ്ങര പള്ളിയിൽ നിന്ന് വിശുദ്ധ കുരിശിന്റെ പ്രയാണം

**27.04.2014 ഞായർ**

സ്ഥലം : ലൂർദ്ദ് കത്തീഡ്രൽ
സമയം : 1:30 pm - 5:00 pm
പ്രോഗ്രാം :
1:30 pm -3:00 pm : ആരാധന (നേതൃത്വം അതിരൂപത കരിസ്മാറ്റിക് മൂവ്മെന്റ്)
പ്രഭാഷണം : റവ. ഡോ. പോളി പടയാട്ടി (ഇരിങ്ങാലക്കുട രൂപത)
വിഷയം – "ജോൺ പോൾ പാപ്പയും കുടുംബവും"
3:00 pm വി. കുർബാന
(മുഖ്യകാർമ്മികൻ – മാർ ആൻഡ്രൂസ് താഴത്ത്)
ലോഫ് സംഘടനാംഗങ്ങളുടെ വ്രതനവീകരണം
കുടുംബങ്ങളുടെ സമർപ്പണം

പങ്കെടുക്കേണ്ടവർ : ലൂർദ്ദ് ഫൊറോനയിലെ ഇടവകകളിൽ നിന്നും ബസിലിക്ക ഫൊറോനയിലെ ഇടവകകളിൽ നിന്നുള്ളവർ, ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്, ജോ പോൾ പ്രോ-ലൈഫ് മൂവ്മെന്റ്, അതിരൂപത പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും ഭാരവാഹികൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവക കൈക്കാരന്മാരുടെ പ്രതിനിധികൾ, കുടുംബസമ്മേളനയൂണിറ്റ് ഭാരവാഹികളിൽ നിന്ന് 2 പേർ

ഏപ്രിൽ 4 മുതൽ 10 വരെ ബസിലിക്ക പ്ലാറ്റിനം ജൂബിലി ഹാളിൽ പുസ്തകമേളയും സ്റ്റാമ്പ്-നാണയ പ്രദർശനവും സംഘടിപ്പിച്ചിരിക്കുന്നു.

വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന പരി. പാപ്പമാരുടെ മാധ്യസ്ഥ്യം നമുക്കു തേടാം. ഇവരുടെ മാധ്യസ്ഥ്യം വഴി നമ്മുടെ അതിരൂപത കൂടുതൽ അനുഗ്രഹീതമാകട്ടെ.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലറിലെ ആശയങ്ങൾ 2014 ഏപ്രിൽ 20-ാം തിയ്യതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ജനങ്ങളെ അറിയിക്കേണ്ടതാണ്. +AT

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| മെയ് | 1 | : തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ് |
| | 2 | : ആദ്യവെള്ളി<br>വി. അത്തനേഷ്യസ് |
| | 3 | : വി. പീലിപ്പോസും യാക്കോബും ശ്ലീഹന്മാർ |
| | 4 | : **ഉയിർപ്പ് മൂന്നാം ഞായർ** |
| | 6 | : വി. ഡൊമിനിക് സാവിയോ |
| | 11 | : **ഉയിർപ്പ് നാലാം ഞായർ** |
| | 14 | : വി. മത്തിയാസ് ശ്ലീഹ |
| | 18 | : **ഉയിർപ്പ് അഞ്ചാം ഞായർ** |
| | 25 | : **ഉയിർപ്പ് ആറാം ഞായർ** |
| | 30 | : ന. ക. സ്വർഗ്ഗാരോഹണം |
| | 31 | : പരി. കന്യകാമറിയത്തിന്റെ സന്ദർശനം<br>വി. ജസ്റ്റിൻ |

**2. മെയ് മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 01 | | മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും മെത്രാഭിഷേകദിനം |
| 02 | 07.30 pm | സാമ്പത്തികസമിതി യോഗം |
| 20 | | അതിരൂപതാദിനം |
| 29 | 10.00 am - 02:00pm | ആലോചനസമിതി യോഗം |

**3. മെത്രാഭിഷേക വാർഷികം:**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മെത്രാഭിഷേക വാർഷിക ദിനമാണ് മെയ് 1. അന്നേ ദിനം അഭിവന്ദ്യപിതാക്കന്മാർക്കുവേണ്ടി വി. കുർബാനമദ്ധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. അഭിവന്ദ്യപിതാക്കന്മാർക്ക് അതിരൂപതയുടെ പ്രാർത്ഥനാപൂർണ്ണമായ ആശംസകൾ നേരുന്നു.

**4. വൈദികവസ്ത്ര സ്വീകരണം**

അതിരുപതയ്ക്കുവേണ്ടി വിവിധ സ്ഥാപനങ്ങളിലും ഇടവകകളിലും പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ 7 വൈദിക വിദ്യാർത്ഥികൾ മെയ് 10 ന് ഉച്ചകഴിഞ്ഞ് 2:30 ന് മൈനർ സെമിനാരിയിൽ വച്ച് വൈദിക വസ്ത്രം സ്വീകരിക്കുന്നതാണ്. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടി മുന്നോട്ട് കടക്കുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു. ഇവർക്കു വേണ്ടി പ്രാർത്ഥിക്കുമല്ലോ.

1. ചിറ്റിലപ്പിള്ളി സെബാസ്റ്റ്യൻ (ഷെൽറ്റൻ) വടക്കൻ പുതുക്കാട്
2. പൊന്തേക്കൻ ദേവസ്സി (ജോമോൻ) വരന്തരപ്പിള്ളി പള്ളിക്കുന്ന്
3. പുളിക്കൻ ആന്റണി (സിജു) അരണാട്ടുകര
4. പുലിക്കോടൻ റാഫേൽ (റെനാൾഡ്) ഏയ്ഞ്ചൽ നഗർ, ഒല്ലൂർ
5. പുത്തൂർ തോമസ് (ലിയോ) പെരിഞ്ചേരി
6. വടുക്കൂട്ട് ആന്റണി (സനീഷ്) മറ്റം
7. വാഴപ്പിള്ളി വർഗ്ഗീസ് (വിനോയ്) വെള്ളറക്കാട്

**6. ജൂബിലി ആഘോഷിക്കുന്ന വൈദികർ :**

രജത ജൂബിലി ആഘോഷിക്കുന്ന ഫാ. ഫ്രാൻസിസ് അറയ്ക്കൽ, ഫാ. ഷാജൻ തേർമഠം, ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ, ഫാ. വർഗ്ഗീസ് തരകൻ, ഫാ. ജോസ് എടക്കളത്തൂർ, ഫാ. പോൾസൺ പാലത്തിങ്കൽ, ഫാ. ജോസ് കോനിക്കര ജൂനിയർ എന്നിവർക്കും സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മോൺ. ജോർജ്ജ് അക്കര, ഫാ. ജോസ് ആലപ്പാട്ട്, ഫാ. ജേക്കബ് ചിറയത്ത്, ഫാ, ചാക്കോ പാറയിൽ എന്നിവർക്കും ജൂബിലിയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**7. പാലയൂർ മഹാതീർത്ഥാടനം :**

ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം വിശ്വാസികളുടെ സാന്നിധ്യം കൊണ്ടും പ്രാർത്ഥനകൾ കൊണ്ടും വളരെ ശ്രദ്ധേയമായി. തീർത്ഥാടനവിജയത്തിനായി വളരെ ചിട്ടയായ ക്രമീകരണങ്ങൾ ചെയ്തിരുന്നു. ജനറൽ കൺവീനർ ഫാ. ജോൺസൻ ഐനിക്കൽ, പാലയൂർ തീർത്ഥകേന്ദ്രം റെക്ടർ ഫാ. ജോൺ അയ്യങ്കാനയിൽ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച എല്ലാവർക്കും വിവിധ കമ്മറ്റിയംഗങ്ങൾക്കും മറ്റു സഹായസഹകരണങ്ങൾ നൽകിയവർക്കും പ്രത്യേകിച്ച് എല്ലാ ബഹു. വൈദികർക്കും പ്രത്യേക നന്ദി.

**8. മാംസവർജ്ജനത്തിൽ നിന്ന് ഒഴിവ് :**

2014 ആഗസ്റ്റ് 15 (സ്വർഗാരോപണ തിരുനാളും ഭാരത സ്വാതന്ത്ര്യദിനവും) വെള്ളിയാഴ്ച ആയതിനാൽ അന്നേ ദിവസം മാംസവർജ്ജനത്തിൽ നിന്ന് ഒഴിവുണ്ടായിരിക്കും.

**9. വൈദികരുടെ വാർഷികധ്യാനം :**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനത്തിൽ കരിസ്മാറ്റിക് ധ്യാനബാച്ചിൽ സംബന്ധിക്കണമെന്ന് ആഗ്രഹിക്കുന്ന വൈദികർ 2014 മെയ് 15ന് മുമ്പ് അതിരൂപതാകാര്യാലയത്തിൽ പേര് നൽകേണ്ടതാണ്.

**10. വൈദികനിയമനം :**

| | |
|---|---|
| 1. ഫാ. ജോസഫ് കണ്ണനായ്ക്കൽ SDV | – സഹവികാരി നടത്തറ; മനക്കൊടി ഒഴിവായി, സാധുത 2014 മാർച്ച് 03 മുതൽ. |
| 2. ഫാ. ആന്റണി കുരുതുകുളങ്ങര | – ലോക്കൽ മാനേജർ തിരുവില്ല്വാമല & തൊഴുപ്പാടം എസ്റ്റേറ്റ്, സാധുത 2014 ഫെബ്രുവരി 05 മുതൽ. |
| 3. ഫാ. ബാബു അപ്പാടൻ | – വികാരി ഏങ്ങണ്ടിയൂർ; സഹായി ആബാ റിന്യൂവൽ സെന്റർ & പുല്ലം കണ്ടം ഒഴിവായി; സാധുത 2014 മാർച്ച് 24 മുതൽ. |
| 4. ഫാ. ലിറിൽ തളിയപറമ്പിൽ | – വികാരി ഏങ്ങണ്ടിയൂർ & കപ്ലോൻ ഇൻഫന്റ് ജീസസ് എഫ്. സി. ഒഴിവായി; സാധുത 2014 മാർച്ച് 24 മുതൽ. |
| 5. ഫാ. ബാബു അപ്പാടൻ | – കപ്ലോൻ ഇൻഫന്റ് ജീസസ് എഫ്. സി.; സാധുത 2014 മാർച്ച് 24 മുതൽ. |
| 6. മോൺ. ജോർജ്ജ് കോമ്പാറ | – ചെയർമാൻ സാന്ത്വനം; സാധുത 2014 ഫെബ്രുവരി 05 മുതൽ. |
| 7. ഫാ. ലൂവീസ് എടക്കളത്തൂർ | – ഡയറക്ടർ സാന്ത്വനം; എക്സിക്യൂട്ടീവ് ചെയർമാൻ സാന്ത്വനം, ചെയർമാൻ സ്വിഫ്റ്റ്, ഡയറക്ടർ സോഷ്യൽ സെന്റർ ഹൗസിംഗ് എന്നിവ ഒഴിവായി; സാധുത 2014 ഫെബ്രുവരി 05 മുതൽ. |
| 8. ഫാ. തോമസ് പൂപ്പാടി | – സെക്രട്ടറി സാന്ത്വനം; സെക്രട്ടറി & ട്രഷറർ സാന്ത്വനം ട്രസ്റ്റ്, അസോസിയേറ്റ് ഡയറക്ടർ സോഷ്യൽ ആക്ഷൻ, ഡയറക്ടർ സോഷ്യൽ സെന്റർ ഹൗസിംഗ്, വൈസ് ചെയർമാൻ |

സ്വിഫ്റ്റ് എന്നിവ ഒഴിവായി; സാധുത 2014 ഫെബ്രുവരി 05 മുതൽ.

9. ഫാ. അബി താണിക്കൽ CMI – സഹായി പാലക്കൽ; പുതുശ്ശേരി ഒഴിവായി, സാധുത 2014 മാർച്ച് 31 മുതൽ.

10. ഫാ. ബാബു ചേലപ്പാടൻ – പ്രഥമവികാരി ചിയ്യാരം വിജയമാത, സാധുത 2014 ഏപ്രിൽ 02 മുതൽ.

11. ഡീ. അനീഷ് ആലുങ്കൽ – ഡീക്കൻ മിനിസ്ട്രി അരണാട്ടുകര, സാധുത 2014 ഏപ്രിൽ 01 മുതൽ.

12. ഡീ. ജോസഫ് പുളിക്കപ്പടവിൽ MSJ – ഡീക്കൻ മിനിസ്ട്രി ചേർപ്പ്, സാധുത 2014 ഏപ്രിൽ 01 മുതൽ.

13. ഡീ. ഷിബി ചെട്ടിക്കാതോട്ടത്തിൽ OSH – ഡീക്കൻ മിനിസ്ട്രി ചെവ്വൂർ, സാധുത 2014 ഏപ്രിൽ 01 മുതൽ.

14. ഡീ. പ്രിൻസ് ചിരിയങ്കണ്ടത്ത് – ഡീക്കൻ മിനിസ്ട്രി ചിയ്യാരം വിജയ മാതാ, സാധുത 2014 ഏപ്രിൽ 01 മുതൽ.

15. ഡീ. ഫ്രജോ വാഴപ്പിള്ളി – ഡീക്കൻ മിനിസ്ട്രി കുരിയച്ചിറ, സാധുത 2014 ഏപ്രിൽ 01 മുതൽ.

16. ഡീ. റിഞ്ചോ ഓലപ്പുരക്കൽ – ഡീക്കൻ മിനിസ്ട്രി കല്ലൂർ പടിഞ്ഞാറ്, സാധുത 2014 ഏപ്രിൽ 01 മുതൽ.

17. ഡീ. റിജോ കരിക്കാട്ടിൽ CST – ഡീക്കൻ മിനിസ്ട്രി മരിയാപുരം, സാധുത 2014 ഏപ്രിൽ 01 മുതൽ.

18. ഡീ. സിജോ പുത്തൂർ – ഡീക്കൻ മിനിസ്ട്രി നിർമ്മലപുരം, സാധുത 2014 ഏപ്രിൽ 01 മുതൽ.

19. ഡീ. ജിജോ ചെങ്ങിനിയാടൻ – ഡീക്കൻ മിനിസ്ട്രി നെല്ലിക്കുന്ന്, സാധുത 2014 ഏപ്രിൽ 01 മുതൽ.

20. ഡീ. ജിബിൻ എറമ്പിൽ VC – ഡീക്കൻ മിനിസ്ട്രി ചേർപ്പ്, സാധുത 2014 ഏപ്രിൽ 01 മുതൽ.

21. ഡീ. ജിയോമോൻ കല്ലേരി – ഡീക്കൻ മിനിസ്ട്രി പെരിഞ്ചേരി, സാധുത 2014 ഏപ്രിൽ 01 മുതൽ.

22. ഡീ. ജസ്റ്റിൻ കൈതാരത്ത് – ഡീക്കൻ മിനിസ്ട്രി പട്ടിക്കാട്, സാധുത 2014 ഏപ്രിൽ 01 മുതൽ.

23. ഡീ. മെൽവിൻ ചിറ്റിലപ്പിള്ളി – ഡീക്കൻ മിനിസ്ട്രി പുതുക്കാട്, സാധുത 2014 ഏപ്രിൽ 01 മുതൽ.

24. ഡീ. സിനോജ് തുണ്ടത്തിൽ – ഡീക്കൻ മിനിസ്ട്രി പടവരാട്, സാധുത 2014 ഏപ്രിൽ 01 മുതൽ.

25. ഡീ. വിബിൻ കൊള്ളന്നൂർ – ഡീക്കൻ മിനിസ്ട്രി പറവട്ടാനി, സാധുത 2014 ഏപ്രിൽ 01 മുതൽ.

26. ഡീ. ജോസ് താമരക്കാട്ട് CST – ഡീക്കൻ മിനിസ്ട്രി പാലക്കൽ, സാധുത 2014 ഏപ്രിൽ 01 മുതൽ.

27. ഡീ. ഷിബു തുരുത്തിപള്ളിൽ – ഡീക്കൻ മിനിസ്ട്രി തൃശ്ശൂർ സെന്റ് ആൻസ്, സാധുത 2014 ഏപ്രിൽ 01 മുതൽ.

**11. പ്രത്യേക അനുവാദങ്ങൾ :**

1. തൃശ്ശൂർ അതിരൂപത മതബോധനകേന്ദ്രത്തിന്റെ ട്രസ്റ്റ് ഡീഡിനു അംഗീകാരം (കല്പനനമ്പർ 603/2014)
2. ഏങ്ങണ്ടിയൂർ എം. ഐ. ആശുപത്രിയുടെ പുനരുദ്ധാരണപണികൾക്കായി ലോണെടുക്കുന്നതിന് അനുവാദം (കല്പനനമ്പർ 620/2014)
2. ഒല്ലൂർ ഇടവക അവിണിശ്ശേരി സെന്റ് ജോസഫ് പള്ളിയുടെ കാര്യനിർവഹണകമ്മറ്റിക്ക് അംഗീകാരം (കല്പനനമ്പർ 632/2014)
3. പാസ്റ്ററൽ കൗൺസിൽ നിയമാവലി ഭേദഗതിക്ക് അംഗീകാരം (കല്പനനമ്പർ 646/2014)
4. വെള്ളറക്കാട് ഇടവകയിലെ പ്രതിനിധിയോഗാംഗങ്ങളുടെ ഒഴിവിലേക്ക് പുതിയ പ്രതിനിധിയോഗാംഗങ്ങൾക്ക് അംഗീകാരം (കല്പനനമ്പർ 647/2014)
5. പെരിഞ്ചേരി ഇടവകയിലെ പ്രതിനിധിയോഗാംഗത്തിന്റെ ഒഴിവിലേക്ക് പുതിയ പ്രതിനിധിയോഗാംഗത്തിന് അംഗീകാരം (കല്പനനമ്പർ 650/2014)
6. പെരുമ്പിള്ളിശ്ശേരി സെന്റ് റീത്താസ് എഫ്. സി. സി. കോൺവെന്റിന്റെ ചാപ്പൽ പുതുക്കി പണിയുന്ന കാലയളവിൽ വി. കുർബ്ബാന സജ്ജീകരിച്ച മറ്റൊരു മുറിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 653/2014)
7. വരാക്കര ഇടവകയുടെ മതബോധനഹാളിനോടു ചേർന്നുള്ള സ്ഥലം വാങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 658/2014)
8. മങ്ങാട് ഇടവകയിലെ പുതിയ പ്രതിനിധിയോഗാംഗങ്ങൾക്ക് അംഗീകാരം (കല്പനനമ്പർ 664/2014)

9. സെന്റ് ക്രിസ്റ്റീനാസ് ഹോമിന്റെ കൊഴിഞ്ഞാമ്പാറയിൽ രാമനാഥപുരം രൂപതയ്ക്ക് നൽകിയ സ്ഥലത്തിന് വഴി നൽകുന്നതിന് അനുവാദം (കല്പ നനമ്പർ 674/2014)
10. ത്യാഗരാജാർ ടെക്നിക്കൽ എഡ്യുക്കേഷൻ സെന്റർ ട്രസ്റ്റ് ഡീഡിനു അംഗീകാരം (കല്പനനമ്പർ 675/2014)
11. പഴയന്നൂർ ഇടവകയിൽ പുതിയ വൈദികമന്ദിരം പണിയുന്നതിന് അനു വാദം (കല്പനനമ്പർ 676/2014)
12. ഇരവിമംഗലം ഇടവകയിലെ വി. യൗസേപ്പിതാവിന്റെ കപ്പേള പുനർനിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 677/2014)
13. കൂട്ടാല ഇടവകയിൽ വഴിക്കു വേണ്ടി പള്ളിവക സ്ഥലം വിട്ടുകൊടുക്കു ന്നതിന് അനുവാദം (കല്പനനമ്പർ 691/2014)
14. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സിസ്റ്റേഴ്സിനും നഴ്സുമാർക്കുള്ള ക്വാർട്ടേഴ്സ് പണിയുന്നതിന് അനുവാദം (കല്പനന മ്പർ 697/2014)
15. വെളുത്തൂർ ഇടവക തിരുനാൾ നവംബറിലെ മൂന്നാം ശനി, ഞായർ ദിവസങ്ങളിൽ ആഘോഷിക്കുന്നതിന് അനുവാദം (കല്പനനമ്പർ 710/ 2014)
16. ഇയ്യാൽ ഇടവകയിൽ സെൽ മോഡൽ കല്ലറകൾ പണിയുന്നതിന് അനു വാദം (കല്പനനമ്പർ 716/2014)
17. അന്തിക്കാട് ഇടവകയിലെ പ്രതിനിധിയോഗാംഗങ്ങളുടെ ഒഴിവിലേക്ക് പുതിയ പ്രതിനിധിയോഗാംഗങ്ങൾക്ക് അംഗീകാരം (കല്പനനമ്പർ 720/ 2014)
18. ആർത്താറ്റ് ഇടവകയിലെ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീ കാരം (കല്പനനമ്പർ 732/2014)
19. പൊന്നാനി എഫ്. സി. കോൺവെന്റിൽ വിജയമാതാവിന്റെ 4 അടി ഉയ രമുള്ള രൂപം സ്ഥാപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 743/2014)
20. മുളയം ഹോം ഓഫ് ലവ് സ്ഥാപനത്തിനായി പുതിയ വാഹനം വാങ്ങു ന്നതിനും പഴയ വാഹനം വിൽക്കുന്നതിനും അനുവാദം (കല്പനനമ്പർ 767/2014)

**പ്രതിനിധിയോഗം**

1. വെളപ്പായ ഇടവകയിലെ പുതിയ പ്രതിനിധിയോഗാംഗത്തിന് അംഗീകാരം (കല്പനനമ്പർ 628/2014).
2. ചെമ്മണ്ണൂർ ഇടവകയിലെ പുതിയ പ്രതിനിധിയോഗാംഗത്തിന് അംഗീ കാരം (കല്പനനമ്പർ 764/2014).

**തെരട്ട്**

1. തൃശ്ശൂർ അതിരൂപത മതബോധനകേന്ദ്രം ടെക്സ്റ്റ് ബുക്ക് അക്കൗണ്ടിന്റെ 2012 – 2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 610/2014).
2. തൃശ്ശൂർ അതിരൂപത മതബോധനകേന്ദ്രത്തിന്റെ 2012 – 2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 611/2014).
3. തൃശ്ശൂർ അതിരൂപത മതബോധനകേന്ദ്രം ബുക്ക്സ്റ്റാളിന്റെ 2012 – 2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 612/2014).
4. തൃശ്ശൂർ അതിരൂപത ഡി. ബി. സി. എൽ. സി. യുടെ 2012 – 2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 613/2014).
5. അവിണിശ്ശേരി പള്ളിയുടെ 2012 – 2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 630/2014).
6. അവിണിശ്ശേരി സെന്റ് ജോസഫ് ബാലഭവന്റെ 2012 – 2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 631/2014).
7. തൃശ്ശൂർ അതിരൂപത സേവ് എ ഫാമിലി പ്ലാനിന്റെ 2012 – 2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 670/2014).
8. തൃശ്ശൂർ അതിരൂപത സ്വിഫ്റ്റ് കുറീസിന്റെ 2012 – 2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 692/2014)
9. തൃശ്ശൂർ അതിരൂപത കാത്തലിക് ഇൻഫർമേഷൻ സെന്റർ, കത്തോലിക്കസഭ പബ്ലിക്കേഷൻ എന്നിവയുടെ 2012 – 2013വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 749/2014).

**2012–13 വർഷത്തിലെ കൈക്കാരന്മാർ (തുടർച്ച):**

| | |
|---|---|
| അവിണിശ്ശേരി | ആൻഡ്രൂസ് കിടങ്ങൻ |
| | ജോർജ്ജ് തോട്ടാൻ |
| | ജോയ് വെള്ളി |
| | ജോമി പെരിഞ്ചേരി |

**മാർ റാഫേൽ തട്ടിൽ**
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

10 February 2014

Prot. N. 102/2012

Your Grace,

This Congregation has received your letter of 7 January 2014 (Prot. No. 51/2014/S/ABP), by which you sent a copy of your letter of 6 January 2014 (Prot. No. 25/2014/S/ABP) addressed to Rev. Paul Achandy, Superior of the Devamatha Province of the *Carmelites of Mary Immaculate*. In that letter you request compliance with the terms regarding the Infant Jesus Parish (Thalore) detailed in your letter of 1 October (Prot. No. 3102/2013/S/ABP) addressed to the Prior General, Rev. Jose Panthaplamthottiyil, CMI.

I inform you that this Dicastery has recently re-affirmed to Rev. Panthaplamthottiyil the need to accept the afore-mentioned resolution. At the same time, to promote the restoration of a peaceful and fruitful collaboration between the Archeparchy and the CMI, it would be advisable to avoid polemic language, using always words of charity and love in Christ.

Once again, I assure Your Grace of my prayers,

Sincerely in Christ,

Leonardo Card. Sandri
Prefect

✠ Cyril Vasil', S.J.
Archbishop Secretary

---

His Excellency The Most Reverend
Msgr. **Andrews THAZHATH**
Metropolitan Archbishop of Trichur for the Syro-Malabars
Catholic Archbishop's House
**THRISSUR 680 005 - Kerala, India**

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

10 March 2014

Prot. N. 102/2012

Your Grace,

The Cardinal Prefect, who is out of the office for the annual Lenten Spiritual Exercises with the Holy Father, has asked me to send you a copy of the reply of this Congregation to a request for recourse by Rev. Paul Achandy, Superior of the Devamatha Province of the *Carmelites of Mary Immaculate* in regard to the Infant Jesus Monastery, Thalore (encl.). Be advised that a copy has also been sent to the Prior General, Rev. Jose Panthaplamthottiyil, CMI.

Assuring Your Grace of my most respectful regards and promise of prayers during this holy season, I remain

Sincerely yours in Christ,

Msgr. Maurizio Malvestiti
Undersecretary

---

His Excellency The Most Reverend
Msgr. **Andrews THAZHATH**
Metropolitan Archbishop of Trichur for the Syro-Malabars
Catholic Archbishop's House
**THRISSUR 680 005 - Kerala, India**

Encl.: 1

Congr. Chiese Orientali
Allegato N° 1
al Foglio Prot. N° 102/201[illegible]

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

8 March 2014

Prot. N. 102/2012

Dear and Reverend Father Archandy,

This Dicastery has received your letter of 5 February 2014, by which you sought recourse against the order of H.E. Msgr. Andrews Thazhath, Archbishop of Trichur, regarding pastoral and spiritual services in the Infant Jesus Monastery, Thalore (cfr. Letter of Archbishop Thazhath to Rev. Jose Panthaplamthottiyil, CMI, Prior General, Prot. No. 3102/2013/S/ABP, dated 1 October 2013). I am enclosing a letter of this Congregation to the Prior General of the Carmelites of Mary Immaculate, dated 28 January 2014, by which the decision of the Archbishop was affirmed: "It is the expectation of this Congregation that the guidelines will provide a definitive resolution of the matter" (all. 1). While you assert that the monastery has "complied with those directives", it is to be noted that the present prior of the monastery, Fr. Thomas Chakkalamattath, CMI, refers in his letter of 31 January 2014 to holding two Masses on Sundays "as per your [Fr. Archandy's] directive", while the Archbishop's guidelines foresee "one Holy Mass daily including Sundays and days of obligation in the monastery church for the public" (p. 4). If the discrepancy does not occur with the permission of the eparchial authorities, please see that it is corrected.

The recourse entered, however, is not against the restriction of former parish activities but against the limitation of other public pastoral ministry. You claim a right to "render spiritual services to the people, not only from Thalore but also from other places". The point of reference for responding to this claim is CCEO can. 437 §1, which has been interpreted by the Pontifical Council for Legislative Texts in this very context as defining a right to a church "for the celebration of the sacred ministries for the members of the monastery. This canon does not entitle the public celebration of divine worship for the faithful round the monastery, which already belong to a parish" (cfr. cited in the letter of H.B. Card. Varkey Vithayathil of 4 February 2011 – all. 2).

Moreover, it should be noted that Archbishop Thazhath has not sought to "deprive [the monastery] of all spiritual services for the people". His directives, which explicitly allow for the offering of the Sacrament of Penance (p. 5), are concerned with *public* celebrations, not with the elimination of all spiritual services. Even in the realm of public celebrations, the observance of some feasts is foreseen (p. 4) and the possibility of arranging with the parish priest for "various liturgical and pastoral activities/celebrations, including public celebration of worship" (p. 4).

---

Rev. Fr. Paul ACHANDY, C.M.I.
Provincial C.M.I
Devamatha Provincial House
PATTURAIKKAL, THRISSUR 680 022
Kerala, India

Encl.: 2

CONGREGATIO
PRO ECCLESIIS ORIENTALIBUS

Therefore, Reverend Father, your recourse against the Archbishop's order of 1 October 2013 is rejected for the reasons adduced. Surely, the best path for promoting the spiritual good of all begins with a careful observance of the guidelines. In time, this will lead to a climate of mutual trust with the eparchial authority and also to a more harmonious cooperation.

Wishing you, Reverend Father, God's blessings upon your priestly service, I remain

Sincerely yours in Christ,

Leonardo Card. Sandri
Prefect

✠ Cyril Vasil', S.J.
Archbishop Secretary

Cc: H.E. Msgr. Andrews Thazath, Archbishop of Trichur
Rev. Jose Panthaplamthottiyil, CMI, Superior General




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 01 | THU | | **CBCI Standing Committee Meeting**, *Bangalore* |
| 02 | FRI | | **CBCI Standing Committee Meeting**, *Bangalore* |
| 03 | SAT | Morning | **Chuvannamannu Church Blessing** |
| | | Afternoon | **CHF Centenay Mass,** *Kuzhikkatusery* |
| | | Evening | **Public Meeting,** *Kuzhikkatusery* |
| 04 | SUN | Morning | **Velur Church Blessing** |
| | | Afternoon | **AKCC Inauguration** |
| | | Evening | **Jubilee Meeting,** *Veendassery* |
| 05 | MON | Morning | **Holy Mass at CSC Provincial House,** *Koorkenchery* |
| | | Evening | **Parish Day,** *Amala Nagar* |
| 06 | TUE | Morning | **Holy Mass at Assisi Provincial House,** *Tcr.* |
| | | Afternoon | **Vestition of St. Martha Congregation,** *Mannumpetta* |
| 07 | WED | Morning | **DBCLC - Junior CLC** |
| | | Afternoon | **Jubilee and First Profession,** *SNDS Mulayam* |
| 08 | THU | Morning | **Major Seminarians' Conference** |
| | | | **Holy Mass at Minor Seminary** |
| | | Afternoon | **Meeting with Seminarians** |
| 09 | FRI | Morning | **Njarakkal** |
| 10 | SAT | Morning | **First Holy Communion,** *Engadiyur* |
| | | Afternoon | **Vestition at Minor Seminary** |
| | | Evening | **Pavaratty - Message** |

| | | | |
|---|---|---|---|
| 11 | SUN | | **Pastoral Visit,** *Mulayam* |
| 12 | MON | Morning | **Holy Mass at Basilica, Mar Vazhapilly's Death Anniversary** |
| | | Evening | **Assisi Provincial House** |
| 13 | TUE | Evening | **JMMC Trust Meeting** |
| 14 | WED | Morning | **Seminar at Sreeramakrishna Ashram, Puranattukara** |
| | | Afternoon | **Seminary Commission Meeting, POC** |
| 15 | THU | | **Selection Camp Interview,** *Minor Seminary* |
| 16 | FRI | Morning | **For the People** |
| 17 | SAT | Morning | **First Holy Communion and Grotto Blessing,** *Manaladi* |
| | | Afternoon | **Final Profession of Mount Calvary Sisters,** *Cheroor* |
| 18 | SUN | Morning | **First Holy Communion and Presbytery Blessing,** *Mayannur* |
| | | Afternoon | **ANGELOS - Holy Mass Kuriachira** |
| 20 | TUE | | **ATHIROOPATHA DHINAM, Ollur** |
| 21 | WED | Morning | **Engaged** |
| | | Afternoon | **Samarpitha Samgamam,** *Pudukkadu* |
| 22 | THU | Afternoon | **Vestition CSC,** *Chowannur* |
| | | Evening | **Parish Day,** *Chittilappilly* |
| 23-24 | | | **Engaged** |
| 25 | SUN | | **Pastoral Visit, Amala Nagar** |
| 26 | Mon | Morning | **For Priests and Religious** |
| 28 | WED | | **TRIP, Irinjalakuda** |
| 29 | THU | Morning | **Consulters Meeting** |
| 30 | FRI | Morning | **Engaged** |
| | | Afternoon | **Holy Mass,** *Puthenchira, Centenary* |
| 31 | SAT | Morning | **Engaged** |
| | | Afternoon | **Ordination of Dn. Fivins Chittilappilly,** *Olarikkara* |
| | | Evening | **Academic Year Inauguation,** *Gurukulam* |



May 2014

# സഹായമെത്രാന്റെ പരിപാടികൾ



| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 1 | THU | Morning | Holy Mass in Peechi Convent |
| | | Forenoon | May Day Nadathara KLM |
| | | Evening | Annual Day of Eravu Charitable Truest |
| 2 | WED | Afternoon | PTA in Jubilee Mission Medical College |
| | | Evening | Bangalore |
| 3-5 | | | Engaged |
| 6 | | | Engaged |
| 7 | WED | Evening | Veloopadam Church, Inauguration of *Viswasaulsavam* |
| 8 | THU | | Meeting in Mount St. Thomas Kakkanad |
| 9 | WED | Morning | Meeting in Mount St. Thomas Kakkanad |
| | | Evening | Nirmalapuram Popular Mission Retreat ends |
| 10 | SAT | Morning | Engaged |
| | | Forenoon | Holy Mass in St. Xavier's Convent, Cheoor |
| 11 | SUN | Morning | Holy Mass in Pattikkad |
| | | Forenoon | First Holy Communion in Kombazha |
| | | Eevning | Holy Mass in Chuvannamannu |
| 12 | MON | | Engaged |
| 13 | TUE | Morning | Holy Mass in Minor Seminary- Selection Camp |
| | | Forenoon | Aluva CST House- Minor Orders |
| 14 | WED | Morning | Lourde Cathedral- Engaged |

| | | | |
|---|---|---|---|
| 15-16 | | | Engaged |
| 17 | SAT | Morning | Assisi Provincial House |
| | | Evening | Engaged |
| 18 | SUN | Morning | Kuttamkulam- Parishday |
| | | Forenoon | Programme in Mar Thomas School |
| | | Afternoon | Angelos – Kuriyachira |
| | | Evening | Home Day- Nirmala Sadhan Edakalathur |
| | | | Ollur Convention |
| 19-21 | | | Engaged |
| 22 | THU | Afternoon | Chelakkara CHF Convent Blessing |
| 23 | FRI | | Engaged |
| 24 | SAT | Forenoon | Engaged |
| | | Afternoon | Enamavu – Mariyan Message |
| | | Evening | Parish Day- Madona Nagar |
| 25 | SUN | Morning | Holy Mass in Chittissery |
| | | Forenoon | Holy Mass in Mayanoor Church |
| | | Evening | Cherumkuzhy Altar Blessing |
| 26 | MON | | Mount St. Thomas- Retreat |
| 27-30 | | | Engaged |
| 31 | SAT | Afternoon | Profession of School Sisters, Lourde |

# നാളാഗമം

**മാർച്ച് 2014**

1. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ എഫ്. എ. പി. സെമിനാറിലും തുടർന്ന് കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗത്തിലും പങ്കെടുത്തു. അതിനുശേഷം ഫാ. ജോസഫ് പുളിക്കൻ, ഫാ. പോൾസൺ പാലത്തിങ്കൽ എന്നിവരുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.
2. അഭിവന്ദ്യ താഴത്ത് പിതാവ് വരാക്കര സൗത്ത് ഇടവകയിൽ ഇടയസന്ദർശനം നടത്തി.
3. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രലിൽ വിഭൂതി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അതിനുശേഷം പാലയൂരിൽ നടന്ന വ്രതാരംഭകൂട്ടായ്മയിൽ പങ്കെടുത്തു. വൈകിട്ട് നല്ലെങ്കര ഇടവകയിൽ വാർഷികധ്യാനം ഉദ്ഘാടനം ചെയ്തു.
4. അഭിവന്ദ്യ താഴത്ത് പിതാവ് വൈദികസമ്മേളനത്തിൽ പങ്കെടുത്തു.
7. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് കോളേജിൽ വച്ചു നടന്ന സെമിനാറിൽ പങ്കെടുത്തു. വൈകിട്ട് പാലയൂരിലേക്ക് നടത്തുന്ന ജാഗരണ പദയാത്ര ഉദ്ഘാടനം ചെയ്തു.
8. അഭിവന്ദ്യ താഴത്ത് പിതാവ്  പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു. വൈകിട്ട് പോപ് പോൾ മേഴ്സി ഹോമിലെ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു.
9. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അന്തിക്കാട് ഇടവകയിലെ വിശ്വാസോത്സവിന്റെ സമാപനദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു സന്ദേശം നൽകി. ഉച്ചയ്ക്കുശേഷം കത്തോലിക്കസഭ പ്രമോട്ടേഴ്സ് മീറ്റിൽ പങ്കെടുത്തു. വൈകിട്ട് പൊങ്ങണംകാട് ഇടവകയിൽ വിശ്വാസോത്സവിനോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും വൈദികമന്ദിരം ആശീർവദിക്കുകയും ചെയ്തു.
11. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് തോമസ് കോളേജിൽ നടന്ന സെമിനാറിൽ പങ്കെടുത്തു. വൈകിട്ട് ബാംഗ്ലൂരിലേക്ക് പോയി. അഭിവന്ദ്യ തട്ടിൽ പിതാവ് പൊങ്ങണംകാട് ഇടവകയിൽ 'വിശ്വാസോത്സവ്' ധ്യാനത്തിന് സന്ദേശം നൽകി.

15. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് ഇടവകയിലെ വൈദികമന്ദിരം ആശീർവദിച്ച് വി. ബലിയർപ്പിച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് പേരകം ഇടവകയിൽ ഇടയസന്ദർശനം നടത്തി.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സ്ഥാപന ഡയറക്ടർമാരുടെ യോഗത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പീച്ചി കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് ആബാ ധ്യാനകേന്ദ്രം ആശീർവദിച്ച് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പാവറട്ടി ഇടവകയിൽ വി. ബലിയർപ്പിക്കുകയും സി. എൽ. സി. യുടെ നേതൃത്വത്തിൽ നടന്ന സാന്ത്വനം ചികിത്സാപദ്ധതി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

20. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ പാവപ്പെട്ടവർക്കായി നടത്തിയ സഹായവിതരണം നിർവഹിച്ചു. വൈകിട്ട് എ. കെ. സി. സി. യുടെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് കോലഴി സി. എം. സി. പ്രോവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. ഇരിങ്ങാലക്കുടയിൽ നടന്ന സെമിനാരി ട്രെയിനിംഗ് പ്രോഗ്രാമിൽ ക്ലാസ്സെടുത്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ സ്ഥാനാരോഹണചടങ്ങുകളിൽ പങ്കെടുക്കുന്നതിനായി ആസ്ത്രേലിയയിലേക്കു പോയി. അഭിവന്ദ്യ തട്ടിൽ പിതാവ് സെന്റ് തോമസ് കോളേജിൽ നടന്ന റിസർച്ച് സെമിനാറിൽ പങ്കെടുത്തു. വൈകുന്നേരം പാലയൂർ ജാഗരണപദയാത്ര പ്രാർത്ഥനയോടെ ഉദ്ഘാടനം ചെയ്തു.

22. അഭിവന്ദ്യ തട്ടിൽ പിതാവ് തിരൂർ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു.

30. അഭിവന്ദ്യ തട്ടിൽ പിതാവ് അരണാട്ടുകര ഇടവക ദൈവാലയത്തിലും വെള്ളാറ്റഞ്ഞൂർ ഇടവക ദൈവാലയത്തിലും വി. ബലികളർപ്പിച്ചു. വൈകിട്ട് മുല്ലശ്ശേരി ഇടവകയിലെ 'വിശ്വാസോത്സവ്' ധ്യാനം ഉദ്ഘാടനം ചെയ്തു.

31. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളുടെ ചെറുപട്ടങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് കരുമത്ര ഇടവകയിൽ വിശ്വാസോത്സവ് ഉദ്ഘാടനം ചെയ്തു.

# പാസ്റ്ററൽ കൗൺസിൽ നിയമാവലി

**1. ആമുഖം**

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാൻ നിർദ്ദേശം നൽകികൊണ്ട് പുറപ്പെടുവിച്ച Ecclesiae Sanctae (No. 16/2) എന്ന ഡിക്രി പാസ്റ്ററൽ കൗൺസിലിനെ വിശേഷിപ്പിച്ചിട്ടുള്ളത് അജപാലന കാര്യങ്ങളിൽ മെത്രാന്റെ ആലോചനസമിതിയായിട്ടാണ്. പ്രസ്തുത പ്രബോധനത്തിന്റെ വെളിച്ചത്തിൽ തൃശ്ശൂർ അതിരൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ രൂപീകരണം 1968ൽ ആരംഭിച്ചു (നവജീവിക, 1968 ഫെബ്രുവരി പേജ് 11). പാസ്റ്ററൽ കൗൺസിലിനുവേണ്ടി ഒരു ഭരണഘടനയ്ക്ക് 1977 ൽ രൂപം കൊടുത്തു. തുടർന്ന് 1998 ലും, 2002 ലും, 2003 ലും 2007 ലും നിയമാവലി പരിഷ്ക്കരിക്കുകയുണ്ടായി. 2014 ഫെബ്രുവരി 27 ന് ചേർന്ന പാസ്റ്ററൽ കൗൺസിൽ അംഗീകരിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തിയ നിയമാവലിയാണ് ചുവടെ ചേർക്കുന്നത്.

**2. ലക്ഷ്യം**

അതിരൂപതയിലെ ദൈവജനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുപകരിക്കുന്ന നയങ്ങൾ രൂപീകരിക്കുന്നതിലും പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യുന്നതിലും അവ പ്രാവർത്തികമാക്കുന്നതിലും കാലാകാലങ്ങളിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലും അതിരൂപതാദ്ധ്യക്ഷനെ സഹായിക്കുകയാണ് പാസ്റ്ററൽ കൗൺസിലിന്റെ ലക്ഷ്യം.

**3. പ്രവർത്തനമേഖലകൾ**

അതിരൂപത പ്രവർത്തനങ്ങൾ വിവിധ മേഖലകളായി തിരിച്ച് അവയ്ക്ക് പ്രത്യേകം സബ്കമ്മിറ്റികൾ കാലോചിതമായി രൂപീകരിച്ച് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ അതിലേക്ക് നിയോഗിക്കുന്നതാണ്. എത്ര കമ്മിറ്റികൾ വേണമെന്ന് പാസ്റ്ററൽ കൗൺസിലിന് / അതിരൂപതാദ്ധ്യക്ഷന് തീരുമാനിക്കാം.

മേഖല തിരിച്ചുള്ള അതിരൂപതാ പ്രവർത്തനങ്ങളെ സജീവമാക്കുകയെന്ന ലക്ഷ്യത്തോടെ വ്യത്യസ്ത മേഖലകളിലേക്ക് നിയോഗിക്കപ്പെടുന്ന സബ്കമ്മിറ്റികൾ ഓരോ മേഖലയിലും കാലികമായി ഉയർന്നുവരുന്ന പ്രശ്നങ്ങൾ പഠിക്കുകയും പരിഹാര നിർദ്ദേശങ്ങൾക്ക് രൂപംകൊടുക്കുകയും പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും വേണം.

ഇതിനായി ഓരോ സബ്ക്കമ്മിറ്റിയും അതിരൂപതയിൽ അതുമായി ബന്ധ

പ്പെട്ട നിലവിലുള്ള സംവിധാനങ്ങളുമായി യോജിച്ച് പ്രവർത്തിക്കണം. ഓരോ സബ്ക്കമ്മിറ്റിക്കും ചെയർമാനും കൺവീനറും ഉണ്ടായിരിക്കണം. ബന്ധപ്പെട്ട മേഖലയുടെ നിലവിലുള്ള കേന്ദ്രനേതൃത്വവുമായി പ്രസ്തുത സബ്കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ഒരുമിച്ചുകൂടി പരസ്പരം ആശയങ്ങൾ പങ്കുവെയ്ക്കണം.

പാസ്റ്ററൽ കൗൺസിലിൽ ഉയർന്നുവരുന്ന ചോദ്യങ്ങൾക്ക് (പ്രത്യേകിച്ച് സീറോ അവറിൽ/ചോദ്യോത്തരവേളയിൽ) ഉത്തരം കണ്ടെത്തി തൽസമയത്തോ അടുത്ത കൗൺസിൽ യോഗത്തിലോ അവതരിപ്പിക്കാൻ ഓരോ മേഖലയിലും പ്രവർത്തിക്കുന്ന സബ്കമ്മിറ്റികൾക്ക് കടമയുണ്ട്.

**4. കീഴ് ഘടകങ്ങൾ**

പാസ്റ്ററൽ കൗൺസിലിന് പ്രതിനിധിയോഗം, ഫൊറോന കൗൺസിൽ എന്നീ രണ്ട് കീഴ്ഘടകങ്ങൾ ഉണ്ടായിരിക്കും.

## 4.1. പ്രതിനിധിയോഗം

സീറോ മലബാർ സഭാനിയമമനുസരിച്ച് ഇടവകകളിൽ പ്രതിനിധിയോഗം/പൊതുയോഗം പ്രവർത്തിക്കുന്നതിനാൽ പാരിഷ് കൗൺസിലിന്റെ ധർമ്മം മേല്പ്പറഞ്ഞ പ്രതിനിധിയോഗം/പൊതുയോഗം ആണ് നിർവഹിക്കേണ്ടത്.

## 4.2. ഫൊറോന കൗൺസിൽ

ഫൊറോന ഡിവിഷനിലെ എല്ലാ വികാരിമാരും, ഓരോ ഇടവക പ്രതിനിധിയോഗം / പൊതുയോഗം തെരഞ്ഞെടുക്കുന്ന രണ്ട് ഫൊറോന കൗൺസിൽ അംഗങ്ങളും, ഫൊറോനകളിൽ നിന്നുള്ള എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ചേരുന്നതാണ് ഫൊറോന കൗൺസിൽ. ഇടവകയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പാസ്റ്ററൽകൗൺസിൽ അംഗങ്ങളുടെയും, ഫൊറോന കൗൺസിൽ അംഗങ്ങളുടെയും മൊത്തം എണ്ണത്തിൽ ഒരാൾ സ്ത്രീയും ഒരാൾ 35 വയസ്സിൽ താഴെയുള്ളയാളുമായിരിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർ 21 വയസ്സ് പൂർത്തിയായവരായിരിക്കണം.

ഫൊറോന വികാരി ഫൊറോന കൗൺസിലിന്റെ പ്രസിഡന്റായിരിക്കും. ഫൊറോന കൗൺസിലിന്റെ ആദ്യയോഗത്തിൽ അല്മായനായ ഒരു പാസ്റ്ററൽ കൗൺസിൽ അംഗത്തെ ഫൊറോന കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കണം.

ചർച്ചക്കായി പാസ്റ്ററൽ കൗൺസിൽ നിർദ്ദേശിക്കുന്ന വിഷയങ്ങൾ നിർദ്ദേശിക്കപ്പെടുന്ന തലങ്ങളിൽ (പ്രതിനിധിയോഗം,

ഫൊറോന കൗൺസിൽ എന്നിവിടങ്ങളിൽ) ചർച്ച ചെയ്യുകയും ആയതിന്റെ റിപ്പോർട്ട് നിർദ്ദേശാനുസരണം സമർപ്പിക്കുകയും വേണം.

ഫൊറോനകൗൺസിലിന് തനതായ **അജണ്ട കമ്മറ്റി** ഉണ്ടായിരിക്കണം. പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്കു പുറമേ ഫൊറോന കൗൺസിലിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരു വൈദികൻ, ഒരു പുരുഷപ്രതിനിധി, ഒരു സ്ത്രീ പ്രതിനിധി എന്നിവർ ചേർന്നതായിരിക്കും ഫൊറോന അജണ്ടകമ്മറ്റി. പാസ്റ്ററൽ കൗൺസിലിൽ നിന്ന് നിർദ്ദേശിക്കപ്പെടുന്ന വിഷയങ്ങൾക്കു പുറമേ, ഫൊറോനയെ സംബന്ധിച്ച വിഷയങ്ങൾ നിശ്ചയിച്ച് ഫൊറോന കൗൺസിലിന് ചർച്ച ചെയ്യാവുന്നതാണ്. അജണ്ട കമ്മറ്റിയുടെ കടമകളും പ്രവർത്തനങ്ങളും പാസ്റ്ററൽ കൗൺസിൽ അജണ്ട കമ്മറ്റിയുടെ മാതൃകയിലായിരിക്കും.

**5. പാസ്റ്ററൽ കൗൺസിൽ അംഗത്വം**

ജീവിതത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നതിൽ തല്പരരും സഭയോടൊത്ത് ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരും പൊതുജനസമ്മതരും ആയ അതിരൂപതാംഗങ്ങളെയാണ് തെരഞ്ഞെടുക്കേണ്ടത്. പ്രതിനിധികൾ കത്തോലിക്കവിശ്വാസം, ധാർമികത, സഭാധികാരികളോടുള്ള വിധേയത്വം എന്നിവ പുലർത്തുന്നവരായിരിക്കണം. ആവശ്യപ്പെടുന്നപക്ഷം ഇത് ഏറ്റുപറയേണ്ടതും രേഖാമൂലം നല്കേണ്ടതുമാണ്. അവർ നിരീശ്വരപ്രസ്ഥാനങ്ങളിലെ അംഗങ്ങളോ അവയിലെ സജീവപ്രവർത്തകരോ ആയിരിക്കരുത്. 21 വയസ്സ് പൂർത്തിയായവർക്കേ പാസ്റ്ററൽ കൗൺസിൽ അംഗമാകാൻ സാധിക്കൂ.

പാസ്റ്ററൽ കൗൺസിലിൽ രണ്ടു വിധത്തിലുള്ള അംഗത്വം ഉണ്ടായിരിക്കും. **I. സാധാരണ അംഗത്വം (Ordinary Membership) II. വിശിഷ്ടാംഗത്വം (Honorory Membership).** ഇരുവിഭാഗത്തിൽപ്പെടുന്നവർക്കും പാസ്റ്ററൽ കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കാനും വോട്ടെടുപ്പുള്ള കാര്യങ്ങളിൽ വോട്ട് ചെയ്യാനും തുല്യാവകാശം ഉണ്ടായിരിക്കും.

പാസ്റ്ററൽ കൗൺസിലിൽ സാധാരണ അംഗത്വം ഉള്ളവർക്കു മാത്രമേ ഇടവക പ്രതിനിധിയോഗത്തിൽ, പാസ്റ്ററൽ കൗൺസിൽ അംഗം എന്ന നിലയിലുള്ള, ഔദ്യോഗിക അംഗത്വമുണ്ടാകുകയുള്ളൂ.

പാസ്റ്ററൽ കൗൺസിലിൽ വിശിഷ്ടാംഗത്വം ഉള്ളവർക്കു ഇടവക പ്രതിനിധിയോഗത്തിൽ പാസ്റ്ററൽ കൗൺസിൽ അംഗം എന്നനിലയിലുള്ള ഔദ്യോഗിക അംഗത്വം ഉണ്ടായിരിക്കില്ല.

**5.I. സാധാരണ അംഗത്വം (Ordinary Membership)**

താഴെപ്പറയുന്ന തലങ്ങളിൽനിന്നുള്ള ഔദ്യോഗിക അംഗങ്ങളും തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളും സാധാരണ അംഗമായി അതിരൂപതാധ്യ

ക്ഷൻ നോമിനേറ്റുചെയ്യുന്ന അംഗങ്ങളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. അതിരൂപയിലെ അജപാലനപ്രവർത്തനങ്ങളിൽ നേരിട്ടിടപെടുന്നവരാണ് സാധാരണ അംഗത്വത്തിൽ പൊതുവേ ഉൾപ്പെടുത്തപ്പെടുന്നത്.

**5.I.1. ഔദ്യോഗികഅംഗങ്ങൾ (എക്സ് ഒഫീഷ്യോ)**

**5.I.1.(a) അതിരൂപത കാര്യാലയം & ഫൊറോന വികാരിമാർ**

ആർച്ച് ബിഷപ്പ്, സഹായമെത്രാൻ/പ്രോട്ടോ സിഞ്ചെല്ലൂസ്, സിഞ്ചെല്ലൂസുമാർ ജുഡീഷ്യൽ വികാരി, ഫിനാൻസ് ഓഫീസർ, ചാൻസലർ, വൈസ് ചാൻസലർ, ഫൊറോന വികാരിമാർ.

**5.I.1.(b) സന്യാസസമൂഹ പ്രതിനിധികൾ**

**5.I.1.(b)1.** അതിരൂപതാതിർത്തിയിലുള്ള സന്യാസ മേജർ സുപ്പിരിയേഴ്സ് (സുപ്പിരിയർ ജനറൽമാർ, പ്രൊവിൻഷ്യൽസ്). അവരുടെ അഭാവത്തിൽ അസിസ്റ്റന്റുമാർക്ക് (അസിസ്റ്റന്റ് ജനറൽ / പ്രൊവിൻഷ്യൽ ) അവരെ പ്രതിനിധികരിക്കാവുന്നതാണ്.

**5.I.1.(b)2.** സി.ആർ. ഐ./എസ്.എം.ആർ.സി. യുടെ അതിരൂപതാ യൂണിറ്റ് പ്രസിഡന്റും സെക്രട്ടറിയും.

**5.I.1.(b)3.** അതിരൂപതാപദവിയിലുള്ള സന്യാസസമൂഹങ്ങളുടെ ഡയറക്ടർമാർ (ഇപ്പോൾ നിലവിലുള്ളത്: ഡയറക്ടർ എസ്. എൽ. എം. ഐ. വെസ്റ്റ് ഫോർട്ട്, ഡയറക്ടർ, സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ദ വർക്കർ, പീച്ചി)

**5.I.1.(c) അതിരൂപതാസ്ഥാപനങ്ങളുടെ പ്രതിനിധികൾ**

**5.I.1.(c)1.** ഒരേ സ്വഭാവത്തിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികൾ (ഓരോ വിഭാഗത്തിന്റെയും ഡയറക്ടർമാർ ഒരുമിച്ചുകൂടി ഒരു പ്രതിനിധിയെ തെരെഞ്ഞടുക്കണം.)

ആശുപത്രികൾ

പുനരധിവാസകേന്ദ്രങ്ങൾ

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ/കരിയർ ഗൈഡൻസ്

സ്വാശ്രയകോളേജുകൾ

എയ്ഡഡ് കോളേജുകൾ

ഓർഫനേജുകൾ

കൗൺസിലിംഗ് സെന്ററുകൾ

**5.I.1.(c)2.** വ്യത്യസ്ത സ്വഭാവത്തിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങ

ളുടെ ഓരോന്നിന്റെയും ഡയറക്ടർ.

| | | |
|---|---|---|
| 1. | മേജർ സെമിനാരി | റെക്ടർ |
| 2. | മൈനർ സെമിനാരി | റെക്ടർ |
| 3. | ഫാമിലി അപ്പസ്തോലേറ്റ് | ഡയറക്ടർ |
| 4. | ദൈവശാസ്ത്ര വിദ്യാപീഠം | ഡയറക്ടർ |
| 5. | പോപ്പ് പോൾ മേഴ്സി ഹോം | ഡയറക്ടർ |
| 6. | കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി | മാനേജർ |
| 7. | ബൈബിൾ അപ്പസ്തോലേറ്റ് | ഡയറക്ടർ |
| 8. | കാത്തലിക്ക് & പാസ്റ്ററൽ സെന്ററുകൾ | ഡയറക്ടർ |
| 9. | മതബോധനം | ഡയറക്ടർ |
| 10. | സോഷ്യൽ ആക്ഷൻ | ഡയറക്ടർ |
| 11. | ജെ. എം. മെഡിക്കൽ കോളേജ് | ഡയറക്ടർ |
| 12. | സ്പിരിചൽ ആനിമേഷൻ സെന്റർ | ഡയറക്ടർ |
| 13. | കാത്തലിക് ഇൻഫർമേഷൻ സെന്റർ | ഡയറക്ടർ |

### 5.I.1.(d) സംഘടനകളുടെ പ്രതിനിധികൾ

സംഘടനകളിൽ നിന്നുള്ള എക്സ് ഒഫീഷിയോ പ്രാതിനിധ്യം താഴെ പറയുന്ന പ്രകാരമാണ്.

1. അൾത്താരസംഘം – ഡയറക്ടർ
2. ഐക്കഫ് – ഡയറക്ടർ + പ്രസിഡന്റ്
3. അതിരൂപത ആരാധനക്രമ കമ്മീഷൻ – കൺവീനർ
4. എഞ്ചിനീയേഴ്സ് ഫോറം – ഡയറക്ടർ + പ്രസിഡന്റ്
5. കെ. എൽ. എം. – ഡയറക്ടർ + പ്രസിഡന്റ്
6. മാതൃസംഘം – ഡയറക്ടർ + പ്രസിഡന്റ്
7. കത്തോലിക്ക നേഴ്സസ് ഗിൽഡ് – ഡയറക്ടർ + പ്രസിഡന്റ്
8. കത്തോലിക്ക ടീച്ചേഴ്സ് ഗിൽഡ് – ഡയറക്ടർ + പ്രസിഡന്റ്
9. കെ. സി. വൈ. എം. – ഡയറക്ടർ + പ്രസിഡന്റ് (പുരുഷവിഭാഗം) & പ്രസിഡന്റ് (വനിതാവിഭാഗം)
10. എ. കെ. സി. സി. – ഡയറക്ടർ + പ്രസിഡന്റ്
11. കരിസ്മാറ്റിക്ക് മൂവ്മെന്റ് – ഡയറക്ടർ + കോ-ഓർഡിനേറ്റർ
12. സി. എൽ. സി ജൂനിയർ, സീനിയർ, പ്രൊഫഷണൽ– ഡയറക്ടർ + സീനിയർ & പ്രൊഫഷണൽ പ്രസിഡന്റുമാർ
13. സംഘടനകളുടെ / പ്രസ്ഥാനങ്ങളുടെ ഏകോപനസമിതി സെക്രട്ടറി
14. തിരുബാലസഖ്യം – ഡയറക്ടർ
15. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേ ലീഡർഷിപ്പ് – പ്രസിഡന്റ്

16. കലാസദൻ – പ്രസിഡന്റ് + സെക്രട്ടറി
17. കെ. സി. എസ്. എൽ. – ഡയറക്ടർ + പ്രസിഡന്റ്
18. ലീജിയൻ ഓഫ് മേരി – ഡയറക്ടർ + പ്രസിഡന്റ്
19. വിശ്വാസപ്രചാരണ സംഘം – ആദ്ധ്യാത്മികഉപദേഷ്ടാവ് + പ്രസിഡന്റ്
20. സെക്കുലർ ഫ്രാൻസിസ്ക്കൻ ഓർഡർ – ഡയറക്ടർ + പ്രസിഡന്റ്
21. വി.വിൻസെന്റ് ഡി പോൾ സംഘം – ആദ്ധ്യാത്മികഉപദേഷ്ടാവ് + പ്രസിഡന്റ്
22. മദ്യവിരുദ്ധസമിതി – ഡയറക്ടർ + പ്രസിഡന്റ്
23. പബ്ളിക്ക് റിലേഷൻസ് വകുപ്പ് – ഡയറക്ടർ + പ്രസിഡന്റ്
24. മതബോധനം – കമ്മീഷൻസെക്രട്ടറി + പി.ടി.എ. പ്രസിഡന്റ്
25. എക്യുമെനിസം – അതിരൂപതാപ്രതിനിധി
26. ഇന്റർ റിലീജ്യസ് ഡയലോഗ് – അതിരൂപതാപ്രതിനിധി
27. സ്ലം സർവ്വീസ് – ഡയറക്ടർ + പ്രസിഡന്റ്
28. ദൈവാലയശുശ്രൂഷികൾ – ഡയറക്ടർ + പ്രസിഡന്റ്
29. വക്കീൽമാരുടെ ഫോറം – ഡയറക്ടർ + പ്രസിഡന്റ്
30. കുടുംബകൂട്ടായ്മ – ഡയറക്ടർ + കൺവീനർ
31. ഡോക്ടേഴ്സ് ഫോറം – ഡയറക്ടർ + പ്രസിഡന്റ്
32. ബൈബിൾ കമ്മീഷൻ – ഡയറക്ടർ + സെക്രട്ടറി
33. സി. സി. ഡബ്ല്യു. ഐ. – ഡയറക്ടർ + പ്രസിഡന്റ്
34. ചിൽഡ്രൻസ് മിനിസ്ട്രി – ഡയറക്ടർ
35. ചർച്ച് ക്വയർ – ഡയറക്ടർ + പ്രസിഡന്റ്
36. കമ്മീഷൻ ഫോർ ക്രിസ്റ്റ്യൻ ആർട്ട്സ് – ഡയറക്ടർ + സെക്രട്ടറി
37. കമ്മീഷൻ ഫോർ ഫാമിലി – ഡയറക്ടർ + പ്രസിഡന്റ്
38. കമ്മീഷൻ ഫോർ ലെയ്റ്റി – ഡയറക്ടർ + പ്രസിഡന്റ്
39. കമ്മീഷൻ ഫോർ പ്രീസ്റ്റ് (വൈദികക്ഷേമം) – ഡയറക്ടർ/പ്രസിഡന്റ്
40. യൂത്ത് മിനിസ്ട്രി – ഡയറക്ടർ
41. മൈഗ്രന്റ്സ് മിനിസ്ട്രി – ഡയറക്ടർ
42. ദർശനസഭ – ഡയറക്ടർ + പ്രസിഡന്റ്
43. ജീസസ് ഫ്രട്ടേണിറ്റി – ഡയറക്ടർ + പ്രസിഡന്റ്
44. ജീസസ് യൂത്ത് – ഡയറക്ടർ + പ്രസിഡന്റ്
45. LOAF – ഡയറക്ടർ + പ്രസിഡന്റ്
46. മിഷൻ യൂണിയൻ ഓഫ് ക്ലർജി – ഡയറക്ടർ
47. പിതൃസംഘം– ഡയറക്ടർ + പ്രസിഡന്റ്
48. പ്രോ-ലൈഫ് – ഡയറക്ടർ + പ്രസിഡന്റ്
49. സോഷ്യൽ ഹാർമണി & വിജിലൻസ് – ഡയറക്ടർ

50. കമ്മീഷൻ ഫോർ വിമെൻ – സെക്രട്ടറി

## 5.I.2. തെരഞ്ഞെടുക്കപ്പെടുന്നവർ

## 5.I.2.(a) ഇടവക പ്രതിനിധി

ഓരോ ഇടവകയിൽ നിന്നും താഴെ പറയുന്ന പ്രകാരം പ്രതിനിധി യോഗം/പൊതുയോഗം തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായിരിക്കും. പാസ്റ്ററൽ കൗൺസിലിലെ പുരുഷ, വനിത, യുവജന പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുതകുന്ന റൊട്ടേഷൻ സംവിധാനമാണ് തെരഞ്ഞെടുപ്പിന് സ്വീകരിക്കുന്നത്. ഇതനുസരിച്ച് ഏതൊക്കെ ഇടവകകളിൽ നിന്നാണ് പുരുഷ, വനിത, യുവജന, പ്രാതിനിധ്യം വേണ്ടതെന്ന് തീരുമാനിച്ചുകൊണ്ടുള്ള ലിസ്റ്റ് തെരഞ്ഞെടുപ്പിനു മുമ്പ് അതിരൂപത കാര്യാലയത്തിൽ നിന്നും അറിയിക്കുന്നതാണ്. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിധത്തിൽ ഓരോ ഇടവകയിൽ നിന്നും പ്രതിനിധിയെ തെരഞ്ഞെടുക്കണം.

1. 2500 – നുമേൽ കുടുംബങ്ങളുള്ള ഇടവകയിൽ നിന്നും മൂന്ന് പ്രതിനിധികൾ (മൂന്നുപ്രതിനിധികളിൽ ഒരാൾ പുരുഷനും ഒരാൾ സ്ത്രീയും, ഒരാൾ 35 വയസ്സിൽ താഴെയുള്ള യുവജന പ്രതിനിധിയും [സ്ത്രീ പുരുഷ വ്യത്യാസമില്ല] ആയിരിക്കണം.)
2. 1500നു മീതെയും 2500 വരെയും കുടുംബങ്ങൾ ഉള്ള ഇടവകയിൽ നിന്നും രണ്ടു പ്രതിനിധികൾ (രണ്ട് പ്രതിനിധികളിൽ ഒരാൾ അതിരൂപതയിൽ നിന്ന് അറിയിക്കുന്ന റൊട്ടേഷൻ ക്രമമനുസരിച്ചായിരിക്കണം).
3. 1500 കുടുംബങ്ങൾ വരെയുള്ള ഇടവകയിൽ നിന്നും ഒരു പ്രതിനിധി. (അതിരൂപതയിൽ നിന്ന് അറിയിക്കുന്ന റൊട്ടേഷൻ ക്രമമനുസരിച്ചായിരിക്കണം)

## 5.I.2.(b) മറ്റു സമിതികളിൽ നിന്ന്

**5.I.2.(b)1.** പാസ്റ്ററൽ കൗൺസിലിൽ എക്സ് ഒഫീഷ്യോ അംഗങ്ങളല്ലാത്ത അതിരൂപത ആലോചനസമിതിയംഗങ്ങളിൽ ഒരാൾ.

**5.I.2.(b)2.** വൈദിക സമിതിയിലേക്ക് വൈദികരുടെ പ്രായഘടനയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവർ

**5.I.2.(b)3.** വൈദികസമിതി സെക്രട്ടറി

**5.I.2.(b)4.** അതിരൂപതയിൽ മേജർ സുപ്പിരിയേഴ്സ് ഇല്ലാത്ത സന്യാസ സമൂഹങ്ങളുടെ മൂന്ന് പ്രതിനിധികൾ (ഒരാൾ പുരുഷവിഭാഗത്തിൽ നിന്നും രണ്ട് പേർ സ്ത്രീ വിഭാഗത്തിൽ നിന്നും). (സ്ഥലത്തെ പ്രതിനിധികൾ ഒന്നിച്ചുകൂടി മൂന്നു പേരെ തെരഞ്ഞെടുക്കുകയോ സി. ആർ. ഐ./ എസ്. എം. ആർ. സി. എക്സിക്യൂട്ടീവ് കമ്മറ്റിക്ക് ഇവരെ നാമനിർദ്ദേശം ചെയ്യുകയോ

ആകാം)

**5.I.2.(b)5.** അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷൻ എജൻസിയുടെ പ്രതിനിധികൾ

1. ഹയർസെക്കന്ററി പ്രിൻസിപ്പൽമാരുടെ ഒരു പ്രതിനിധി
2. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഒരു പ്രതിനിധി
3. അപ്പർ പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ ഒരു പ്രതിനിധി
4. ലോവർ പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ ഒരു പ്രതിനിധി

**5.I.3. നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ**

ജീവിതത്തിന്റെ വിവിധ തുറകളിൽ നിന്ന് ആവശ്യാനുസരണം അംഗങ്ങളെ പ്രസിഡന്റിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

**5.I.3.(a)** സാധാരണ അംഗത്വത്തിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുടെ എണ്ണം തെരഞ്ഞെടുക്കപ്പെടുന്നവരുടെ എണ്ണത്തിന്റെ ഇരുപത്തഞ്ചു ശതമാനത്തിൽ കൂടരുത്.

**5.I.3.(b)** രണ്ട് തവണ തുടർച്ചയായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരെ മൂന്നാം തവണ കഴിയുന്നതും ഒഴിവാക്കാൻ ശ്രമിക്കണം.

**5.II. വിശിഷ്ടാംഗത്വം (Honorory Membership)**

**5.II.**1. സംഘടനകളുടെ/ പ്രസ്ഥാനങ്ങളുടെ സംസ്ഥാനം, ദേശീയം എന്നീ തലങ്ങളിലെ ഔദ്യോഗികഭാരവാഹികൾ (അതായത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നീ ഭാരവാഹിത്വമോ തത്തുല്യമായ മറ്റുപദവിയോ ഉള്ളവർ).

**5.II.**2. പേപ്പൽ ബഹുമതികൾ, സീറോ മലബാർസഭാതാരം അവാർഡുകൾ എന്നിവ ലഭിച്ചിട്ടുള്ളവർ

**5.II.**3. പ്രവാസികളുടെ പ്രതിനിധികൾ (നോമിനേഷൻ)

**5.II.**4. ഓണററി അംഗങ്ങളായി, അതിരൂപതാധ്യക്ഷൻ നോമിനേറ്റുചെയ്യുന്നവർ

**5.III. അംഗത്വം നഷ്ടപ്പെടുന്നത്**

കൗൺസിലിലെ ഒരു സാധാരണഅംഗം ഗൗരവമായ കാരണം കൂടാതെ തുടർച്ചയായ 3 യോഗങ്ങൾക്ക് ഹാജരാകാത്തപക്ഷം, ആ വ്യക്തിക്ക് ഒരു പ്രാവശ്യം നോട്ടീസ് നൽകിയാൽ, മതിയായ കാരണം ബോധ്യപ്പെടുത്താത്തപക്ഷം അംഗത്വം നഷ്ടപ്പെടുന്നതാണ്.

കൂടാതെ ഏതെങ്കിലും ഒരംഗം അയോഗ്യനെന്ന് പ്രസിഡന്റിന് ബോധ്യം

വരുന്നപക്ഷം ആ അംഗത്തെ കൗൺസിലിൽ നിന്നും പ്രസിഡന്റിന് നീക്കം ചെയ്യാവുന്നതാണ്.

### 5.IV. കാലാവധി

കൗൺസിലിന്റെ കാലാവധി സാധാരണ ഗതിയിൽ 3 വർഷമായിരിക്കും. കാലാവധി തീരുന്നതിനുമുമ്പായി പുതിയ കൗൺസിൽ രൂപികരിക്കുന്നതിനുള്ള നിർദ്ദേശം പ്രസിഡന്റ് നൽകുന്നതാണ്. അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരം എൽക്കുന്നതോടെ പഴയ പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി അവസാനിക്കുന്നതാണ്.

### 6. ഭാരവാഹികൾ

**6.1. പ്രസിഡന്റ് :** അതിരൂപതാധ്യക്ഷനായിരിക്കും പാസ്റ്ററൽ കൗൺസിൽ പ്രസിഡന്റ്. കൗൺസിലിന്റെ എല്ലാ പദ്ധതികളും ശിപാർശകളും പ്രസിഡന്റിന്റെ അംഗീകാരത്തിന് വിധേയമാണ്.

**6.2. വൈസ് പ്രസിഡന്റുമാർ :** അതിരൂപതയുടെ പ്രോട്ടോ-സിഞ്ചെല്ലൂസും സിഞ്ചെല്ലൂസും പാസ്റ്ററൽ കൗൺസിലിന്റെ എക്സ് ഒഫീഷിയോ വൈസ് പ്രസിഡന്റുമാരായിരിക്കും. പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ പ്രോട്ടോ സിഞ്ചെല്ലൂസ് യോഗത്തിൽ അദ്ധ്യക്ഷത വഹിക്കും. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ സിഞ്ചെല്ലൂസ് അധ്യക്ഷത വഹിക്കും.

**6.3. ജനറൽ സെക്രട്ടറി :** അതിരൂപതാ ചാൻസലർ എക്സ് ഒഫീഷ്യോ ജനറൽ സെക്രട്ടറി ആയിരിക്കും. പ്രസിഡന്റിന്റെ നിർദ്ദേശമനുസരിച്ച് കൗൺസിൽ യോഗങ്ങൾ വിളിച്ചുകൂട്ടുക, റിപ്പോർട്ടുകൾ എഴുതി സൂക്ഷിക്കുക, കത്തിടപാടുകൾ നടത്തുക, രേഖകൾ സൂക്ഷിക്കുക, പ്രസിഡന്റോ കൗൺസിലോ എല്പിക്കുന്ന കാര്യങ്ങൾ നിർവ്വഹിക്കുക എന്നിവ ജനറൽ സെക്രട്ടറിയുടെ ചുമതലകളാണ്.

**6.4. സെക്രട്ടറി :** ജനറൽ സെക്രട്ടറിയെ സഹായിക്കാൻ കൗൺസിലിൽ നിന്നും ഭൂരിപക്ഷപ്രകാരം തെരഞ്ഞടുക്കപ്പെടുന്നൊരു അത്മായനായിരിക്കും സെക്രട്ടറി.

**6.5. ജോയിന്റ് സെക്രട്ടറി :** സെക്രട്ടറിയെ സഹായിക്കുവാൻ ഒരു ജോ. സെക്രട്ടറിയെ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കണം. സെക്രട്ടറി പുരുഷനാണെങ്കിൽ ഒരു സ്ത്രീയെ ജോയിന്റ് സെക്രട്ടറിയായും സെക്രട്ടറി സ്ത്രീയാണെങ്കിൽ ഒരു പുരുഷനെ ജോ. സെക്രട്ടറിയായും ആണ് തെരഞ്ഞെടുക്കേണ്ടത്.

**6.6. ഖജാൻജി :** അതിരൂപതാ ഫിനാൻസ് ഓഫീസർ കൗൺസിലിന്റെ ഖജാൻജിയായിരിക്കും. കൗൺസിലിന്റെ കണക്കുകൾ എഴുതി സൂക്ഷിക്കേ

ണ്ടതും കാലാവധിയുടെ അവസാനത്തിൽ അജൻഡ കമ്മിറ്റിയുടെ യോഗത്തിൽ അവതരിപ്പിക്കേണ്ടതും ഖജാൻജിയുടെ ചുമതലയാണ്.

**7. അജൻഡ കമ്മിറ്റി**

വൈസ് പ്രസിണ്ടന്റുമാർ, ജനറൽ സെക്രട്ടറി, ജോ. സെക്രട്ടറി, ഖജാൻജി എന്നിവരും പാസ്റ്ററൽ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 6 അംഗങ്ങളും ഓരോ സബ്കമ്മിറ്റി നിർദ്ദേശിക്കുന്ന അതിന്റെ ചെയർമാനോ, കൺവീനറോ അടങ്ങുന്നതുമായിരിക്കും അജൻഡ കമ്മിറ്റി. പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുക്കുന്ന 6 അംഗങ്ങളിൽ ഒരാൾ ഇടവക വൈദികനും, മറ്റൊരാൾ സന്യാസവൈദികൻ / സഹോദരനും മൂന്നാമത്തെ ആൾ സന്യാസിനിയും മറ്റ് മൂന്നു പേർ അല്മായരുമായിരിക്കണം. (രണ്ടു പുരുഷൻമാരും ഒരു സ്ത്രീയും, അവരിൽ ഒരാൾ 35 വയസ്സിൽ താഴെയുമായിരിക്കണം).

ആവശ്യമെങ്കിൽ ഫൊറോന കൗൺസിൽ സെക്രട്ടറിമാരെക്കൂടി ഉൾപ്പെടുത്തി വിശാലമായ അജണ്ട കമ്മറ്റി കൂടാവുന്നതാണ്. വർഷത്തിലൊരിക്കലെങ്കിലും ഇപ്രകാരം ചെയ്യുന്നത് ഉചിതമായിരിക്കും.

**7.1.** പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ യഥാക്രമം അജണ്ട കമ്മിറ്റിയുടെ പ്രസിഡന്റും സെക്രട്ടറിയുമായിരിക്കും. പ്രസിഡന്റിന്റെ അറിവോടെ അജണ്ട കമ്മിറ്റി വിളിച്ചുകൂട്ടേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

**7.2.** അജൻഡ കമ്മിററി അംഗമായോ, പാസ്റ്ററൽ കൗൺസിൽ ഭാരവാഹിയായോ തുടർച്ചയായി രണ്ടിലധികം തവണ ഒരാളെ തെരഞ്ഞെടുക്കാൻ പാടുള്ളതല്ല.

**7.3. അജൻഡ കമ്മിറ്റിയുടെ കടമകൾ**

**7.3.(a)** ഓരോ സമ്മേളനത്തിന്റെയും ചർച്ചാവിഷയം തയ്യാറാക്കേണ്ടത് അജൻഡ കമ്മിററിയാണ്.

**7.3.(b)** സാധാരണയായി സമ്മേളനത്തിന്റെ ഒരു മാസം മുമ്പ് അജൻഡ തയ്യാറാക്കിയിരിക്കേണ്ടതാണ്.

**7.3.(c)** പ്രസിഡൻറിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും പാസ്റ്ററൽ കൗൺസിലിന്റെ പ്രവർത്തനമേഖലകളിൽപ്പെട്ട വിവിധ

വകുപ്പുകളിൽ നിന്നും അംഗങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചുമായിരിക്കണം അജൻഡ തയ്യാറാക്കേണ്ടത്.

**7.3.(d)** അജൻഡ, കൗൺസിൽ പ്രസിഡന്റ് അംഗീകരിക്കണം.

**7.3.(e)** തയ്യാറാക്കിയ അജൻഡപ്രകാരം ഇടവകതലത്തിലും ഫൊറോന കൗൺസിലിലും ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ പ്രസ്തുത സമിതികളിലേക്ക് രണ്ടാഴ്ച മുമ്പെങ്കിലും ലഭിക്കത്തക്ക രീതിയിൽ നൽകേണ്ടതാണ്.

**7.3.(f)** പാസ്റ്ററൽ കൗൺസിൽ അംഗീകരിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് അവയിൽ നടപ്പിലാക്കേണ്ടവ അതിരൂപതാധ്യക്ഷന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിക്കുകയും വേണം.

**8. ജനറൽ ബോഡി**

**8.1.** പാസ്റ്ററൽ കൗൺസിലിന്റെ പൊതുയോഗം കൊല്ലത്തിൽ മൂന്ന് പ്രാവശ്യമെങ്കിലും കൂടേണ്ടതാണ്. ആവശ്യമെന്നു തോന്നുന്നപക്ഷം പ്രസിഡന്റിന് ഏതവസരത്തിലും യോഗം വിളിച്ചുകൂട്ടാം.

**8.2.** ഇതിൽ ഒരു യോഗത്തോടനുബന്ധിച്ച് ഒരു അർദ്ധദിനധ്യാനവും ഉണ്ടായിരിക്കും.

**8.3.** അജൻഡ കമ്മറ്റി അവതരിപ്പിക്കുന്ന അജൻഡയായിരിക്കും യോഗത്തിലെ പ്രധാന ചർച്ചാവിഷയം.

**8.4.** പ്രസിഡന്റിന്റെ അനുമതിയോടെ യുക്തമെന്ന് തോന്നുന്ന മറ്റു വിഷയങ്ങളും അവസരോചിതം അവതരിപ്പിച്ച് ചർച്ച ചെയ്യാവുന്നതാണ്.

**8.5.** വിവിധ കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുന്നതിനും കമ്മിറ്റികളുടെ റിപ്പോർട്ടുകളും ശിപാർശകളും പരിശോധിക്കുന്നതിനും അവയെപ്പറ്റി തീരുമാനം എടുക്കുന്നതിനും പാസ്റ്ററൽ കൗൺസിൽ ജനറൽബോഡിക്ക് അധികാരമുണ്ടായിരിക്കും.

**8.6.** വിവിധ വകുപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച് പ്രത്യേകമായി വിശദീകരണം ആവശ്യമാണെങ്കിൽ ഒരു മാസം മുമ്പ് രേഖാമൂലം നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് അതതു വകുപ്പിലെ ബന്ധപ്പെട്ട ഭാരവാഹികൾ മറുപടി നൽകുന്നതായിരിക്കും.

**8.7.** അംഗങ്ങളുടെ സംശയനിവാരണത്തിനും, അവർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി നീക്കി വെച്ചിട്ടുള്ള സമയമാണ് ശൂന്യ

വേള (Zero hour/ചോദ്യോത്തരവേള). സമ്മേളനത്തിന് ഒരാഴ്ച മുമ്പെങ്കിലും രേഖാമൂലം ലഭിക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കാനായിരിക്കും ആദ്യം അവസരം ലഭിക്കുക. സമയപരിധി അനുസരിച്ച് പ്രസക്തമായ ചോദ്യങ്ങൾ തെരഞ്ഞെടുക്കുന്നത് അജൻഡ കമ്മറ്റിയായിരിക്കും. അവസാനത്തെ അഞ്ചു മിനിറ്റ് മുൻകൂട്ടി ഉന്നയിക്കാൻ കഴിയാതിരുന്ന ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾക്കായി നീക്കി വെയ്ക്കും.

**9. നിയമാവലി ഭേദഗതി**

കാലാകാലങ്ങളിൽ പാസ്റ്ററൽ കൗൺസിലിന്റെ പ്രവർത്തനത്തെയും പൊതുവികാരത്തെയും വിലയിരുത്തികൊണ്ട് പാസ്റ്ററൽ കൗൺസിലുമായി ആലോചിച്ചതിനുശേഷം ഈ ഭരണഘടനയിലെ ഏതെങ്കിലും വകുപ്പുകളോ ഉപവകുപ്പുകളോ ഭേദഗതി ചെയ്യുന്നതിനും നീക്കം ചെയ്യുന്നതിനും കൂട്ടിചേർക്കുന്നതിനും അതിരൂപതാധ്യക്ഷന് അധികാരമുണ്ട്.

**10. വ്യാഖ്യാനം**

ഈ ഭരണഘടനയിലെ ഏതെങ്കിലും വകുപ്പിനെ സംബന്ധിച്ച് തർക്കമുണ്ടായാൽ അതിരൂപതാധ്യക്ഷൻ നൽകുന്ന വ്യാഖ്യാനം അന്തിമമായിരിക്കും.

**11. പരാതികൾ**

പാസ്റ്ററൽ കൗൺസിലിന്റെയോ അതിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെയോ രൂപീകരണം, പ്രവർത്തനം എന്നിവ സംബന്ധിച്ച് ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ അത് അതിരൂപതാധ്യക്ഷനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അദ്ദേഹം പരാതിയെപ്പറ്റി ആവശ്യമായ അന്വേഷണം നടത്തിയെടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

അതിരൂപത കാര്യാലയത്തിൽ നിന്ന് 2014 മാർച്ച് 7 നു നൽകപ്പെടുന്നത്

CURIA ARCHEPARCHY OF TRICHUR
646/2014
07.03.2014

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ഫാ. റാഫേൽ ആക്കാമറ്റത്തിൽ
ചാൻസലർ

## ചിയ്യാരം വിജയമാതാ ഇടവക സ്ഥാപനഡിക്രി

കൽപ്പന നമ്പർ : 787/2014 (DL 1/2014), തിയതി 31032014

ഒല്ലൂർ, ചിയ്യാരം വിജയമാതാ എന്നീ ഇടവകകളുടെ ബഹു. വികാരിമാർക്കും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം

സൂചന:

1. ചിയ്യാരം വിജയമാതാ ഇടവകരൂപീകരണത്തിനുവേണ്ടി യോഗതീരുമാനപ്രകാരമുള്ള 12-07-2011 ലെ അപേക്ഷയും 13-10-2011 ൽ സമർപ്പിക്കപ്പെട്ട അതിർത്തി നിർദ്ദേശങ്ങളും.
2. ചിയ്യാരം വിജയമാതാ ഇടവകരൂപീകരണം സംബന്ധിച്ച് അതിരൂപതാ മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ കൂടിയ ഒല്ലൂർ ഇടവകയിലെ വൈദികരുടെ 16-09-2011 യോഗത്തിന്റെ റിപ്പോർട്ട്
3. അതിരൂപതാ വൈദിക സമിതിയുടെ 17-09-2011 ലെ ശിപാർശ.
4. ചിയ്യാരം വിജയമാതാ ഇടവകരൂപീകരണം സംബന്ധിച്ച് 05-11-2011 ലെ പരസ്യപ്പെടുത്തൽ
5. ചിയ്യാരം വിജയമാതാ ഇടവകാതിർത്തിയെ സംബന്ധിച്ച് പരസ്യപ്പെടുത്തിയതിനുശേഷം ബഹു. പാലയ്ക്കൽ വികാരിയുടെ 07-12-2011 ലെ റിപ്പോർട്ട്
6. ചിയ്യാരം വിജയമാതാ ഇടവകാതിർത്തിയെ സംബന്ധിച്ച് പരസ്യപ്പെടുത്തിയതിനുശേഷം ബഹു. നിർമ്മലപുരം വികാരിയുടെ 04-12-2011 ലെ റിപ്പോർട്ട്
7. ചിയ്യാരം വിജയമാതാ ഇടവകാതിർത്തിയെ സംബന്ധിച്ച് പരസ്യപ്പെടുത്തിയതിനുശേഷം ബഹു. ചിയ്യാരം സേവനാലയം വികാരിയുടെ 27-11-2011ലെ റിപ്പോർട്ട്
8. ചിയ്യാരം വിജയമാതാ ഇടവകാതിർത്തിയെ സംബന്ധിച്ച് പരസ്യപ്പെടുത്തിയതിനുശേഷം പെ. ബഹു. ഒല്ലൂർ വികാരിയുടെ 01-12-2011ലെ റിപ്പോർട്ട്
9. ചിയ്യാരം വിജയമാതാ അതിർത്തിസംബന്ധിച്ച് ഏതാനുംപേരുടെ പരാതികളും നിർദ്ദേശങ്ങളും.

10. ചിയ്യാരം വിജയമാതാ ഇടവരൂപീകരണത്തെ സംബന്ധിച്ച് കൂരിയാംഗങ്ങളുടെ 20-11-2012 ലെ സന്ദർശന റിപ്പോർട്ട്
11. ഒല്ലൂർ, ചിയ്യാരം വിജയമാതാ എവിടങ്ങളിലെ ബഹു. വികാരിയുടെയും കൈക്കാരന്മാരുടെയും 20-03-2014 ലെ മീറ്റിംഗിലെ തീരുമാനങ്ങൾ.

മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ ഒല്ലൂർ ഇടവകയുടെ ഭാഗമായിരു ചിയ്യാരം വിജയമാതാ പള്ളിയെ കേന്ദ്രീകരിച്ചു താഴെപ്പറയുന്ന അതിർത്തിക്കുള്ളിലുള്ള സീറോ മലബാർ കത്തോലിക്കസമൂഹത്തെ 2014 ഏപ്രിൽ മാസം 02-ാം തിയതി മുതൽ ഒരു ഇടവകയായും ചിയ്യാരം വിജയമാതാ പള്ളിയെ ടി. ഇടവകയുടെ ഇടവകപ്പള്ളിയായും ഇതിനാൽ ഉയർത്തിയിരിക്കുന്നു.

## ചിയ്യാരം വിജയമാതാ ഇടവകയുടെ അതിർത്തികൾ

**കിഴക്ക്:**
ചിയ്യാരം ആൽത്തറയ്ക്ക് മുമ്പുള്ള കലുങ്ക് മുതൽ പ്രിയദർശിനി ജംഗ്ഷനിൽ നിന്ന് തുടങ്ങി തെക്കോട്ട് വിജയമാതാ പള്ളിവരെ കോൺവെന്റ് റോഡിന്റെ ഇരുവശവും ചിയ്യാരം വിജയമാതാ ഇടവകയിൽ ഉൾപ്പെടുന്നു. കോവെന്റ് റോഡിൽ നിന്നു കിഴക്കോട്ടുതിരിയുന്ന റോഡുകളെ സംബന്ധിച്ച്:

പ്രിയദർശിനി ജംഗ്ഷനിൽ നിന്ന് കിഴക്കോട്ടുള്ള മഹാത്മഗാന്ധി റോഡിലൂടെ മഹാത്മഗാന്ധി സെക്കന്റ് സ്ട്രീറ്റിൽ അവസാനിക്കുന്ന ചിറയത്ത് ലോനപ്പൻ ജോസ് സർവ്വെ നമ്പർ 439/1 വരെ ഇരുവശങ്ങളും; സേവന നഗർ റോഡിലുടെ കിഴക്ക് കോർപ്പറേഷൻ വാട്ടർ ടാങ്ക് വരെ ഇരുവശങ്ങളും; വാകയിൽ റോഡിലുടെ കിഴക്കോട്ട് കോർപ്പറേഷൻ വാട്ടർ ടാങ്ക് വരെ ഇരുവശങ്ങളും ടി വാട്ടർ ടാങ്കിനോടു ചേർന്ന് തെക്കോട്ടുള്ള വഴിയുടെ ഇരുവശങ്ങളും; മുടപ്പിലാവ് റോഡിലുടെ കിഴക്കോട്ട് പോയി കരുവാൻ വഴിയിലേക്ക് തിരിയുന്നതുവരെ ഇരുവശങ്ങളും തുടർന്ന് തെക്കോട്ടുള്ള കരുവാൻ വഴിയുടെ പടിഞ്ഞാറുഭാഗവും ടി വഴിയിൽനിന്ന് പടിഞ്ഞാറേക്കുതിരിഞ്ഞ് കോൺവെന്റ്

റോഡിൽ സന്ധിക്കുന്നതുവരെ സമാധാന കോർണർ വഴിയുടെ ഇരുവശവും ചിയ്യാരം വിജയമാതാ ഇടവകയിൽപ്പെടുന്നു.

സമാധാന കോർണർ വഴി സന്ധിക്കുന്നതു മുതൽ കിഴക്കോട്ടു പെരിഞ്ചാലിലെ കനാൽപ്പാലം വരെയുള്ള കരുവാൻ വഴിയുടെ ഇരുഭാഗവും വിജയമാതാ ഇടവകയിൽപ്പെടുന്നില്ല (ഈ ഭാഗം ഒല്ലൂർ ഫൊറോനപ്പള്ളി ഇടവകയിലായിരിക്കും). മേൽപ്പറഞ്ഞ കനാൽപ്പാലം മുതൽ തെക്കോട്ടു ചിയ്യാരം വില്ലേജ് അതിർത്തിയായ പെരിഞ്ചാൽ പടിഞ്ഞാറേക്കു തിരിയുംവരെ പെരിഞ്ചാലിന്റെ പടിഞ്ഞാറുഭാഗം ചിയ്യാരം വിജയമാതാ ഇടവകയിൽപ്പെടുന്നു.

**തെക്ക്:**

കിഴക്കേ അതിർത്തിയിൽ പെരിഞ്ചാൽ പടിഞ്ഞാറേക്ക് തിരിയുന്നതു മുതൽ ടി പെരിഞ്ചാലുവഴി (ചിയ്യാരം വില്ലേജ് അതിർത്തി) പടിഞ്ഞാറേക്കുപോയി ടി പെരിഞ്ചാലിൽ നിന്ന് വടക്കോട്ടുള്ള കൈച്ചാൽ ആരംഭിക്കുന്നതുവരെ (ചിയ്യാരം വില്ലേജ് അതിർത്തി) പെരിഞ്ചാലിന്റെ വടക്കുഭാഗം ചിയ്യാരം വിജയമാതാ ഇടവകയിൽപ്പെടുന്നു.

**പടിഞ്ഞാറ്, വടക്ക്:**

തെക്കേ അതിർത്തിയുടെ പടിഞ്ഞാറെ അറ്റത്ത് പെരിഞ്ചാലിൽ നിന്ന് കൈച്ചാൽ ആരംഭിക്കുന്നതുമുതൽ ടി കൈച്ചാൽ വടക്ക് മംഗലം കോളനിയിൽ എത്തുന്നതുവരെ ടി കൈച്ചാലിന്റെ കിഴക്കുവശം (ചിയ്യാരം വില്ലേജാതിർത്തി) വിജയമാതാ ഇടവകയിൽപ്പെടുന്നു.

പ്രിയദർശിനി ജംഗ്ഷനിൽ നിന്ന് തുടങ്ങി തെക്കോട്ട് വിജയമാതാ പള്ളിവരെ യുള്ള കോൺവെന്റ് റോഡിൽ നിന്നു പടിഞ്ഞാറോട്ടു തിരിയുന്ന റോഡുകളെ സംബന്ധിച്ച്: വില്ലാ സൂക്ക് റോഡിന്റെ ഇരുവശം; മാധവപുരം റോഡിലുടെ പടിഞ്ഞാറേക്ക് പോയി വടക്കോട്ടുതിരിഞ്ഞ് തുടർന്ന് പടിഞ്ഞാറുതിരിയുംവരെ (സേവനാലയം ഇടവക അതിർത്തിവരെ) ടി റോഡിന്റെ ഇരുവശം; ഗാന്ധിജയന്തി റോഡിലുടെ പടിഞ്ഞാട്ടുപോയി വടക്കോട്ടുതിരിഞ്ഞ് തുടർന്ന് പടിഞ്ഞാറുതിരിയും വരെ (സേവനാലയം ഇടവക അതിർത്തിവരെ) ടി റോഡിന്റെ ഇരുവശം എന്നിവ ചിയ്യാരം വിജയമാതാ ഇടവകയിൽപ്പെടുന്നു.

ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന സീറോ മലബാർ കത്തോലിക്കർ ഇതിനാൽത്തന്നെ ചിയ്യാരം വിജയമാത ഇടവകാംഗങ്ങൾ ആയിരിക്കുന്നതും കത്തോലിക്കരല്ലാത്തവർ ഇടവകയുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിതവേലയ്ക്കും അർഹരായി തീരുന്നതുമാണ്. ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ഇതര ഇടവകക്കാരായവരുടെ കണക്കുകൾ നിങ്ങളുടെ ഇടവക ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും വിവരം അവരേയും അവരുടെ പൂർവ്വ ഇടവകകളെയും അറിയിക്കേണ്ടതുമാണ്. ഈ കൽപ്പന അടുത്ത രണ്ടു ഞായറാഴ്ചകളിൽ പള്ളിയിൽ വായിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇടവകാതിർത്തി കാണിക്കുന്ന പടത്തിന്റെ രണ്ടു കോപ്പികൾ ഉണ്ടാക്കി ഈ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി ഒന്ന് ഇവിടുത്തെ കാര്യാലയത്തിലും ഒന്ന് അവിടുത്തെ ഫയലിലും സൂക്ഷിക്കേണ്ടതുമാണ്.

അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2014 മാർച്ച് മാസം 31-ാം തിയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത
**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ചാൻസലർ

കോപ്പി:
ബഹു. പാലയ്ക്കൽ ഇടവക വികാരി
ബഹു. ചിയ്യാരം സേവനാലയം ഇടവക വികാരി
ബഹു. നിർമ്മലപുരം ഇടവക വികാരി

കൽപ്പന നമ്പർ : 787/2014 (DL 1/2014), തിയതി 31032014

ഒല്ലൂർ, ചിയ്യാരം വിജയമാതാ എന്നീ ഇടവകകളുടെ ബഹു. വികാരിമാർക്കും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം.

ചിയ്യാരം വിജയമാതാ ഇടവകസ്ഥാപനത്തോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. ചിയ്യാരം വിജയമാതാ ഇടവക ഒല്ലൂർ ഫൊറോനയുടെ ഭാഗമായിരിക്കും.
2. ചിയ്യാരം വിജയമാതാ ഇടവകയ്ക്ക് മാതൃ ഇടവകയായ ഒല്ലൂർ ഇടവകയിൽനിന്നു അതിരൂപതാ നിയമാവലിപ്രകാരം, നല്കേണ്ട ആകെ വിഹിതം 45,28,550/- രൂപയാണ്. ഈ ഇനത്തിൽ 21,00,000 രൂപ (ഇരുപത്തിയൊന്ന് ലക്ഷം രൂപ) ഒല്ലൂർ ഇടവകയിൽ നിന്നും നിന്നും ഇതിനകം ചിയ്യാരം വിജയമാതാ പള്ളിക്കുവേണ്ടി നല്കിയിട്ടുണ്ട്. ഇതുകഴിഞ്ഞ് 24,00,000 രൂപ (ഇരുപത്തിനാല് ലക്ഷം രൂപ) വിഹിതമായി നൽകുവാനുണ്ട്. ഈ സംഖ്യ ചിയ്യാരം വിജയമാതാ ഇടവകയ്ക്കു 2017 മാർച്ച് 31ന് മുമ്പ് (എട്ടുലക്ഷം രൂപ വീതമുള്ള പരമാവധി മൂന്നു ഗഡുക്കളായി) ഒല്ലൂർ ഇടവകയിൽ നിന്ന് നൽകേണ്ടതാണ്.
3. ഒല്ലൂർ ഇടവകയ്ക്ക് അളഗപ്പനഗർ ത്യാഗരാജാർ പോളിടെക്നിക്കിലുള്ള നിയമനം, പ്രവേശനം എന്നീ അവകാശങ്ങളിൽ അടുത്ത 25 വർഷത്തേക്ക് ചിയ്യാരം വിജയമാത ഇടവകക്കാരെയും പരിഗണിക്കേണ്ടതാണ്.
4. ചേലപ്പാടൻ ബഹു. ബാബു അച്ചനെ 2014 ഏപ്രിൽ 2 മുതൽ ചിയ്യാരം വിജയമാതാ ഇടവകയുടെ വികാരിയായി നിയമിക്കുന്നു.
5. മേല്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും 2014 ഏപ്രിൽ 2-ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.
6. ചിയ്യാരം വിജയമാത ഇടവക 2014 ഏപ്രിൽ 2ന് ഔദ്യോഗികമായി നിലവിൽ വരുന്നു. ഇടവകസ്ഥാപനത്തിന്റെ ആഘോഷപരിപാടികൾ, ആവശ്യമെങ്കിൽ, നോമ്പിനുശേഷം ഉചിതമായ മറ്റൊരു ദിവസം നടത്താവുന്നതാണ്.

അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2014 മാർച്ച് മാസം 31-ാം തിയതി നൽകപ്പെടുന്നത്

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത
**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ചാൻസലർ

# A.K.C.C

## (അഖില കേരള കത്തോലിക്കാ കോൺഗ്രസ്)

കേന്ദ്ര സമിതി ഓഫീസ്, കാത്തലിക്ക് സെൻറ്റർ,
തൃശ്ശൂർ, ഫോൺ : **0487 2322561**

02.04.2014.

**കത്തോലിക്കാ കോൺഗ്രസ്**

**എന്ത്?**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിൽ സഭയുടെ അജപാലനപരമായ ദൗത്യത്തിൽ പങ്കുചേർന്ന് കക്ഷി രാഷ്ട്രീയത്തിനതീതമായി സീറോ മലബാർ സഭാംഗങ്ങളുടെ സഭാപരവും സാമൂഹികവും സാമ്പത്തികവും സാമുദായികവും സാംസ്കാരികവും രാഷ്ട്രീയവും കാർഷികവുമായ താൽപര്യങ്ങളുടെ പരിരക്ഷണത്തിനും സമുദായത്തിന്റെ സർവ്വതോന്മുഖമായ ഉൽക്കർഷത്തിനും വേണ്ടി യത്നിക്കുകയാകുന്നു A.K.C.C. യുടെ ലക്ഷ്യം.

**ചരിത്ര പശ്ചാത്തലം :**

1882 ൽ നിധിരിക്കൽ മാണികത്തനാരുടെ നേതൃത്വത്തിൽ രൂപംകൊണ്ട ജാത്യൈക്യസംഘം സുറിയാനി ക്രിസ്ത്യാനികളുടെ ഐക്യം സാദ്ധ്യമാക്കി. 1904 –ൽ മാന്നാനത്ത് നടന്ന നാൽപതുമണിയാരാധനയുടെ സമാപനത്തിൽ നിധിരിക്കൽ മാണി കത്തനാർ കത്തോലിക്കർ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളെപ്പറ്റിയും അവ ഫലപ്രദമായി നേരിടുന്നതിന് സമുദായ സംഘടന കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും പ്രതിപാദിക്കുകയുണ്ടായി. 1905ലെ നാൽപതുമണിയാരാധനയുടെ സമാപനം ഇതേപ്പറ്റി ചർച്ചചെയ്തു. ഇതിനകം നിധിരിക്കൽ മാണികത്തനാർ അന്തരിച്ചുവെങ്കിലും അദ്ദേഹം വിഭാവനം ചെയ്ത സംഘടനയുടെ പ്രഥമ സമ്മേളനം 1905 മെയ് 13 ന് ശ്രീ കുരുവിനാക്കുന്നേൽ തൊമ്മന്റെ അദ്ധ്യക്ഷതയിൽ മാന്നാനത്ത് ചേർന്നു. പ്രസ്തുത സമ്മേളനം കേരള കാത്തോലിക്ക ക്രിസ്തീയ മഹാജനസഭയ്ക്ക് രൂപം കൊടുത്തു.

സാമൂഹ്യസമ്മേളനങ്ങൾക്ക് പകരം ഒരു സംഘടനതന്നെ രൂപീകരിച്ച് പ്രവർത്തിക്കണമെന്ന നിർദ്ദേശം കുറുവിലങ്ങാടും അതിരമ്പുഴ

യിലും ചേർന്ന സാമൂഹ്യസമ്മേളനങ്ങളിൽ ഉയർന്നുവന്നു. ഇതിന്റെയ ടിസ്ഥാനത്തിൽ 1918-ൽ ചങ്ങനാശ്ശേരിയിൽ ചേർന്ന സമ്മേളന ത്തിൽ വെച്ച് കേരള കത്തോലിക്കാ മഹാജനസഭ എന്ന സംഘടന രൂപംകൊണ്ടു. അതാണ് പിന്നീട് 1930 ൽ അഖില കേരള കത്തോ ലിക്കാ കോൺഗ്രസ് എന്ന പേർ സ്വീകരിച്ചത്. നമ്മുടെ സഭയിൽ പൂർവ്വീ കരായ അൽമായ പ്രമുഖരുടെ പ്രാർത്ഥനയുടേയും കൂടിയാലോചന കളുടേയും കഠിനപരിശ്രമത്തിന്റെയും ഇച്ഛാശക്തിയുടേയും ഫലമാ യിട്ടാണ് കത്തോലിക്കാ കോൺഗ്രസ് (A.K.C.C) എന്ന അൽമായ സംഘടന രൂപം കൊണ്ടത്.

സത്യം, നീതി, ഉപവി എന്നതാണ് A.K.C.C യുടെ മുദ്രാവാക്യം.

കേരള കത്തോലിക്കാ സമുദായത്തിൽ നിന്നും ഉയിർകൊണ്ട നക്ഷത്രശോഭയുള്ള മഹത് വ്യക്തിത്വങ്ങൾ കേരള രാഷ്ട്രീയ, സാമൂഹ്യ-സാംസ്കാരിക, സാഹിത്യ സദസ്സുകളിൽ വിള ങ്ങിയിട്ടുണ്ട്. യുഗപ്രഭാവനായ രാജശ്രീ ഷെവലിയാർ തരിയത് കുഞ്ഞിതൊമ്മനെപ്പോലെയുള്ളവർ സാരഥ്യം വഹിച്ചിട്ടുള്ള കത്തോ ലിക്ക കോൺഗ്രസ്സിലൂടെ കേരളസഭയിലെ അൽമായ മുന്നേറ്റം ശക്തി പ്രാപിച്ചിട്ടുണ്ട്.

96 വർഷം മുമ്പ് ആരംഭം കുറിച്ച എ.കെ.സി.സി. കേരള കത്തോലിക്ക സഭയുടെ സാമുദായിക ശബ്ദമായി പ്രവർത്തിച്ചിരുന്നു. തൃശൂർ അതിരൂപതയിലും അത് ശക്തമായി പ്രവർത്തിച്ചിരുന്നു. എന്നാൽ വിവിധ കാലഘട്ടങ്ങളിൽ അതിന് ഉയർച്ച താഴ്ചകളുണ്ടായി. നമ്മുടെ അതിരൂപതയിൽ അതിന്റെ പ്രവർത്തനം ഇല്ലാതായി. ഈ പശ്ചാത്തലത്തിലാണ് 1972 ലെ വിദ്യാഭ്യാസസമരത്തിന്റെ പശ്ചാത്തലത്തിൽ 1973 ൽ കാത്തലിക് യൂണിയന് അഭിവന്ദ്യ കുണ്ടു കുളം പിതാവ് രൂപംകൊടുത്തത്. നാളിതുവരെ, കാത്തലിക് യൂണിയൻ നമ്മുടെ അതിരൂപതയുടെ അൽമായർക്ക് നേതൃത്വം കൊടുക്കുകയും സഭാശബ്ദമായി പ്രവർത്തിക്കുകയും കേരളത്തിലെ പല മുന്നേറ്റ ങ്ങൾക്കും കാരണമാവുകയും ചെയ്തിട്ടുണ്ട്. കുണ്ടുകുളം പിതാവി നോട് ചേർന്ന് പ്രവർത്തിച്ച മോൺ. തലച്ചിറച്ചനേയും ശ്രീ. ബി.സി. വർഗ്ഗീസ് മാസ്റ്ററേയും ഷെവ. എൻ.എ. ഔസേപ്പ് മാസ്റ്ററേയും ശ്രീ.

പോൾ നെല്ലിശ്ശേരിയെയും മറ്റും ഇത്തരുണത്തിൽ നന്ദിപൂർവ്വം ഓർക്കുന്നു.

**എന്തിന്?**

കേരളത്തിലെ സീറോ മലങ്കരസഭയ്ക്കും ലത്തീൻ സഭയ്ക്കും അവരുടേതായ സാമുദായിക സംഘടനകൾ ശക്തമായി രൂപീകൃതമായപ്പോൾ എ.കെ.സി.സി. സീറോ മലബാർ സഭയുടെ സാമുദായിക സംഘടനയായി തുടരട്ടെ എന്ന ധാരണയാണുണ്ടായത്. ഈ പശ്ചാത്തലത്തിലാണ് എ.കെ.സി.സി.യെ സീറോ മലബാർ സഭയുടെ സാമുദായിക സംഘടനയായി പുനഃരുദ്ധരിക്കുവാൻ സീറോ മലബാർ സഭ മെത്രാൻമാരുടെ സിനഡ് തീരുമാനിക്കുകയും നിയമാവലിക്ക് ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ നിശ്ചയിക്കുകയും ചെയ്തത്. പല സീറോ മലബാർ രൂപതകളിലും എ.കെ.സി.സി. ഇതിനകം ശക്തിയാർജ്ജിച്ചു കഴിഞ്ഞു. തൃശ്ശൂർ അതിരൂപതയിലെ കാത്തലിക്ക് യൂണിയൻ താമസിയാതെ അതിരൂപതയുടെ എ.കെ.സി.സി. യിൽ ലയിക്കണമെന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഭരണഘടനാനുസൃതമായ ന്യൂനപക്ഷവകാശങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹ്യ-രാഷ്ട്രീയ, വിദ്യാഭ്യാസ-കാർഷിക-സാമ്പത്തിക പ്രശ്നങ്ങളിൽ ഇടപെട്ട് സാമൂഹ്യ നീതി ഉറപ്പ് വരുത്തുന്നതിനും ഈ പ്രസ്ഥാനം എക്കാലത്തും പ്രതിജ്ഞാബദ്ധമാണ്.

സഭയോടൊത്ത് ചിന്തിക്കുകയും സഭയ്ക്കുവേണ്ടി വീരോചിതമായി സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന എ.കെ.സി.സി. സാമുദായിക സംഘടന എന്ന നിലയിൽ സീറോ മലബാർ സഭാമക്കളുടെ ഒരു പൊതുവേദിയാണ്. സഭയുടെയും സമൂഹത്തിന്റേയും പൊതുനന്മയ്ക്കുവേണ്ടി ശബ്ദമാകാനും നേതൃത്വം വഹിക്കാനും ആവശ്യമായ ചലനങ്ങൾ സൃഷ്ടിക്കാനും എ.കെ.സി.സി.ക്ക് സാധിക്കണം. സഭാനേതൃത്വത്തോട് ചേർന്ന് ഒറ്റക്കെട്ടായി നിന്നാൽ മാത്രമെ എ.കെ.സി. സി. ക്ക് സഭയുടെ ശബ്ദമാകാനും കർമ്മനിരതമാകാനും സാധിക്കൂ. അതിനനുസൃതമായ ഘടനയാണ് തൃശൂർ അതിരൂപതയിൽ എ.കെ. സി.സിക്ക് നൽകുക.

**എങ്ങിനെ?**

എല്ലാ ഇടവകകളിലും എ.കെ.സി.സി. യൂണിറ്റുകൾ ഉണ്ടാകണം. ബഹു. വികാരിയായിരിക്കും ഡയറക്ടർ. പതിനെട്ടു വയസ്സു പൂർത്തിയായവരും കത്തോലിക്ക സഭാജീവിതം നയിക്കുന്നുണ്ടെന്ന് വികാരി സാക്ഷ്യപ്പെടുത്തുന്നവരുമായിരിക്കും മെമ്പർമാർ. അംഗങ്ങളെ സാമാജികർ എന്നാണ് വിളിക്കുക. പ്രവേശനഫീസ് 10 രൂപയും മൂന്നു വർഷത്തേക്ക് വരിസംഖ്യയായി 30 രൂപയും അടച്ച് അംഗങ്ങളാകുന്ന സാമാജികർ ഇടവകയുടെ പ്രവർത്തനങ്ങളിൽ നേതൃത്വം വഹിക്കുവാൻ സാധിക്കുന്നവരായിരിക്കണം. എല്ലാ കുടുംബസമ്മേളന യൂണിറ്റുകളിൽ നിന്നും അംഗങ്ങളുണ്ടാകണം. ഇടവകയിലെ സംഘടനകളിലും കുടുംബകൂട്ടായ്മകളിലും പ്രവർത്തിക്കുന്നവരായിരിക്കണം അംഗങ്ങൾ. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ പ്രത്യേകിച്ച് വാർഡ്, പഞ്ചായത്ത്, കോർപ്പറേഷൻ മേഖലകളിൽ ശക്തമായി പ്രവർത്തിക്കണം. വിദ്യാഭ്യാസം, മാധ്യമം, സാംസ്കാരികം, സാഹിത്യം, കല, കാർഷികം, വനിത, രാഷ്ട്രീയം തുടങ്ങിയ വേദികളുടെ പ്രവർത്തനങ്ങൾ യൂണിറ്റ്–ഫൊറോന - അതിരൂപത തലങ്ങളിൽ സജീവമാക്കണം.

എ.കെ.സി.സിയുടെ പൊതുനിയമാവലി അടിസ്ഥാന ഭരണഘടനയെ സ്വീകരിക്കുകയും, എന്നാൽ അതിരൂപതയുടെ പശ്ചാത്തലത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടാണ് തൃശൂർ അതിരൂപത എ.കെ. സി.സി. ക്ക് രൂപം കൊടുക്കുക. ഓരോ ഇടവകയിലും യൂണിറ്റുകളുണ്ടാവുകയും അതിൽ നിന്ന് ഭാരവാഹികളെ തെരഞ്ഞെടുക്കുകയും വേണം. തൃശ്ശൂർ അതിരൂപതയിൽ 15 വയസ്സു മുതൽ 35 വയസ്സു വരെയുള്ള യുവജനങ്ങളുടെ പൊതുവേദിയായി കെ. സി. വൈ. എം. തുടർന്ന് പ്രവർത്തിക്കുന്നതാണ്. കെ. സി. വൈ. എം. ന് എ. കെ. സി. സി. യുടെ യുവജനവിഭാഗമായും പ്രവർത്തിക്കാവുന്നതാണ്.

**യൂണിറ്റ് ഭാരവാഹികൾ**

പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് (2 പേർ ഒരാൾ സ്ത്രീ), ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി (2 പേർ ഒരാൾ സ്ത്രീ), ട്രഷറർ. ഈ ഭാരവാഹികളും ഇടവകയിൽ നിന്നുള്ള പാസ്റ്ററൽ കൗൺസിൽ

അംഗങ്ങളും ചേർന്ന അഡ്ഹോക് കമ്മറ്റിയായിരിക്കും ഭരണഘടന നിലവിൽ വരുന്നതുവരെ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുക.

ഫൊറോനയിലും അതിരൂപതയിലും പ്രതിനിധികളും ഭാരവാഹികളും ഉണ്ടാകും. യൂണിറ്റ് പ്രസിഡണ്ട്, സെക്രട്ടറി എന്നവർക്കു പുറമെ 25 സാമാജികർക്ക് ഒരു പ്രതിനിധി എന്ന അനുപാതത്തിൽ ഫൊറോന, അതിരൂപത (രണ്ടിനും ഒരാൾ തന്നെ) തലത്തിൽ യൂണിറ്റുകളിൽ നിന്ന് തെരെഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ വേണം.

ഫൊറോന പ്രതിനിധികൾ, അതിരൂപത പ്രതിനിധികൾ, തെരഞ്ഞെടുക്കുന്നവർ, നോമിനേറ്റഡ് അംഗങ്ങൾ എന്നിവരടങ്ങുന്ന വർക്കിംഗ് കമ്മിറ്റി ഉണ്ടായിരിക്കും. ഈ വർക്കിംഗ് കമ്മിറ്റിയിൽ നിന്നാണ് അതിരൂപത പ്രസിഡണ്ടിനെ അതിരൂപത അദ്ധ്യക്ഷനുമായുള്ള ധാരണയുടേയും അംഗീകാരത്തിന്റേയും വെളിച്ചത്തിൽ തെരഞ്ഞെടുക്കുന്നത്. സഭാതലത്തിലുള്ള പ്രതിനിധി സഭയിലേക്ക് 32 പേരെ അതിരൂപത നിയമാവലിപ്രകാരം അയക്കുന്നതായിരിക്കും. നിയമാവലിയുടെ പൂർണ്ണരൂപം തയ്യാറായിവരുന്നതേ ഉള്ളൂ.

**ഉപസംഹാരം**

പൊതുസമൂഹത്തിന് എണ്ണിയാൽ തീരാത്ത നന്മകൾ ചെയ്തിട്ടുള്ള കത്തോലിക്ക സമുദായത്തെ ശക്തിപ്പെടുത്തുന്നതിന് നമ്മുടെ അതിരൂപതയിൽ എല്ലാ ഇടവകയിലും എ.കെ.സി.സി. യുടെ യൂണിറ്റുകൾ ഉണ്ടാകേണ്ടതുണ്ട്. തൃശൂർ അതിരൂപതയിലെ എ.കെ.സി.സി. യുടെ ഔപചാരിക ഉദ്ഘാടനം **2014 മെയ് 4 ന്** അഭിവന്ദ്യ **മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി** പിതാവ് നിർവഹിക്കുന്നതാണ്. എ. കെ. സി. സി. യെ ഒരു വൻവിജയമാക്കാൻ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം.

എന്ന്
പ്രാർത്ഥനയോടെ
സ്നേഹപൂർവ്വം,

ഫാ: ജിയോ കടവി (ഡയറക്ടർ)
Mob : 9387109575

പി.ഐ. ലാസർമാസ്റ്റർ
(കൺവീനർ,
അഡ്ഹോക്ക് കമ്മിറ്റി)
Mob : 9847485628



# സാമ്പത്തിക കാര്യാലയം

## 1.മാർ കുണ്ടുകുളം ട്രസ്റ്റ്

മാർ കുണ്ടുകുളം ട്രസ്റ്റിൽനിന്ന് ഈ സാമ്പത്തികവർഷം (2014 ഏപ്രിൽ മുതൽ 2015 മാർച്ച് വരെ) വിവാഹസഹായമായി 5000 രൂപ ലഭിക്കാവുന്ന പള്ളികൾ അതിരൂപത ഡയറക്ടറിയിലെ (2012) പള്ളികളുടെ ലിസ്റ്റിൽ 214-ാം നമ്പർ തോന്നൂർക്കര മുതൽ 250 വടക്കാഞ്ചേരി വരെയും 1-ാം നമ്പർ അടാട്ടു മുതൽ 82 കിള്ളിമംഗലം വരെയായിരിക്കും.

## 2. സി.എ. ഓഡിറ്റ്

2014 ഏപ്രിൽ മുതൽ പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്നു. 2013-2014 വർഷത്തെ കണക്കുകൾ ജൂൺ 16-ാം തിയ്യതി മുതൽ ആർച്ച് ബിഷപ്സ് ഹൗസിൽവെച്ച് സി.എ. ഓഡിറ്റ് നടത്തുന്നു. താഴെ കൊടുത്തിരിക്കുന്ന സമയക്രമം ഏവരും പാലിക്കുമല്ലോ. ഇനിയും ഏതെങ്കിലും ഇടവകകൾ ബിഷപ്സ് ഹൗസിൽവെച്ച് സി.എ. ഓഡിറ്റ് നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ മെയ് 10-ാം തിയ്യതിക്കുമുമ്പ് ഫൈനാൻസ് ഓഫീസിൽ അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

| *പള്ളി* | *തിയ്യതി* | *സമയം* |
|---|---|---|
| 1. പെരുവല്ലൂർ | ജൂൺ 16 | 09.30 am. |
| 2. വലക്കാവ് | ജൂൺ 16 | 09.30 am. |
| 3. പുല്ലഴി | ജൂൺ 16 | 09.30 am. |
| 4. ആളൂർ (മറ്റം) | ജൂൺ 16 | 02.00 pm. |
| 5. കൊളങ്ങാട്ടുകര | ജൂൺ 16 | 02.00 pm. |
| 6. നെഹ്റു നഗർ | ജൂൺ 16 | 02.00 pm. |
| 7. എരനെല്ലൂർ | ജൂൺ 17 | 09.30 am. |
| 8. ആറമ്പിള്ളി | ജൂൺ 17 | 09.30 am. |
| 9. വാക | ജൂൺ 17 | 09.30 am. |
| 10. പേരകം | ജൂൺ 17 | 02.00 pm. |
| 11. തൊയക്കാവ് | ജൂൺ 17 | 02.00 pm. |
| 12. പൊന്നൂക്കര | ജൂൺ 17 | 02.00 pm. |
| 13. കോട്ടപ്പടി | ജൂൺ 18 | 09.30 am. |
| 14. വരവൂർ | ജൂൺ 18 | 09.30 am. |

15. പെരിഞ്ചേരി ........................................ ജൂൺ 18 ........................... 09.30 am.
16. ആറ്റുപുറം ........................................ ജൂൺ 18 ........................... 02.00 pm.
17. മുക്കാട്ടുകര ........................................ ജൂൺ 18 ........................... 02.00 pm.
18. കുറ്റൂർ ........................................ ജൂൺ 19 ........................... 09.30 am.
19. പഴയന്നൂർ ........................................ ജൂൺ 19 ........................... 09.30 am.
20. പങ്ങാരപ്പിള്ളി ........................................ ജൂൺ 19 ........................... 09.30 am.
21. ഭരത ........................................ ജൂൺ 19 ........................... 02.00 pm.
22. ചെമ്മണ്ണൂർ ........................................ ജൂൺ 19 ........................... 02.00 pm.
23. മായന്നൂർ ........................................ ജൂൺ 19 ........................... 02.00 pm.
24. പീച്ചി ........................................ ജൂൺ 20 ........................... 09.30 am.
25. ഏങ്ങണ്ടിയൂർ ........................................ ജൂൺ 20 ........................... 09.30 am.
26. പഴുവിൽ ........................................ ജൂൺ 20 ........................... 09.30 am.
27. പുതുരുത്തി ........................................ ജൂൺ 20 ........................... 02.00 pm.
28. കാവീട് ........................................ ജൂൺ 20 ........................... 02.00 pm.
29. ബ്രഹ്മകുളം ........................................ ജൂൺ 20 ........................... 02.00 pm.
30. കണ്ടാണശ്ശേരി ........................................ ജൂൺ 23 ........................... 09.30 am.
31. പുത്തൻപീടിക ........................................ ജൂൺ 23 ........................... 09.30 am.
32. മുറ്റിച്ചൂർ ........................................ ജൂൺ 23 ........................... 09.30 am.
33. നോർത്ത് പുതുക്കാട് ........................................ ജൂൺ 23 ........................... 02.00 pm.
34. പാലക്കൽ ........................................ ജൂൺ 23 ........................... 02.00 pm.
35. അരിമ്പൂർ ........................................ ജൂൺ 24 ........................... 09.30 am.
36. പുറനാട്ടുകര ........................................ ജൂൺ 24 ........................... 09.30 am.
37. അടാട്ട് ........................................ ജൂൺ 24 ........................... 09.30 am.
38. വാടാനപ്പിള്ളി ........................................ ജൂൺ 24 ........................... 02.00 pm.
39. പുതുശ്ശേരി ........................................ ജൂൺ 24 ........................... 02.00 pm.
40. മറ്റം ........................................ ജൂൺ 25 ........................... 09.30 am.
41. എളവള്ളി ........................................ ജൂൺ 25 ........................... 09.30 am.
42. പൂങ്കുന്നം ........................................ ജൂൺ 25 ........................... 09.30 am.
43. കുട്ടംകുളം ........................................ ജൂൺ 25 ........................... 02.00 pm.
44. നിർമ്മലപുരം ........................................ ജൂൺ 25 ........................... 02.00 pm.
45. ചൂണ്ടൽ ........................................ ജൂൺ 26 ........................... 09.30 am.
46. വീണ്ടശ്ശേരി ........................................ ജൂൺ 26 ........................... 09.30 am.

## 3. തെരട്ട് സമർപ്പിക്കൽ

2014 ജൂലൈ 7-ാം തിയ്യതി തിങ്കളാഴ്ച മുതൽ 2013-2014 വർഷത്തെ പള്ളികളുടെ തെരട്ട് സമർപ്പിക്കൽ ആരംഭിക്കുന്നതാണ്. വിശദാംശങ്ങൾ അടുത്ത മാസത്തെ ബുള്ളറ്റിനിൽ കൊടുക്കുന്നതാണ്.

## 4. Income Tax Return Filing

12 A Registration ലഭിച്ച എല്ലാ പള്ളികളോടും സ്ഥാപനങ്ങളോടും Income Tax Return File ചെയ്യാൻ നിയമാനുസൃതമായി Income Tax Office ൽ നിന്നും ആവശ്യപ്പെടുന്നുണ്ട്. ഇതനുസരിച്ച് എല്ലാ പള്ളികളും സ്ഥാപന ങ്ങളും Income Tax Return എല്ലാ വർഷവും File ചെയ്യേണ്ടതാണ്. ഇതിന് സഹായിക്കേണ്ടത് Charted Accounts ആണ്. ആയതിനാൽ സ്ഥാപനങ്ങളും പള്ളികളും ഓഡിറ്റു നടത്തുന്ന Charted Accounts നെ ഇതിനുവേണ്ടി സമീ പിക്കേണ്ടതും Income Tax Return File ചെയ്യേണ്ടതുമാണ്

## 5. വരവ് - ചെലവ് കണക്കുകൾ - മാർച്ച് 31, 2014

| | പെസഹാ വ്യാഴം | മിഷൻ ഞായർ | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|---|---|
| 1. അരണാട്ടുകര | - | 43392 | - | - | - |
| 2. ആർത്താറ്റ് | 10000 | - | - | - | - |
| 3. അവിണിശ്ശേരി | 6900 | - | 920 | 3135 | 2565 |
| 4. കടങ്ങോട് | - | 4000 | - | - | - |
| 5. കാവീട് | - | 9535 | - | - | - |
| 6. കോട്ടപ്പടി | - | 269956 | - | - | - |
| 7. കൊട്ടേക്കാട് | - | 31400 | - | - | - |
| 8. കുന്നംകുളം | - | - | - | 3330 | - |
| 9. കുട്ടംകുളം | - | 9870 | - | - | - |
| 10. മുക്കാട്ടുകര | - | 39845 | - | - | - |
| 11. നെഹ്റുനഗർ | - | - | 3420 | 4400 | - |
| 12. നിർമ്മലപുരം | - | 20100 | - | - | - |
| 13. പടവരാട് | - | 48110 | - | - | - |
| 14. പറപ്പൂർ | 45318 | 67883 | - | - | - |

| | | | | | |
|---|---|---|---|---|---|
| 15. പാവറട്ടി | 112790 | - | - | - | - |
| 16. ലൂർദ്ദ് കത്തീഡ്രൽ | - | 253222 | - | - | - |
| 17. പള്ളിക്കുന്ന് | 62706 | - | - | - | - |
| 18. വെണ്ടോർ | - | 87712 | - | - | - |

## 6. മാർ കുണ്ടുകുളം ട്രസ്റ്റിൽനിന്നും വിവാഹസഹായം

| | | | |
|---|---|---|---|
| 1. അഞ്ഞൂർ | 5000 | 2. പട്ടിക്കാട് | 5000 |
| 3. മാടക്കത്തറ | 5000 | 4. കാവീട് | 10000 |
| 5. പനമുക്ക് | 5000 | 6. ചെങ്ങാലൂർ | 5000 |
| 7. മാന്ദാമംഗലം | 5000 | 8. എരുമപ്പെട്ടി | 5000 |
| 9. മച്ചാട് | 5000 | 10. പൊങ്ങണംകാട് | 5000 |

## 7. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്

| | | | |
|---|---|---|---|
| ഭവനനിർമ്മാണം | 10000 | ചികിത്സ | 15000 |
| വിവാഹം | 25000 | | |

## 8. സാമ്പത്തിക സഹായം

| | | | |
|---|---|---|---|
| 1. മനക്കൊടി | 100000 | 2. വെള്ളാനിക്കോട് | 100000 |
| 3. കൂത്തുപാറ കുരിശുപള്ളി പൂമല | 100000 | 4. സരിതപുരം | 50000 |

| | | | |
|---|---|---|---|
| വിദ്യാഭ്യാസം | 11300 | ഭവനനിർമ്മാണം | 113600 |
| വിവാഹം | 27500 | ചികിത്സ | 69700 |

**ഫാ. ജോസ് ചാലക്കൽ**
ഫിനാൻസ് ഓഫീസർ



# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് കരിപ്പേരി | 01 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 03 |
| ഫാ. ജോൺ മൂലൻ | 03 |
| ഫാ. രാജു അക്കര | 04 |
| ഫാ. ജെയ്സൻ മാറോക്കി | 04 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 04 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 05 |
| ഫാ. ജോസഫ് വൈക്കാടൻ | 05 |
| ഫാ. സെബാസ്റ്റ്യൻ പെരൂട്ടിൽ | 07 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 07 |
| ഫാ. പോൾ പേരാമംഗലത്ത് | 08 |
| ഫാ. സിന്റോ തൊറയൻ | 08 |
| ഫാ. ജോജു പനക്കൽ | 11 |
| ഫാ. ലൂവീസ് ചാലക്കൽ | 13 |
| ഫാ. പോൾ തേക്കാനത്ത് | 14 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 15 |
| ഫാ. ആന്റണി അമ്മുത്തൻ | 15 |
| ഫാ. മാത്യു വെട്ടത്ത് | 15 |
| ഫാ. ജോബ് പടയാട്ടിൽ | 16 |
| ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. റാഫേൽ മുത്തുപീടിക | 19 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. സിന്റോ പൊറത്തൂർ | 21 |
| ഫാ. ജോസ് എടക്കളത്തൂർ | 21 |
| ഫാ. ടോണി അരിമ്പൂർ | 21 |
| ഫാ. പോൾ കാട്ടൂക്കാരൻ | 21 |
| ഫാ. അലക്സ് മരോട്ടിക്കൽ | 25 |

ഫാ. ജോൺ ചെമ്മണ്ണൂർ 27
ഫാ. പോൾ മാറോക്കി 28
ഫാ. പ്രിൻസ് പിണ്ടിയാൻ 29
ഫാ. സൈജോ തൈക്കാട്ടിൽ 29
ഫാ. ഡെന്നി ചിറയത്ത് 30
ഫാ. മേജോ മരോട്ടിക്കൽ 30
ഫാ. ജോഫി ചിറ്റിലപ്പിള്ളി 31

## നാമഹേതുകതിരുനാളുകൾ

ഫാ. ഡൊമിനി ചാഴൂർ 06
ഫാ. ഡൊമിനിക് തലക്കോടൻ 06
ഫാ. ജോസ് പുലിക്കോട്ടിൽ 01
ഫാ. ജോസഫ് വൈക്കാടൻ 01
ഫാ. സാവിയോ (ടിന്റോ) തലോണിക്കര 06
ഫാ. ജോബി പുത്തൂർ 01
ഫാ. ജോസ് ചിറ്റിലപ്പിള്ളി 01
ഫാ. ജേക്കബ് ചെറയത്ത് 03
ഫാ. സൈജൻ വാഴപ്പിള്ളി 10
ഫാ. ജോയ് കിടങ്ങൻ 16
ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ 16
ഫാ. ജോസ് തത്രത്തിൽ 01

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

ഫാ. എരിഞ്ഞേരി മാർസെലിനിയോസ് 12-05-1892
ഫാ. അമ്പൂക്കൻ യോഹന്നാൻ 09-05-1929
ഫാ. ചീരമ്പൻ പൊറിഞ്ചു 07-05-1933
ഫാ. ചെറയത്ത് ഔസേപ്പ് 10-05-1936
ഫാ. ആലപ്പാട്ട് ജോൺ 07-05-1944
മോൺ. എടക്കളത്തൂർ മാത്യു 20-05-1947

| | |
|---|---|
| ഫാ. അമ്പൂക്കൻ അഗസ്റ്റിൻ | 16-05-1951 |
| മോൺ. പുതുശ്ശേരി ആന്റണി | 25-05-1957 |
| ഫാ. പാലയൂർ ജോർജ്ജ് | 27-05-1958 |
| ഫാ. അക്കര ജോൺ | 09-05-1963 |
| ഫാ. അറക്കൽ ജേക്കബ് | 13-05-1965 |
| ഫാ. പാറനിലം ജോസഫ് | 29-05-1970 |
| ഫാ. വടക്കൂട്ട് ജേക്കബ് | 19-05-1971 |
| ഫാ. താണിക്കൽ മാത്യു | 13-05-1972 |
| ഫാ. തെക്കിനിയത്ത് ആന്റണി (സീനിയർ) | 05-05-1976 |
| ഫാ. വലിയവീട്ടിൽ ജോർജ്ജ് | 10-05-1976 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 20-05-1979 |
| ഫാ. വേഴപറമ്പിൽ ജേക്കബ് | 10-05-1981 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 15-05-1989 |
| ഫാ. മഞ്ഞളി പോൾ (സീനിയർ) | 11-05-1995 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 31-05-1996 |
| ഫാ. പെല്ലിശ്ശേരി ആന്റണി | 23-05-1999 |
| ഫാ. ആളൂർ ജെയിംസ് | 17-05-2009 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 13-05-2010 |
| ഫാ. പോൾ പുതുശ്ശേരി | 18-05-2011 |

**അതിരൂപതയുടെ സ്മരണാഞ്ജലി**

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

19.02.2014. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ മരിയ പ്രീതി ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റലിൽ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ സംബന്ധിച്ചു.

20.02.2014. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ മരിയ പ്രീതി മുണ്ടത്തിക്കോട് സി.കെ.സി.എൽ.പി. സ്കൂളിൽ നിന്നും ഈ വർഷം വിരമിക്കുന്ന ബഹു. സി. ബീഡിന്റെ യാത്രയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

26.02.2014. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ മരിയ പ്രീതി മുല്ലശ്ശേരി സെന്റ്. ജോസഫ് എൽ.പി. സ്കൂളിൽ നിന്നും ഈ വർഷം വിരമിക്കുന്ന ബഹു. സി. അക്വീലയുടെ യാത്രയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

എഫ്.സി.സി. കപ്പൂച്ചിൻ സെന്റ് തോമസ് പ്രോവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി തെരഞ്ഞെടുക്കപ്പെട്ട റവ. ഫാ. റാഫി പാല്യേക്കരയെയും ടീമംഗങ്ങളെയും സി. റോസ് അനിതയും കൗൺസിലേഴ്സും സന്ദർശിച്ച് മംഗളമാശംസിച്ചു.

സി.എസ്.എസ്. സ്ഥാപകപിതാവ് മോ. പോൾ ചിറ്റിലപ്പിള്ളിയുടെ 33-ാം ചരമവാർഷികത്തോടനുബന്ധിച്ച് സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഒരു ദിവസത്തെ ധ്യാനവും കലാപരിപാടികളും ഉണ്ടായിരുന്നു. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഫാ. ആന്റണി മേച്ചേരി ധ്യാനചിന്തകൾ പങ്കുവെച്ചു. പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ ഭവനങ്ങളിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു. ചരമവാർഷികദിനമായ മാർച്ച് 12 ന് രാവിലെ 6.30ന് സ്നേഹോദയപ്രൊവിൻഷ്യൽ ഹൗസിൽ വച്ച് തൃശൂർ അതിരൂപതാ വികാരി ജനറാൾ റവ. ഡോ. ജോർജ് കോമ്പാറ അനുസ്മരണബലി അർപ്പിച്ചു.

03.03.2014. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫ് അടാട്ട് നിത്യസഹായമാതാ കോൺവെന്റിൽ കാനോനിക സന്ദർശനം നടത്തി.

04.03.2014 എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രോവിൻഷ്യൽ ഹൗസിൽവച്ച് മദർ ലിറ്റിൽ മരിയ തെക്കേക്കരയുടെ നേതൃത്വത്തിൽ സുപ്പീരിയേഴ്സ് കോഫ്രൻസ് നടന്നു. ഉച്ചയ്ക്ക് നടത്തിയ Social Advisory meeting ന് സി. ആനീസ് നെല്ലിക്കുന്നേൽ (കോതമംഗലം) ക്ലാസ്സുകൾ നൽകി. പ്രൊവിൻഷ്യൽ ടീമംഗങ്ങളും എല്ലാ മഠങ്ങളിലേയും സുപ്പീരിയേഴ്സും സോഷ്യൽ അപ്പോസ്റ്റൊലേറ്റ് ഇൻചാർജും ഈ ക്ലാസ്സിൽ സംബന്ധിച്ചു.

സി.എച്ച്.എഫ്. അഭിവന്ദ്യ ബോസ്ക്കോ പുത്തൂർ പിതാവ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. മെൽബൺ രൂപതയിലേയ്ക്ക് പോകുവാൻ ഒരുങ്ങുന്ന അഭിവന്ദ്യപിതാവിന് പ്രാർത്ഥനാശുശ്രൂഷ നടത്തി ആശംസ നേർന്നു.

05.03.2014 എസ്.എ.ബി.എസ്. സീറോമലബാർ പ്രവാസികൾക്കായി പുതിയതായി രൂപം കൊണ്ട മെൽബൺ രൂപതയുടെ നിയുക്തമെത്രാൻ മാർ ബോസ്ക്കോ പുത്തൂർ ചേറ്റുപുഴ പ്രോവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

07.03.2014. സി.എച്ച്.എഫ്. അരണാട്ടുകര പാവനാത്മ കോൺവെന്റിൽ നവജ്യോതി പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫ് കാനോനിക സന്ദർശനം നടത്തി.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് കോഫ്രൻസ് നടന്നു.

സി.എസ്.എം. 1951 മുതൽ 1997 വരെ നിത്യവ്രതം ചെയ്ത ബഹു. സിസ്റ്റേഴ്സിനു വേണ്ടി CSM ലൂർദ്ദ്നാഥാ പ്രോവിൻഷ്യൽ ഹൗസിൽ ഒരു കോഴ്സ് 7,8,9 തിയ്യതികളിൽ നടത്തുകയുണ്ടായി.

08.03.2014. DBCLC യിൽ നടത്തിയ പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിൽ സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫ്, എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ സി. ലിറ്റിൽ മരിയ തെക്കേക്കര, എഫ്.സി.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത, സി.എസ്.എം. ലൂർദ്ദ് നാഥ പ്രോവിൻഷ്യാൾ റവ. സി. ബിയാട്രീസ് തുടങ്ങിയവർ പങ്കെടുത്തു.

സി.എസ്.എസ്. എളവള്ളി ഇടവകയിൽ ഫെബ്രുവരി 8 മുതൽ 15 വരെ 10 സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി.

സി.എച്ച്.എഫ്. ജനറലേറ്റിൽ സംഘടിപ്പിച്ച Young Sisters meet

-ൽ നവജ്യോതി പ്രോവിൻസിൽ നിന്നും 80 സിസ്റ്റേഴ്സ് പങ്കെടുത്തു.

സി.എം.സി. സി. ഐമിയുടെ നേതൃത്വത്തിൽ അട്ടപ്പാടി സെഹിയോൻ ടീം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ 'MISPA' follow up ൽ 110 ഓളം സി സ്റ്റേഴ്സ് പങ്കെടുത്തു.

09.03.2014. സി.എച്ച്.എഫ്. സെന്റിനറിയോടനുബന്ധിച്ച് കുഴിക്കാട്ടുശ്ശേരി വാ. മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിൽ നടത്തിയ 40 മണിക്കൂർ ആരാധനയിൽ നവജ്യോതി പ്രോവിൻസിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ച് പ്രാർത്ഥിച്ചു.

10.03.2014. സി.എച്ച്.എഫ്. ഈ വർഷം ആദ്യവ്രതം സ്വീകരിക്കുന്ന 16 നോവിസസ്സ് പ്രാർത്ഥനാദിനങ്ങളിലേക്ക് പ്രവേശിച്ചു.

14.03.2014. എസ്.എ.ബി.എസ്. 60 വയസ്സിനു മുകളിൽ പ്രായമുള്ള സിസ്റ്റേഴ്സിനായുള്ള 3 ദിവസത്തെ Spiritual Enrichment Programme ചേറ്റുപുഴ പ്രോവിൻഷ്യൽ ഹൗസിൽവച്ച് നടത്തി. 21 സിസ്റ്റേഴ്സ് ഇതിൽ പങ്കെടുത്തു.

15.03.2014. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 60 നും 75 നും ഇടയിൽ പ്രായമുള്ള സിസ്റ്റേഴ്സിന് സംഗമം നടത്തി.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വൊക്കേഷൻ പ്രമോട്ടേഴ്സിന് മീറ്റിംഗ് നടത്തി.

എസ്.എ.ബി.എസ്. ചങ്ങനാശ്ശേരി വികാസിൽവച്ച് Founder's Cause Meeting ൽ സി. റോസിലി മഞ്ഞളി, സി. മേരി പെരേപ്പാടൻ എന്നിവർ സംബന്ധിച്ചു. ഇടവകകളിൽ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിന് കുട്ടികളെ ഒരുക്കുവർക്കായി DBCLC -ൽ വച്ച് നടത്തിയ മീറ്റിംഗിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

16.03.2014. എഫ്.സി.സി. മാർച്ച് 16 മുതൽ 21 വരെ തിരൂർ റിന്യൂവൽ സെന്ററിൽ വെച്ച് നടത്തിയ ധ്യാനത്തിൽ 95 സിസ്റ്റേഴ്സ് സംബന്ധിച്ചു.

സി.എം.സി. പ്രൊവിൻഷ്യൽ പ്ലിനറി മീറ്റിങ്ങ് 2 p.m മുതൽ 6 p.m വരെ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. പ്രൊവിൻഷ്യൽ ഹൗസിൽ കാനോനിക സന്ദർശനം ആരംഭിച്ചു.

18.03.2014 എസ്.എ.ബി.എസ്. മദർ ലിറ്റിൽ മരിയ തെക്കേക്കര, ജനറലേറ്റിൽ കോമ ജൂണിയറേറ്റിലുള്ള സിസ്റ്റേഴ്സിനെ സന്ദർശിച്ചു.

20.03.2014. സി.എം.സി. മാർ റാഫേൽ തട്ടിൽ പിതാവ് പ്രൊവിൻഷ്യൽ

ഹൗസിൽവച്ച് വി. ബലി അർപ്പിക്കുകയും പുതിയ ഉത്തരവാദിത്വം ഏറ്റെടുത്ത പിതാവിന് നിർമ്മല പ്രോവിൻസിന്റെ പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

21.03.2014 എസ്.എ.ബി.എസ്. മദർ ലിറ്റിൽമരിയ തെക്കേക്കര തൃശൂർ ഭവനത്തിൽ പോസ്റ്റുലൻസിനെ കണ്ട് ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി.

22.03.2014 എസ്.എ.ബി.എസ്. സി. ഇഗ്നേഷ്യയുടെ 7-ാം ചരമദിനം പടവരാട് ശാന്തി ഭവനിൽവച്ച് അർപ്പിച്ച വിശുദ്ധ ബലിയോടുകൂടി ആചരിച്ചു. സിസ്റ്ററിന്റെ കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും പ്രോവിൻസിലെ എല്ലാ ഭവനസമൂഹങ്ങളിൽ നിന്നുമുള്ള സിസ്റ്റേഴ്സും ഇടവകയിലുള്ള FCC Convent - ലെ ഏതാനും സിസ്റ്റേഴ്സും ഇതിൽ സംബന്ധിച്ചു.

24.03.2014. സി.എം.സി. വിദ്യാലയങ്ങളിൽ നിന്നും കലാലയങ്ങളിൽ നിന്നും റിട്ടയർചെയ്യുന്ന അദ്ധ്യാപകരെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വിളിച്ചുകൂട്ടി. അവരുടെ നിസ്വാർത്ഥ സേവനങ്ങളെ അനുസ്മരിച്ച് memento നൽകി അനുമോദിച്ചു.

സി.എസ്.എം. നോർത്ത് പ്രോവിൻഷ്യൽ ഹൗസിൽ വെച്ച് 25,26,27,28-ൽ നടത്തിയ ദൈവവിളി ക്യാമ്പിൽ 15 കുട്ടികൾ പങ്കെടുത്തു.

25.03.2014. എഫ്.സി.സി. മിസ്സോറാമിൽ പുതുതായി പണി ചെയ്ത രണ്ട് കോവെന്റുകളുടെയും വെഞ്ചെരിപ്പ് കർമ്മത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും കൗൺസിലർ സി. റോസ്മിൻ മാത്യുവും സംബന്ധിച്ചു.

സി.എസ്.എസ്. പരിശുദ്ധ അമ്മയുടെ മംഗളവാർത്താതിരുനാൾ ദിനത്തിൽ സ്നേഹോദയ പ്രൊവിൻഷ്യൽഹൗസിൽ വച്ച് 4 പോസ്റ്റുലൻസ് നോവിഷ്യേറ്റിൽ പ്രവേശിച്ചു.

27.03.2014. സി.എസ്.സി. 2014 ഏപ്രിൽ 28ന് നിത്യവ്രതം ചെയ്യു സിസ്റ്റേഴ്സ് പരിശീലന ഘട്ടത്തിന്റെ ഭാഗമായി പ്രണിധാനത്തിൽ പ്രവേശിച്ചു.

എഫ്.സി.സി. രണ്ടാംവർഷ നോവീസസ് രണ്ടുമാസത്തെ റീജിയൻസിക്കായി വിവിധ ഭവനങ്ങളിലേക്ക് പോയി.

29.03.2014. സി.എസ്.സി. സുപ്പീരിയർ ജനറൽ ബഹു. മദർ ആശ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. മദർ മരിയ പ്രീതി KCMS ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

സി.എസ്.സി. സുപ്പീരിയർ ജനറൽ ബഹു. മദർ ആശ, പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. മദർ മരിയ പ്രീതി സി.എസ്.സി കൗൺസിലേഴ്സ്, സിസ്റ്റേഴ്സ്, എന്നിവർ വന്ദ്യനായ ഫാ. കനീസിയൂസച്ചന്റ ദൈവദാസ പ്രഖ്യാപനചടങ്ങിൽ പങ്കെടുത്തു.

എഫ്.സി.സി. തൃശൂർ അസ്സീസി പ്രോവിൻസിൽ എല്ലാ ഭവനങ്ങളിലും നോമ്പുകാല പരിഹാരദിനം ആചരിച്ചു.

എഫ്.സി.സി. 'Innovative Ministries Envisioned by Pope Francis' എ വിഷയത്തെ അധികരിച്ച് പി.ഒ.സി. യിൽ നടന്ന സമ്മേളനത്തിൽ സി. ലിറ്റിൽ മേരി, സി. സെലിൻ മരിയ, സി. മെറിൻ, സി. സിയ എന്നിവർ പങ്കെടുത്തു.

സി.എസ്.എം. റവ. ഫാ കനേസിയൂസ് തെക്കേക്കര സി. എം.ഐ-യെ ദൈവദാസപദവിയിലേക്ക് ഉയർത്തപ്പെടുന്ന ചടങ്ങിൽ സി.എസ്.എം. നോർത്ത് പ്രോവിൻഷ്യാൾ റവ.സി.ബിയാട്രീസും ബഹുമാനപ്പെട്ട സിസ്റ്റേഴ്സും പങ്കെടുത്തു.

30.03.2014. സി.എച്ച്.എഫ്. സി. ജെയിൻ മരിയയുടെ ഹൈകോർട്ടിൽ നടത്തിയ എൻറോൾ മെന്റ്-ൽ പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫും വികാർ പ്രൊവിൻഷ്യലും പങ്കെടുത്തു. സിസ്റ്റേഴ്സിനുള്ള നവീകരണ ധ്യാനം 2 ബാച്ചായി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. 160 സിസ്റ്റേഴ്സ് പങ്കെടുത്തു.

എഫ്.സി.സി. ഗുരുവായൂർ ലിസ്യുകോൺവെന്റിൽവെച്ച് നടന്ന ഫിയാത്ത് ധ്യാനത്തിൽ വിവിധ പ്രോവിൻസുകളിൽ നിന്നുള്ള സിസ്റ്റേഴ്സ് സംബന്ധിച്ചു.

പഴുവിൽ, പേരാമംഗലം, ചിറ്റാട്ടുകര എന്നീ ഇടവകകളിൽ നടന്ന ഹോം മിഷൻ പരിപാടികൾക്ക് അസ്സീസി പ്രോവിൻസിലെ സിസ്റ്റേഴ്സ് നേതൃത്വം കൊടുത്തു.

സി.എം.സി. സന്യാസാർത്ഥിനികളുടെ കുടുംബാംഗങ്ങളെ പ്രൊവിൻഷ്യൽ ഹൗസിൽ വിളിച്ചുകൂട്ടി. ക്ലാസ്സെടുത്ത് കുടുംബാംഗങ്ങളെ പ്രബുദ്ധരാക്കി.

സി.എസ്.എം.നോർത്ത് പ്രോവിൻസിൽ സിൽവർ ജൂബിലിയുടെ ഭാഗമായി CSR -ൽ ഒരുമാസത്തെ പ്രാർത്ഥനയിലും കോഴ്സിലും ആയിരു ബഹു. സി സ്റ്റേഴ്സ് തിരിച്ചെത്തി.

31.3.2014 എഫ്.സി.സി. ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് പ്രിൻസിപ്പലായി സി. ട്രീസ ഡൊമിനിക് ചാർജ്ജെടുത്തു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ ജൂനിയർ സിസ്റ്റേഴ്സിന്റെ വ്രതാർപ്പണത്തിനു ഒരുക്കമായി ധ്യാനം നടത്തി.

സി.എം.സി. എല്ലാ സുപ്പീരിയേഴ്സിനുമായി അഞ്ച് ദിവസത്തെ കോഴ്സ് പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. വാ. എവുപ്രാസ്യമ്മ സുപ്പീരിയറായതിന്റെ നൂറാം വാർഷികമായതിനാൽ സുപ്പീരിയേഴ്സ് ഒല്ലൂർ സെന്റ് മേരീസിൽ ഒത്തുകൂടി. വൈസ് പോസ്റ്റുലേറ്റർ സി. ക്ലിയോപാട്ര എല്ലാവരെയും വാ. എവുപ്രാസ്യമ്മയുടെ ആദ്ധ്യാത്മികതയിലേക്ക് നയിച്ചു.

03.04.2013. സി.എം.സി. വാ. ചാവറയച്ചന്റെയും വാ. എവുപ്രാസ്യമ്മയുടെയും വിശുദ്ധ പദപ്രഖ്യാപനരേഖയിൽ പരി. പിതാവ് ഒപ്പ്വച്ചു. എല്ലാ മഠങ്ങളിലും ആഹ്ലാദം പങ്കിടുകയും പ്രത്യേക പ്രാർത്ഥനയും പ്രദക്ഷിണവും നടത്തുകയും ചെയ്തു. അഭിവന്ദ്യ പിതാക്കൻമാരും വൈദീകരും സിസ്റ്റേഴ്സും നാനാജാതി മതസ്ഥരും കബറിടം സന്ദർശിച്ച് അനുഗ്രഹം ഏറ്റുവാങ്ങി.

**ആദരാഞ്ജലികൾ**



15.03.2014. സി.എം.സി. ചൂണ്ടൽ സാൻതോം കോൺവെന്റിലെ സി. മേരി റീന അന്ത്യകൂദാശകൾ സ്വീകരിച്ച് ദൈവപിതാവിന്റെ സിധിയിലേക്ക് പറന്നുയർന്നു. രാമനാഥപുരം അഭിവന്ദ്യപിതാവ് മാർ പോൾ ആലപ്പാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിച്ചു.



18.03.2014. എസ്.എ.ബി.എസ്. പടവരാട് ശാന്തി ഭവൻ അംഗമായ സി.ഇഗ്നേഷ്യ (81) വൈകീട്ട് 5.15 –ന് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു.



26.03.2014. എസ്.എൻ.ഡി.എസ്. മുളയം നിർമ്മലദാസി സമൂഹാംഗമായ സിസ്റ്റർ തങ്കമ്മ കവലക്കാട്ട് (77) കർത്താവിൽനിദ്രപ്രാപിച്ചു. മൃതസംസ്കാരശുശ്രൂഷ തൃശൂർ അതിരൂപത വികാരി ജനറൽ ബഹുമാനപ്പെട്ട ജോർജ്ജ്



കോമ്പാറ അച്ചന്റ മു ഖ്യകാർമ്മികത്വത്തിൽ നടന്നു.

28.03.2014. സി.എച്ച്.എഫ്. ഒളരിക്കര ഹോളിഫാമലിഭവനാംഗമായ സി. അഡോൾഫ് നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷ വികാർ ജനറാൾ റവ. ഫാ. ജോർജ്ജ് കോമ്പാറയുടെ മുഖ്യകാർമ്മീകത്വത്തിൽ നടത്തി.



29.03.2014. സി.എച്ച്.എഫ്. അരണാട്ടുകര ഇൻഫന്റ് ജീസസ്സ് ഭവനാംഗമായ സി. ഫിദേലീസ്. നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷ അതിരൂപത ചാൻസിലർ റവ.ഫാ. ആക്കാമറ്റത്തിന്റെ മുഖ്യകാർമ്മീകത്വത്തിൽ നടത്തി.

സി. ആർ. ഐ. സെക്രട്ടറി
**സി. ഡോണ കുമ്പുക്കൽ SNDS**

# സ്ഥാപനങ്ങൾ

PH : 2420891

## സെന്റ് മേരീസ് മൈനർ സെമിനാരി

**ദൈവവിളി വാരം സമാപിച്ചു**

ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനും ദൈവവിളികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ പള്ളിയിൽ ഏപ്രിൽ 7 മുതൽ 12 വരെ ദൈവവിളി വാരമായി ആചരിച്ചു.

വിവിധ സന്യാസസമൂഹങ്ങളിലെ ബ. വൈദികരും സിസ്റ്റേഴ്സും ബ്രദേഴ്സും അർത്ഥിനികളും അല്മായരും ദിവ്യകാരുണ്യസന്നിധിയിൽ ആരാധന നടത്തി. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ഏപ്രിൽ 7 ന് ദിവ്യബലിയോടുകൂടി പ്രാർത്ഥന ഉപവാസയജ്ഞത്തിനു ആരംഭം കുറിച്ചു. അഭിവന്ദ്യ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ സമാപാന കുർബ്ബാനയോടുകൂടി ദൈവവിളിവാരം സമാപിച്ചു. ദൈവവിളി വാരത്തിലെ എല്ലാ തിരുക്കർമ്മങ്ങൾക്കും നേതൃത്വം കൊടുക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

**ദൈവവിളി ക്യാമ്പുകൾ**

അതിരൂപതയിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി സംഘടിപ്പിക്കപ്പെട്ട ദൈവവിളി ക്യാമ്പുകൾ വിജയകരമായി സമാപിച്ചു. ബഹു. ലോറൻസ് തൈക്കാട്ടിലച്ചനായിരുന്നു ക്യാമ്പുകൾക്ക് നേതൃത്വം കൊടുത്തത്. ക്യാമ്പുകൾ വിജയപ്രദമാക്കാൻ സഹകരിച്ച മേജർ-മൈനർ സെമിനാരി വിദ്യാർത്ഥികൾക്കും ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും സിസ്റ്റേഴ്സിനും പ്രത്യേകം നന്ദിയർപ്പിക്കുന്നു.

**ദൈവദർശൻ ക്യാമ്പുകൾ**

ഏപ്രിൽ 3 മുതൽ 30 വരെ അതിരൂപതയിലെ വിവിധ ഇടവകകളിൽ നടത്തപ്പെട്ട ദൈവദർശൻ ക്യാമ്പുകൾ സമാപിച്ചു. ഇടവകകളിലെ 5-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സുവരെയുള്ളവർക്കായി സംഘടിപ്പിക്കപ്പെട്ട ഈ ക്യാമ്പുകൾക്ക് നേതൃത്വം കൊടുത്തത് അതിരൂപതയിലെ വൈദികവിദ്യാർത്ഥികളാണ്. അവരെ ഈ ക്യാമ്പിനായി ഒരുക്കിയ ബഹു. വിൻസെന്റ് കുണ്ടുകുളച്ചന് പ്രത്യേകം നന്ദിപറയുന്നു. ഇടവകകളിലെ വികാരിയച്ചന്മാരെയും കൊച്ചച്ചന്മാമാരെയും മതാദ്ധ്യാപകരെയും ബഹു. സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

**വൈദികവസ്ത്ര സ്വീകരണം**

റീജൻസി പരിശീലനം പൂർത്തിയാക്കി ദൈവശാസ്ത്രപഠനത്തിനായി

പോകുന്ന വൈദികവിദ്യാർത്ഥികളുടെ വൈദികവസ്ത്രസ്വീകരണം മെയ് 10 ഉച്ചകഴിഞ്ഞ് 2.30ന് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെടുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. റവ. സിസ്റ്റർ പ്രൊവിൻഷ്യൽ, നിർമ്മൽ റാണി അഡോറേഷൻ പ്രൊവിൻഷ്യൽ ഹൗസ്, ചേറ്റുപുഴ
2. ശ്രീമതി സെലിൻ ജേക്കബ്, വാഴപ്പിള്ളി ഹൗസ്, മൈലിപാടം, തൃശ്ശൂർ
3. റവ. സിസ്റ്റർ സുപ്പീരിയർ, അസ്സീസി എഫ്.സി. കോൺവെന്റ്, തൃശ്ശൂർ
4. ശ്രീ. പി.ടി. വിൻസെന്റ്, പൊറത്തൂർ ഹൗസ്, മുണ്ടൂർ
5. ഡോ. ഹാപ്പി ജോണി, 'ഐശ്വര്യഭവൻ' വാകയിൽ ഹൗസ്, അമല നഗർ
6. ശ്രീ. ജോൺസൺ എ.ഡി., അരിമ്പൂർ ഹൗസ്, അമ്മാടം
7. ശ്രീ. എ. ഒ. ജേക്കബ്, അരിമ്പൂർ ഹൗസ്, ഒല്ലൂർ
8. റെവ. ഫാ. ജോസ് ഐനിക്കൽ (ശ്രീമതി ഏല്യക്കുട്ടിയുടെ ഓർമ്മയ്ക്ക്) ചെങ്ങാലൂർ
9. ശ്രീമതി അൽഫോൺസ പോൾസൺ, ആളൂർ കൊക്കൻ ഹൗസ്, മഡോണ നഗർ, കാച്ചേരി
10. ശ്രീ. ജസ്റ്റിൻ ടി പ്രോസ്പർ, തേറാട്ടിൽ ഹൗസ്, മനക്കൊടി
11. ശ്രീ. റോഫി റാഫേൽ, കുത്തൂർ ഹൗസ്, കൂനംമൂച്ചി

വൈദികപരിശീലനത്തിനായി പ്രാർത്ഥിച്ചും സാമ്പത്തിക സഹായം നൽകിയും അതിരൂപതയോടു സഹകരിക്കുന്ന ഞങ്ങളുടെ സ്നേഹമുള്ള ഉപകാരികൾക്ക് ഹൃദയപൂർവ്വം നന്ദിപറയുന്നു. നിത്യപുരോഹിതനായ ഈശോ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. റോയ് മൂക്കൻ**

# പബ്ലിക് റിലേഷൻസ് വകുപ്പ്

## എഡിറ്റർമാരുടെ അഡ്രസ്സ്

പാരീഷ് ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുന്ന ഇടവകയിലെ ബുള്ളറ്റിൻ എഡിറ്റർമാരുടെ പേരും, പോസ്റ്റൽ അഡ്രസ്സും, മൊബൈൽ ഫോൺ നമ്പർ, ഇ.മെയിൽ അഡ്രസ്സും അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതാണ്. ഫാ. ജിയോ കടവി, ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, ആർച്ച്ബിഷപ്പ്സ് ഹൗസ്, തൃശൂർ 680 005 എന്ന വിലാസത്തിലോ, 9387109575എന്ന മൊബൈൽ നമ്പറിലോ വിളിച്ച് അറിയിക്കുമല്ലോ.

## മത്സരങ്ങൾ - വര, തൂലിക, മുഖം

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മാധ്യമ കമ്മീഷൻ അവധിക്കാലത്ത് വ്യത്യസ്തങ്ങളായി പരിശീലനക്യാമ്പുകൾ സംഘടിപ്പിക്കുന്നു. രൂപതകളിൽനിന്നും ഇടവകകളിൽനിന്നും സന്യാസ സമൂഹങ്ങളിൽനിന്നും അഭിരുചിയുള്ളവരെ ക്യാമ്പുകളിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

**1. വര - 2014 ഏപ്രിൽ 28 മുതൽ 30 വരെ**

8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ഉദ്ദേശിച്ച് ഏപ്രിൽ 28 തിങ്കളാഴ്ച രാവിലെ 10-ന് ആരംഭിച്ച് 30 ബുധനാഴ്ച ഉച്ചഭക്ഷണത്തോടെ അവസാനിക്കും. ചിത്രങ്ങൾ വരക്കാൻ താത്പര്യവും കഴിവും ഉള്ള കുട്ടികളെയാണ് ക്യാമ്പിൽ പ്രതീക്ഷിക്കുന്നത്. ചിത്രരചനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ കൊണ്ടുവരണം.

രജിസ്ട്രേഷൻ ഫീസ് : 250 രൂപ. സ്ഥലം : പി.ഒ.സി. പാലാരിവട്ടം.

**2. തൂലിക - 2014 മെയ് 19-21**

സാഹിത്യ അഭിരുചിയുള്ള തലമുറയെ രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് തൂലിക സംഘടിപ്പിക്കുന്നത്. 15 വയസ്സിനു മുകളിലുള്ള യുവജനങ്ങളെയാണ് ക്യാമ്പിൽ പ്രതീക്ഷിക്കുന്നത്. കവിത, രചന, സ്ക്രിപ്റ്റ്, എഡിറ്റോറിയൽ തുടങ്ങി എഴുത്തിന്റെ വ്യത്യസ്തമേഖലകളിലേക്ക് വെളിച്ചം പകരുന്ന രീതിയാണ് ക്യാമ്പ് വിഭാവനം ചെയ്തിരിക്കുന്നത്. ഇടവകയിലെ പാരിഷ്ബുള്ളറ്റിൻ എഡിറ്റേഴ്സിനും സംബന്ധിക്കാവുന്നതാണ്. മെയ് 19 തിങ്കളാഴ്ച രാവിലെ 10-ന് ആരംഭിച്ച് 21 ബുധനാഴ്ച ഉച്ചഭക്ഷണത്തോടെ സമാപിക്കുന്നു.

രജിസ്ട്രേഷൻ ഫീസ് : 250 രൂപ. സ്ഥലം : പി.ഒ.സി. പാലാരിവട്ടം.

**3. മുഖം – 2014 മെയ് 26 – 29**

ആധുനിക മാധ്യമലോകത്ത് സമർപ്പിതരെ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്യാമ്പ് സംഘടിപ്പിക്കുന്നത്. ഫോട്ടോഗ്രഫി, വീഡിയോഗ്രഫി, എഡിറ്റിംഗ്, സോഷ്യൽ നെറ്റ് വർക്കിംഗ്, മൊബൈൽ ആപ്സ് തുടങ്ങി വ്യത്യസ്ത മേഖലകളിലാണ് പരിശീലനം നൽകുന്നത്. മെയ് 26 തിങ്കളാഴ്ച രാവിലെ 10-ന് ആരംഭിച്ച് 29 വ്യാഴാഴ്ച ഉച്ചഭക്ഷണ ത്തോടെ അവസാനിക്കുന്നു.

രജിസ്ട്രേഷൻ ഫീസ് : 500 രൂപ. സ്ഥലം : സ്രോതസ്സ് ട്രെയിനിംഗ് സെന്റർ, സെന്റ് മേരീസ് ക്യാംപസ്, പട്ടം, തിരുവനന്തപുരം.

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2014 മെയ് 4-ന് മുമ്പ് ഫാ. ജിയോ കടവി അച്ചനെ വിളിച്ച് രജിസ്റ്റർ ചെയ്യുക. ഫോൺ : 9387109575.

**ഫാ. ജിയോ കടവി** — ഡയറക്ടർ

**ജോർജ് ചിറമ്മൽ** — സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

ഈ അവധിക്കാലത്ത് ഉത്സവങ്ങളുടേയും ആഘോഷങ്ങളുടെയും പുറകേ പോകുമ്പോൾ ഏറ്റവും വലിയ ആഘോഷമായ വി. കുർബ്ബാന യിൽ പങ്കെടുക്കാൻ മറക്കരുതേ......

ഈ അവധിക്കാലത്ത് കൂടുതൽ നന്മയിൽ വളർന്ന്, നന്മ ആർജ്ജിച്ച്, ഒരു നല്ല അദ്ധ്യയനവർഷം സഫലമാകട്ടെ.

എല്ലാവർക്കും ഒത്തിരി നന്മ നിറഞ്ഞ അവധിക്കാലം ആശംസിക്കുന്നു.

### 1. Forane Level Half Day Seminar

ഞായറാഴ്ച മതബോധന അദ്ധ്യാപകർക്കുള്ള അർദ്ധദിന സെമിനാർ ഫൊറോന തലത്തിൽ മെയ് 25 ന് ഉച്ചകഴിഞ്ഞ് നടത്തുന്നതാണ്. എല്ലാ മതാദ്ധ്യാപകരും സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **ഫൊറോന പ്രമോട്ടറിനെ** സമീപിക്കുക.

### 2. H.M.S' Seminar & Conference - May 18 Sunday

Seminar 9.30 am ന് ആരംഭിക്കുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ദിവ്യബലി ഉണ്ടായിരിക്കുന്ന താണ്.

### 3. Address of HM

ഏതെങ്കിലും യൂണിറ്റിൽ HM മാറിയിട്ടുണ്ടെങ്കിൽ മെയ് 20ന് മുമ്പ് പുതിയ HM-ന്റെ Address & Ph. No. മതബോധന കേന്ദ്രത്തിൽ ലഭിച്ചി രിക്കണം.

### 4. പുതിയ അദ്ധ്യയന വർഷം 2014-2015

പുതിയ അദ്ധ്യയനവർഷം ആരംഭിക്കുകയാണ്. ജൂൺ 1 ന് തന്നെ വർഷാരംഭപ്രാർത്ഥനയോടുകൂടി ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

## 5. Staff Meeting in Units

മെയ് 25ന് എല്ലാ യൂണിറ്റുകളിലും രാവിലെ തന്നെ Staff Meeting നടത്തുകയും പുതിയ വർഷത്തിലേക്കുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും അന്നേദിവസം തന്നെ ഉച്ചകഴിഞ്ഞ് നടക്കുന്ന ഫൊറോന അർദ്ധദിന സെമിനാറിൽ അദ്ധ്യാപകർ പങ്കെടുക്കുകയും ചെയ്യേണ്ട താണ്.

## 6. ACC Re-Examination May 17 Saturday 1.00 pm

ഫെബ്രുവരി 2014 Annual Exam തോറ്റവർക്കും Attendance ഉണ്ടായിട്ട് Absent ആയവർക്കും Improvement വേണമെന്നുള്ളവർക്കും മെയ് 17ന് മതബോധനകേന്ദ്രത്തിൽവെച്ച് Re-Examination നടത്തുന്നു. Registration Fees Rs. 60/- Last Date for Registration : 10th May. Registration ന് ഈ വർഷത്തെ Hall Ticket കൊണ്ടുവരേണ്ടതാണ്.

## 7. School Catechism & Moral Science

ജൂൺ ആദ്യ ആഴ്ചയിൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

## 8. Text Books Supply

മെയ് 26 മുതൽ മതബോധന കേന്ദ്രത്തിൽനിന്നും Text Books വിതരണം ചെയ്തു തുടങ്ങുന്നതാണ്. ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക. അധികം വന്ന പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. Indent നേരത്തെ തന്നിരിക്കണം. ചേലക്കര പാസ്റ്ററൽ സെന്ററിൽ നിന്നും പതിവുപോലെ പുസ്തക വിതരണം ചെയ്യുന്നതാണ്.

## 9. Basic C.T.C. & Advanced CTC

അതിരൂപതയിലെ എല്ലാ അദ്ധ്യാപകരും Catechists' Training Course Programme-ൽ നിർബന്ധമായും പങ്കെടുത്തിരിക്കേണ്ടതാണ്. ഈ വർഷത്തെ C.T.C. ക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. 10 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള അദ്ധ്യാപകർ Advanced CTC യിൽ പങ്കെടുക്കേണ്ടതാണ്.

Basic : June 13-15 & June 20-22, Advanced : July 4-6

## 11. Price of Text Books in Rs. 2014 - 2015

| Std | Sunday Catechim | | School Catechism | Moral Science |
|---|---|---|---|---|
| | Mal. | Eng. | Mal. | Mal. |
| I | 25 | 35 | 20 | 15 |
| II | 25 | 35 | 20 | 17 |
| III | 25 | 35 | 20 | 15 |
| IV | 25 | 35 | 20 | 16 |
| V | 30 | 40 | 20 | 14 |
| VI | 30 | 40 | 20 | 15 |
| VII | 30 | 40 | 20 | 15 |
| VIII | 30 | 40 | 15 | 13 |
| IX | 30 | 40 | 15 | 13 |
| X | 30 | 40 | 15 | 14 |
| XI | 30 | 40 | - | 15 |
| XII | 30 | 40 | - | 15 |

### Sunday Catechism

| | | |
|---|---|---|
| Non detailed | Std. V to XII | Rs. 10 |
| Bible Study | Std. I to XII | Rs. 10 |
| Book for Nursery Class | | Rs. 10 |
| ACC. Book for First Term | | Rs. 50 |
| C. D. ദൈവത്തിന്റെ സമ്മാനം Std. I | | Rs. 20 |
| കൂദാശകൾ Std. IV & IX | | |
| CD : Story Teller | | |
| C. D. തോമാശ്ലീഹായും ഏഴരപള്ളികളും | | |
| C.D. : PAANA | A training Software to learn Prayers | Rs. 40 |

*സസ്നേഹം*

**Fr. Antony Mecheripidi**
Asst. Director

**Fr. Jiphy Mekkattukulam**
Director

Ph : 2333245

# INSTITUTE OF THEOLOGY

- **6 Month's Basic Theology Course** (Affiliated to Calicut University)**:** ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുള്ള 6 മാസത്തെ ബെയ്സിക് തിയോളജി കോഴ്സ് ജൂൺ 4-ാം തിയ്യതി ബുധനാഴ്ച ആരംഭിക്കും. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മെയ് 15-ന് മുമ്പായി ഡി. ബി.സി.എൽ.സി.യിലെ തിയോളജി ഓഫീസിൽ പേര് തരിക.

- **കറസ്പോണ്ടൻസ് തിയോളജി**യുടെ അടുത്ത ക്ലാസ്സ് മെയ് 11, മെയ് 25 എന്നീ ഞായറാഴ്ചകളിൽ 2 മണി മുതൽ 5 മണി വരെയായിരിക്കും.

- **3 Month's Vocation Orientation Course:** ഈ കോഴ്സ് പൂർത്തിയാക്കിയ എല്ലാ സന്യാസാർത്ഥിനികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. മാർച്ച് 28-ന് രാവിലെ 10.30ന് വി. കുർബ്ബാനയുടം അതേ തുടർന്ന നടത്തിയ മീറ്റിംഗിൽവെച്ച് സർട്ടിഫിക്കറ്റ് വിതരണവും നടന്നു. ഓരോ സന്യാസസഭയിലെയും മിസ്ട്രസ്സുമാരും മീറ്റിംഗിൽ സംബന്ധിച്ചു. 6 സന്യാസ സഭകളിൽനിന്നുമായി 32 അർത്ഥിനികളാണ് ഈ കോഴ്സിൽ പങ്കെടുത്തത്.

- **Pastoral Orientation Course for Religious Sisters:** തൃശൂർ അതിരൂപതയേയും, അതിരൂപതയിലെ അജപാലനപ്രവർത്തനങ്ങളെയും കൂടുതൽ മനസ്സിലാക്കുവാനും പഠിക്കുവാനും സന്യസ്തർക്കായുള്ള പാസ്റ്ററൽ ഓറിയന്റേഷൻ കോഴ്സ് മെയ് 5 മുതൽ മെയ് 10-ാം തിയ്യതി ശനിയാഴ്ച രാവിലെ വരെ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരുടെ പേരുവിവരങ്ങൾ ഏപ്രിൽ 15-ാം തിയ്യതിക്കുമുമ്പ് ഡി.ബി.സി.എൽ.സി. ഡയറക്ടറച്ചനെ അറിയിക്കുമല്ലോ.

ഉയിർപ്പുതിരുനാളിന്റെ മംഗളാശംസകൾ
സ്നേഹത്തോടെ നേരുന്നു.

**ഫാ. ജിഫി മേയ്ക്കാട്ടുകുളം**
ഡയറക്ടർ

# THRISSUR EDUCATIONAL TRUST & Jyothi Engineering College

- മാർച്ച് 7-ന് കോളേജ് സ്പോർട്സ് ഡേ, രാഷ്ട്രപതിയുടെ വിശിഷ്ട സേവാ മെഡലിന് അർഹനായ തൃശൂർ ജയിൽ സൂപ്രണ്ട് ശ്രീ തോമസ് ഉദ്ഘാടനം ചെയ്തു.
- കോളേജിലെ CESA, CSI & ISTE JECC Chapter എന്നിവയുടെ ആഭിമുഖ്യത്തിൽ "MATLAB / Simulink Application to Electrical Engineering" എന്ന വിഷയത്തിൽ ദ്വിദിന സെമിനാർ നടത്തി. IEC Engineering College, ഇലക്ട്രിക്കൽ വിഭാഗം മേധാവി പ്രൊഫ. ജിനു കെ. സെമിനാറിന് നേതൃത്വം കൊടുത്തു.
- മാർച്ച് 14-ന് നടന്ന കോളേജ് ആർട്സ് ഡേ, കലാമണ്ഡലം ഈശ്വര നുണ്ണി ഉദ്ഘാടനം ചെയ്തു.
- കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് കോളേജിലെ നേച്ചർ ക്ലബ്ബായ 'നാച്ചുറ'യുടെ നേതൃത്വത്തിൽ മാർച്ച് 18-ന് ഒരു ചർച്ച സംഘടിപ്പിച്ചു.
- മാർച്ച് 22 ന് നടന്ന കോളേജ് ഡേ സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. പ്രശസ്ത സംഗീതസംവിധായകൻ ശ്രീ. അൽഫോൺസ് ജോസഫ് മുഖ്യാതിഥിയായിരുന്നു.
- AEEEയുടെ ആഭിമുഖ്യത്തിൽ ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റ് പി. ജി. വിദ്യാർത്ഥികൾക്കുവേണ്ടി രണ്ടു ദിവസത്തെ (മാർച്ച് 26, 27) സെമിനാർ സംഘടിപ്പിച്ചു. പ്രൊഫ. ലൈല ബി. (NIT, Calicut) സെമിനാറിന് നേതൃത്വം കൊടുത്തു.
- യുവസംരംഭകരെ വാർത്തെടുക്കുവാനുള്ള തീവ്രയജ്ഞത്തിന്റെ ഭാഗമായി എൻട്രപ്രണർഷിപ്പ് ഡവലപ്മെന്റ് ക്ലബിന്റെ നേതൃത്വത്തിൽ മാർച്ച് 28-ന് യുവസംരംഭകർക്കായി നടത്തിയ ശില്പശാല ഐ.ഐ.ടി. & ഐ.ഐ.എം. വിസിറ്റിംഗ് പ്രൊഫസറും സംരംഭകനും വലിയ വ്യവസായിയുമായ ശ്രീ അലക്സ് പി. ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിച്ചു.
- മാർച്ച് 29-ന് കോളേജിലെ അവസാന വർഷ വിദ്യാർത്ഥികളുടെ യാത്രയയപ്പ് സമ്മേളനം എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലി

പ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. കോളേജിലെ പൂർവ്വവിദ്യാർത്ഥിയായ ശ്രീ. ശ്രീകാന്ത് (Regional Service Engineer, Bridge Storn, Coimbatore) മുഖ്യാതിഥി യായിരുന്നു.

**അഭിനന്ദനങ്ങൾ**

- കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ പെക്സാഗ ബാസ്കറ്റ്ബോൾ ടൂർണമെന്റ് ഫൈനലിൽ ജ്യോതി എഞ്ചി നീയറിംഗ് കോളേജ് 82-43 എന്ന സ്കോറിൽ സഹൃദയ എഞ്ചിനീയ റിംഗ് കോളേജിനെ പരാജയപ്പെടുത്തി ട്രോഫി കരസ്ഥമാക്കി. നല്ല കളി ക്കാരനുള്ള ട്രോഫി സാവിയോയും, ടൂർണമെന്റിലെ ടോപ്സ്കോറർ ട്രോഫി ജ്യോതിയിലെ ജോസഫും കരസ്ഥമാക്കി.
- സണ്ണി ഡയമണ്ട്സ്, എറണാകുളം ഏർപ്പെടുത്തിയ ബെസ്റ്റ് ഓൾറൗ ണ്ടർ സ്റ്റുഡന്റ് അവാർഡിന് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിലെ അവസാനവർഷ വിദ്യാർത്ഥിനിയായ റോസ് മേരി ജോൺ അർഹയായി.

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
എക്സിക്യൂട്ടീവ് മാനേജർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പസ്റ്റൊലേറ്റ് ഓഫ് ദി ട്രിച്ചൂർ ആർച്ച്ഡയോസിസ്)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## സോഷ്യൽ ആക്ഷൻ & സോഷ്യൽ വെൽഫെയർ സെന്റർ

### 1. സ്നേഹനിധി

15.3.2014: മഡോണനഗറിൽ വാർഷിക പൊതുയോഗം.

22.3.2014: പാറന്നൂർ യൂണിറ്റിൽ ജനറൽ ബോഡി തെരഞ്ഞെടുപ്പ്.

24.3.2014 – 25.3.2014: അടുക്കളത്തോട്ട മത്സരത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത 50 സ്നേഹനിധി ഭാരവാഹികൾക്ക് കേരള കാർഷിക സർവ്വകലാശാലയിൽ ദ്വിദിന കാർഷിക പരിശീലന ക്ലാസ്സ് നടന്നു.

### 2. ജെസ്പ് പദ്ധതി

31.3.2014: എല്ലാ യൂണിറ്റുകളിലെയും വിദ്യാർത്ഥികൾക്കായി ഇന്നൊവേറ്റീവ് ഫണ്ട് വിതരണ പരിപാടി ഫാമിലി അപ്പൊസ്തൊലേറ്റ് സെന്ററിൽ സംഘടിപ്പിച്ചു. മോൺ. ജോർജ്ജ് കോമ്പാറ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. അവധിക്കാലം ഫലപ്രദമായി ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ഫാ. ജിജോ പിടിയത്ത് ക്ലാസ്സെടുത്തു. വിദ്യാർത്ഥികൾക്ക് ഫാ. ലൂയീസ് എടക്കളത്തൂർ ഇംഗ്ലീഷ് ഗ്രാമർ ബുക്ക് സമ്മാനിച്ചു. പരിപാടികൾക്ക് കോർഡിനേറ്റർ ഗ്ലെയിൻ ജെ. കടമ്പാട്ടും സാന്ത്വനം സ്റ്റാഫംഗങ്ങളും നേതൃത്വം നൽകി.

### 3. സാന്ത്വനതീരം

30.3.2014: മുനയ്ക്കക്കടവ് – ബ്ലാങ്ങാട് മേഖലയിലെ മത്സ്യതൊഴിലാളികൾ പാലയൂർ മാർത്തോമ അതിരൂപത തീർത്ഥകേന്ദ്രത്തിലേക്ക് പദയാത്ര നടത്തി. ഫാ. ലൂയീസ് എടക്കളത്തൂർ, കൺവീനർ മാത്യൂസ് ഒലക്കേങ്കിൽ എന്നിവർ നേതൃത്വം നൽകി.

### 4. കാരിത്താസ് സമന്വയ പ്രൊജക്ട്

14.3.2014: കല്ലൂർ ഈസ്റ്റിൽ സംഘടിപ്പിച്ച ജൈവകൃഷി പരിശീലന പരിപാടി വിലയിരുത്താനായി കോർഡിനേറ്റർ സോണിയ സാമിന്റെ നേതൃത്വത്തിൽ പ്രദേശത്ത് സർവ്വേ നടത്തി.

30.3.2014: ചേലക്കര ഫൊറോന പള്ളി മതബോധന മന്ദിരത്തിൽ കെ.സി.വൈ.എം. ഫൊറോന സമിതിയുടെ സഹകരണത്തോടെ 'ലിംഗതുല്യത' എന്ന വിഷയത്തെപ്പറ്റി ഏകദിന ശില്പശാല സംഘടിപ്പിച്ചു. എഴുപതോളം പേർ പങ്കെടുത്ത സെമിനാറിന് അഡ്വ. ജോസ് പീറ്റർ നേതൃത്വം നൽകി.

### 5. അക്ഷയ പദ്ധതി

കാത്തലിക് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ (CHAI) പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (RNTCP) 'അക്ഷയ' പദ്ധതിയുടെ ഭാഗമായുള്ള കമ്മ്യൂണിറ്റി മീറ്റിംഗുകൾ കാച്ചേരി മെഡോണനഗർ, കല്ലൂർ ഈസ്റ്റ്, നടത്തറ, പട്ടിക്കാട്, പുറനാട്ടുക്കര, വെട്ടുക്കാട്, വലക്കാവ് എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

പാണഞ്ചേരി, പുത്തൂർ പഞ്ചായത്തുകളിൽ ക്ഷയരോഗബാധിതരെ കണ്ടെത്തി ചികിത്സ ആരംഭിക്കുന്നതിനായി ഭവനങ്ങൾ സന്ദർശിച്ച് വിവരശേഖരണവും ബോധവൽക്കരണവും നടത്തിവരുന്നു.

20.3.2014: തൃശ്ശൂർ ജില്ലാ ടി. ബി. ഫോറത്തിന്റെ നേതൃത്വത്തിൽ കോർപ്പറേഷൻ പരിധിയിലെ നിർദ്ധനരായ ക്ഷയരോഗബാധിതർക്കുള്ള പോഷക ആഹാര പദ്ധതി – 'അക്ഷയപാത്ര' യ്ക്ക് തുടക്കമായി. ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്ന ചടങ്ങിൽ സാന്ത്വനത്തെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ലൂയീസ് എടക്കളത്തൂർ, കോർഡിനേറ്റർ സി. പി. ജോർജ്ജ് എന്നിവരും സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.

### 6. സേവ് എ ഫാമിലി പ്ലാൻ

### a) സ്പെഡ് – III

8.3.2014: ചേലക്കര കുടുംബശ്രീയുടെ സഹകരണത്തോടെ ലോക വനിതാദിനം ആചരിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ നിർമ്മല ടി. ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. തോമസ് പൂപ്പാടി അദ്ധ്യക്ഷത വഹിച്ചു. സി. ഡി. എസ്. ചെയർ പേഴ്സൺ പത്മജ മണികണ്ഠൻ, വാർഡ് മെമ്പർ വിശ്വനാഥൻ എല്ലിശ്ശേരി, സാമുവൽ പി. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. ഗാർഹിക പീഡന സംരക്ഷണ നിയമത്തെക്കുറിച്ച് അഡ്വ. എൽദോ പൂക്കുന്നേൽ ക്ലാസ്സ് നയിച്ചു.

14.03.2014: കുടിവെള്ള പദ്ധതിയുടെ ഭാഗമായി മേപ്പാടത്ത് 'ജലവിനിയോഗത്തിന്റെ ആവശ്യകത'യെപ്പറ്റി പഞ്ചായത്ത് പ്രസിഡന്റ് ലിസ്സി തോമസ് ക്ലാസ്സ് നയിച്ചു.

26.3.2014: റീജിയണൽ പാസ്റ്ററൽ സെന്ററിൽ ത്രിദിന പേപ്പർ ബാഗ് നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ വി. കെ. നിർമ്മല ഉദ്ഘാടനം ചെയ്തു. സമാപനസമ്മേളനം ഫാ. റോയ്സൻ കൊള്ളന്നൂർ ഉദ്ഘാടനം ചെയ്തു. ദീന ശിവരാമൻ പരിശീലനത്തിന് നേതൃത്വം നൽകി.

കനാൽ സംരക്ഷണത്തിന്റെ ഭാഗമായി ചേലക്കര ഇടവക മതബോധന മന്ദിരത്തോട് ചേർന്ന്കിടക്കുന്ന തോട് ഇടവക ജനങ്ങളുടെ സഹകരണത്തോടെ ഭിത്തി കെട്ടി ബലപ്പെടുത്തി.

27.3.2014: വെങ്ങാനെല്ലൂർ പുരുഷ സ്വയംസഹായ സംഘത്തിന് ഗ്രൂപ്പ് ഫാമിങ്ങിനെ സംബന്ധിച്ച് റിട്ട. അഗ്രികൾച്ചറൽ ഓഫീസർ സി. വി. ചെറിയാൻ ക്ലാസ്സ് നയിച്ചു.

31.3.2014: വെങ്ങാനെല്ലൂർ സ്വയം സഹായ സംഘത്തിന് തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി സോപ്പ്, സോപ്പ് പൊടി എന്നിവ ഉണ്ടാക്കുന്നതിന് പരിശീലനം നൽകി. വാർഡ് മെമ്പർ ചെല്ലമ്മ ടീച്ചർ ഉദ്ഘാടനം ചെയ്തു. നിർമ്മല കുര്യൻ ക്ലാസ്സിന് നേതൃത്വം നൽകി.

## b) ഗോഡ്സ് ഓൺ ഫാമിലി

29.3.14 – 1.4.14: ഗുണഭോക്തൃ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായി അളഗപ്പനഗർ സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ ത്രിദിന ക്യാമ്പ് സംഘടിപ്പിച്ചു. ഫാ. ലൂയീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. ക്ലാസ്സുകൾ, പരിശീലനങ്ങൾ, വിനോദയാത്ര എന്നിവയും സംഘടിപ്പിച്ചു. 'ഭൂമിയ്ക്ക് ഹൃദയപൂർവ്വം' എന്ന സന്ദേശവുമായി ഭൗമ മണിക്കൂർ ആചരിച്ചു. ഫാ. ജിയോ തെക്കിനിയത്ത് സ്കൂൾ കിറ്റ് വിതരണം ചെയ്തു. ഫാ. തോമസ് പൂപ്പാടി, കോർഡിനേറ്റർമാരായ സാമുവൽ പി. ജോർജ്ജ്, ലീമ പോൾസൺ, സിസ്റ്റർ മരിയ റിൻസി തെരേസ്, സീജ രഞ്ജിത്ത് എന്നിവർ നേതൃത്വം നൽകി.

ഗുണഭോക്തൃ കുടുംബങ്ങളുടെ സെന്റർ മീറ്റിംഗുകൾ സംഘടിപ്പിച്ച് വാർഷിക പദ്ധതി ആവിഷ്കരിച്ചു.

## c) ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം (FDP)

വിവിധ ഇടവകകളിൽ ഗുണഭോക്തൃ കുടുംബങ്ങൾക്കായി ആനിമേറ്റേഴ്സിന്റെ നേതൃത്വത്തിൽ വാർഷിക പദ്ധതിക്ക് രൂപം നൽകി.

പുതിയതായി തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.

മാർച്ച് മാസത്തിൽ FDP മുഖേന സഹായം ലഭിച്ച വ്യക്തികളുടെ ഇടവകകളും:

| ഇടവക | സംഖ്യ | ഇടവക | സംഖ്യ |
|---|---|---|---|
| പുതുക്കാട് | 3,000 | വലക്കാവ് | 40,000 |
| കൊട്ടേക്കാട് | 25,000 | വാടാനപ്പിള്ളി | 8,000 |

## 7. സ്ലം സർവ്വീസ് സെന്റർ

1.3.2014: എസ്. എസ്. സി. ഹാളിൽ ഫാ. ലൂയീസ് എടക്കളത്തൂരിന്റെ അദ്ധ്യക്ഷതയിൽ സി. ഡി. എസ്. യോഗം ചേർന്നു. കൺവീനേഴ്സ്, എ. ഡി. എസ്. ഭാരാവഹികൾ എന്നിവർ പങ്കെടുത്തു. അടുപ്പുട്ടി, അഞ്ചേരി, ചിയ്യാരം, ചുവന്നമണ്ണ്, കൊട്ടേക്കാട്, കുരിയച്ചിറ, നെഹ്രുനഗർ, പനമുക്ക്, പൂങ്കുന്നം, വളർക്കാവ് എന്നീ മേഖലകളിലെ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ ബാങ്കുകളിൽനിന്ന് DRI ലോൺ നൽകി.

വനിതകൾക്കായി ഏപ്രിൽ ഒന്നുമുതൽ ടെറക്കോട്ട ജ്വല്ലറി, പേപ്പർ ജ്വല്ലറി എന്നീ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചു. കമ്പ്യൂട്ടർ കോഴ്സുകളായ MS Office, DTP, Data & Word Processing, Tally, Tailoring എന്നിവയിൽ സൗജന്യനിരക്കിൽ

പരിശീലനം നൽകിവരുന്നു. മേൽപ്പറഞ്ഞ കോഴ്സുകൾ ഫൊറോനതലത്തിൽ സംഘടിപ്പിക്കുവാൻ സ്ലം സർവ്വീസ് സെന്ററിന് പദ്ധതിയുണ്ട്. താല്പര്യമുള്ളവർ സ്ലം സർവ്വീസ് സെന്ററുമായി ബന്ധപ്പെടുക – ഫോൺ: 0487 – 2253097.

15.3.2014: വൈസ് പ്രസിഡന്റ് തങ്കമ്മ പോൾ കാവുങ്കലിന്റെ അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്നു. എസ്. എസ്. സി. യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു.

19.3.2014: തൃശ്ശൂർ കോർപ്പറേഷൻ സംഘടിപ്പിച്ച 'ചേരിരഹിത നഗരം, ചേരിരഹിത ഭാരതം' ചർച്ചയിൽ സ്ലം സർവ്വീസ് ഗവേണിംഗ് ബോഡി അംഗങ്ങൾ പങ്കെടുത്തു.

23.3.2014: പൂങ്കുന്നം ഇടവക കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 7 അയൽക്കൂട്ടങ്ങളുടെ എ. ഡി. എസ്. യോഗം സെന്റ് ജോസഫ്സ് പള്ളിയിൽ ചേർന്നു. യോഗത്തിൽ 100 പേർ പങ്കെടുത്തു. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി സുരക്ഷ പ്രൊജക്ടിലെ അനീഷ ഒ. കെ. എയ്ഡ്സ് ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. 'മക്കളെ വളർത്തുമ്പോൾ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ' എന്ന വിഷയത്തിൽ വിമല കോളേജ് കൗൺസിലിംഗ് സെന്ററിലെ വില്ലി വിജൊ ക്ലാസ്സ് നയിച്ചു. ഡയറക്ടർ ഫാ. ലൂയീസ് എടക്കളത്തൂർ സന്നിഹിതനായിരുന്നു.

30.3.2014: ചുവന്നമണ്ണ് ഹോളി ട്രിനിറ്റി കോൺവെന്റിൽ അയൽക്കൂട്ടങ്ങളുടെ എ. ഡി. എസ്. യോഗം ചേർന്നു. ഫാ. ലൂയീസ് എടക്കളത്തൂർ ചർച്ചകൾക്ക് നേതൃത്വം നൽകി.

**ഫാ. ലൂയീസ് എടക്കളത്തൂർ**
എക്സി. ചെയർമാൻ, സാന്ത്വനം

**ഫാ. തോമസ് പൂപ്പാടി**
സെക്രട്ടറി, സാന്ത്വനം

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**മാർച്ച് & ഏപ്രിൽ 2014**

### ജൂബിലി മിഷൻ നഴ്സിങ്ങ് സ്കൂളിൽ 49-ാം ബാച്ച് വിദ്യാർത്ഥികളുടെ ക്യാപിങ്ങ് നടന്നു (15.02.2014)

ജൂബിലി മിഷൻ നഴ്സിങ്ങ് സ്കൂളിൽ 49-ാം ബാച്ച് വിദ്യാർത്ഥികളുടെ തിരിതെളിയിക്കലും, 45-ാം ബാച്ച് വിദ്യാർത്ഥികളുടെ ഡിപ്ലോമദാനചടങ്ങും ആശുപത്രിയിലെ മോൺ. മുരിങ്ങാത്തേരി ഹാളിൽ നടന്നു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ യോഗം ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷനായിരുന്നു. ഇരിങ്ങാലക്കുട സ്നേഹോദയ കോളേജ് ഓഫ് നഴ്സിങ്ങ് വൈസ് പ്രിൻസിപ്പാൾ റവ. സി. ജെയ്സി CSS മുഖ്യപ്രഭാഷണം നടത്തി. ജൂബിലി മിഷൻ അസി. ഡയറക്ടർ ഫാ. സെബി കാഞ്ഞിരത്തിങ്കൽ അവാർഡുദാനം നിർവ്വഹിച്ചു. നഴ്സിങ്ങ് സൂപ്രണ്ട് റവ. സി. ഫിലോ പോൾ, CMC വിദ്യാർത്ഥികൾക്ക് നഴ്സിങ്ങ് പ്രതിജ്ഞ ചൊല്ലികൊടുത്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വി. കെ. രാമൻകുട്ടി, മെഡിക്കൽ സൂപ്രണ്ട് ഡോ. ആൻഡ്രൂസ് കാക്കനാട്ട്, ഫാ. സുനിൽ ചിരിയങ്കണ്ടത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു. നഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ റവ. സി. മേരി ജോൺ FCC സ്വാഗതവും റവ. സി. റെയ്ച്ചൽ CHF നന്ദിയും പറഞ്ഞു. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.

### ഡോ. ദത്തന് ആദരാഞ്ജലി

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ജനറൽ സർജറി വിഭാഗം തലവനായിരുന്ന പ്രൊഫസർ ഡോ. എം. എൽ. ദത്തൻ, (67 വയസ്സ്) നിര്യാതനായി. പരേതനോടുള്ള ആദരസൂചകമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ അനുശോചനയോഗവും പ്രത്യേക പ്രാർത്ഥനശുശ്രൂഷയും നടത്തി.

### ഡോക്ടർമാർക്ക് പരിശീലനപരിപാടി (06.03.2014)

ജൂബിലി ഹൃദയാലയയുടെ നേതൃത്വത്തിൽ 'ഒപ്റ്റിമൽ ആന്റികൊയാഗുലന്റ് ഇൻ അക്യൂട്ട് കൊറോണറി സിൻഡ്രോം' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സെമിനാർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ

ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. ആംസ്റ്റർഡാമിൽ നിന്നുള്ള ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റ് ഡോ. ഗൊവാനി അമോറോസോ, ജൂബിലി മിഷനിലെ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റ് & മെഡിക്കൽ ഡയറക്ടർ ഡോ. ഗോവിന്ദനുണ്ണി എന്നിവർ മുഖ്യപ്രഭാഷണം നടത്തി. മദർ ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റ് ഡോ. ഗീവർ സക്കറിയ, തൃശ്ശൂർ വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റ് ഡോ. പി. പി. മോഹൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. പ്രിൻസിപ്പാൾ ഡോ. വി. കെ. രാമൻകുട്ടി, മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ് എന്നിവർ ആശംസകളർപ്പിച്ചു. ഡോ. പ്രസന്നകുമാർ സ്വാഗതവും, ഡോ. ഷിബു സി. കള്ളിവളപ്പിൽ നന്ദിയും പറഞ്ഞു.

## ജൂബിലി മിഷനിൽ നോമ്പുകാല പ്രഭാഷണ പരമ്പരക്ക് തുടക്കമായി (07.03.2014)

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അൻപതുനോമ്പിനോടനുബന്ധിച്ചുള്ള നോമ്പുകാലപ്രഭാഷണ പരമ്പര അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ ഡയറക്ടർ റവ. ഫാ. വാൾട്ടർ തേലപ്പിള്ളി, CMI ഉദ്ഘാടനം ചെയ്തു. മിഷൻ ആശുപത്രിയിലെ പള്ളിയിൽ ഇനിയുള്ള വെള്ളിയാഴ്ച്ചകളിൽ വൈകീട്ട് 6.30 മുതൽ 7.30 വരെ പ്രഭാഷണങ്ങൾ നടക്കും. ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റ് റവ. ഡോ. വിൻസെന്റ് കുണ്ടുകുളം, തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ വികാരി റവ. ഫാ. വർഗ്ഗീസ് കുത്തൂർ, നെല്ലിക്കുന്ന് അസിസ്റ്റന്റ് വികാരി റവ. ഫാ. സ്റ്റാർസൺ കള്ളിക്കാടൻ, ഒളരി അസിസ്റ്റന്റ് വികാരി റവ. ഫാ. സാവിയോ തലോണിക്കര എന്നിവർ പ്രഭാഷണങ്ങൾക്ക് നേതൃത്വം നൽകും.

## അത്യാഹിതരോഗീശുശ്രൂഷയുടെ പ്രസക്തി : ജൂബിലി മിഷനിൽ നഴ്സുമാർക്ക് ജില്ലാതല പരിശീലനം (11.03.2014)

അത്യാഹിത അവസരങ്ങളിൽ രോഗിശുശ്രൂഷയുടെ പ്രസക്തിയെക്കുറിച്ച് ജൂബിലി മിഷനിൽ കോളേജ് ഓഫ് നഴ്സിങ്ങിന്റെ നേതൃത്വത്തിൽ സംസ്ഥാനതല പരിശീലനപരിപാടി നടന്നു. മുന്നൂറ്റി അൻപതോളം നഴ്സസ് പങ്കെടുത്തു. പരിശീലനപരിപാടിക്ക് ഇംഗ്ലണ്ടിലെ ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകരായ മിസ് ജീൻ മെക്ക്ലീൻ, മിസ് സാന്ദ്ര മുറീഹെഡ് എന്നിവർ നേതൃത്വം നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അത്യാഹിത വിഭാഗം മേധാവി ഡോ. ബാബു ഉറുമീസ് പാലാട്ടി,

ഡോ. ജയരാജ്, നഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, ഡോ. സി. ഫിലോ രശ്മി എന്നിവർ നേതൃത്വം നൽകി.

## ഗ്ലോക്കോമ ദിനാചരണം (11.03.2014)

ലോക ഗ്ലോക്കോമദിനത്തോടനുബന്ധിച്ച് കേരള സൊസൈറ്റി ഓഫ് ഒഫ്ത്താൽമിക് സർജൻസ്, തൃശ്ശൂർ അക്കാദമിക് ക്ലബ് ഓഫ് ഒഫ്ത്താൽമോളജി, ജൂബിലി മിഷൻ ആശുപത്രിയും സംയുക്തമായി സൗജന്യ ഗ്ലോക്കോമ രോഗനിർണ്ണയവും ബോധവൽക്കരണ സെമിനാറും നടത്തി.

## കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി.എസ്.സി നഴ്സിങ്ങ് പരീക്ഷാഫലം: നൂറു മേനികൊയ്ത് ജൂബിലി മിഷൻ

കാലിക്കറ്റ് യൂണിവേഴ്സിറ്റി നടത്തിയ നാലാം വർഷ ബി. എസ്. സി. നഴ്സിങ്ങ് പരീക്ഷയിൽ നൂറുശതമാനം കൊയ്ത് തൃശ്ശൂർ ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് മാതൃകയായി. നഴ്സിങ്ങ് കോളേജ് സ്ഥാപനത്തിന്റെ പത്താംവർഷസമാപനത്തിൽ മികച്ചനേട്ടം കൈവരിച്ചത് ഇരട്ടി മധുരമായി എന്ന് ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് പറഞ്ഞു. നഴ്സിങ്ങ് ബിരുദകോഴ്സും, ബിരുദാനന്തരബിരുദ കോഴ്സും, കാർഡിയോ തൊറാസിക് ഡിപ്ലോമ കോഴ്സും ഇപ്പോൾ നടത്തിവരുന്നു. നഴ്സിങ്ങ് കോളേജ് നേടിയ വിജയത്തിന്റെ ഓർമ്മക്കായി വിദ്യാർത്ഥികളും, രക്ഷാകർത്താക്കളും, അദ്ധ്യാപകരും ചേർന്ന് കാച്ചേരിയിലെ കോളേജ് കാമ്പസിൽ വൃക്ഷതൈനട്ട് ആഹ്ലാദം പങ്കിട്ടു.

## അർപ്പണമനോഭാവവും സാമൂഹികപ്രതിപത്തിയുമുള്ള നഴ്സുമാരെയാണ് സമൂഹത്തിനാവശ്യം : ജസ്റ്റിസ് സി. കെ. അബ്ദുൾ റഹിം (29.03.2014)

അർപ്പണ മനോഭാവവും സാമൂഹിക പ്രതിപത്തിയുമുള്ള നഴ്സുമാരെയാണ് സമൂഹത്തിനാവശ്യമെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി. കെ. അബ്ദുൾ റഹിം അഭിപ്രായപ്പെട്ടു. സമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രത്യേകിച്ച് വേദനിക്കുന്നവരിലേക്ക് കൂടുതൽ ഇറങ്ങി ചെല്ലാൻ നഴ്സുമാർക്ക് കഴിയണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കാച്ചേരി ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിലെ 7-ാം ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാനചടങ്ങും നൂറുശതമാനവിജയത്തിന്റെ ആഘോഷവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ജസ്റ്റിസ്. തൃശ്ശൂർ

അതിരൂപത വികാരി ജനറാൾ മോൺ. ഡോ. ജോർജ്ജ് കോമ്പാറ അദ്ധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് പ്രിൻസിപ്പാൾ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ ബിരുദധാരികളെ അഭിസംബോധന ചെയ്യുകയും വൈസ് പ്രിൻസിപ്പാൾ ഡോ. സി. ഫിലോ രശ്മി പ്രതിജ്ഞ ചൊല്ലികൊടുക്കുകയും ചെയ്തു. ജൂബിലി മിഷൻ മുൻ ഡയറക്ടർ ഫാ. റാഫേൽ വടക്കൻ, അസി. ഡയറക്ടർ ഫാ. ജോബി കടപ്പൂരാൻ, പി.ടി.എ. പ്രസിഡന്റ് ശ്രീമതി ലാലി വിൻസെന്റ് എന്നിവർ ആശംസകൾ അർപ്പിച്ചു. വിദ്യാർത്ഥി പ്രതിനിധി മിസ്. ഷേർളി ചാണ്ടി മറുപടി പ്രസംഗം നടത്തി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതവും, നഴ്സിങ്ങ് കോളേജ് വൈസ് പ്രിൻസിപ്പാൾ സി. ട്രീസ ആന്റോ നന്ദിയും പറഞ്ഞു.

## "അക്ഷയപാത്ര" ഉദ്ഘാടനം ചെയ്തു (20.03.2014)

തൃശ്ശൂർ ടി.ബി. ഫോറത്തിന്റെയും, ടി.ബി സെന്ററിന്റേയും, ചായ് അക്ഷയ പ്രോജക്ടിന്റേയും നേതൃത്വത്തിൽ തൃശ്ശൂർ കോർപ്പറേഷനിലെ പാവപ്പെട്ട ടി. ബി. രോഗികൾക്ക് പോഷകാഹാര വിതരണ സംരംഭമായ "അക്ഷയപാത്ര"യുടെ ഉദ്ഘാടനം തൃശ്ശൂർ ഐ.ജി. ശ്രീ. എസ്. ഗോപിനാഥ് നിർവ്വഹിച്ചു. മനുഷ്യന് മറ്റുള്ളവരെ സഹജീവികളായി കാണാനായതിന്റെ തെളിവാണ് അക്ഷയപാത്രമെന്ന് അദ്ദേഹം പറഞ്ഞു. പാവപ്പെട്ട രോഗികളെ കണ്ടെത്തുവാനും രോഗവിമുക്ത ജില്ലയാക്കാനും അവബോധ ക്ലാസ്സുകളിലൂടെയും ചികിത്സാ ഉറപ്പാക്കുന്നതിലൂടെയും ടി. ബി. ഫോറത്തിന് സാധിക്കുന്നുണ്ടെന്ന് അഭിപ്രായപ്പെട്ടു. തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ജില്ലാ ടി. ബി. ഓഫീസർ ഡോ. റോസമ്മ മുഖ്യപ്രഭാഷണം നടത്തി. അക്ഷയപാത്രയുടെ സാമ്പത്തിക സഹായം ചെയ്യുന്ന ജൂബിലി ഫ്രട്ടേർണിറ്റിയെ യോഗം അനുമോദിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, സോളി തോമസ്, ഫാ. ലൂയിസ് എടക്കളത്തൂർ എന്നിവർ പ്രസംഗിച്ചു. ഫാ. സുനിൽ ചിരിയങ്കണ്ടത്ത്, ജിനേഷ് ലാൽ, ഡോ. വിവിൻ വിൻസെന്റ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

## ലിംക ബുക്ക് ഓഫ് വേൾഡ് റെക്കോഡിൽ ഇടം പിടിച്ച ഫാ. ഡോ. ഫെലിക്സ് പൊടിമറ്റത്തെ ആദരിച്ചു. (08.04.2014)

ഏറ്റവും കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് ലിംക ബുക്ക് ഓഫ് വേൾഡ് റെക്കോഡിൽ ഇടംപിടിച്ച ഫാ. ഡോ. ഫെലിക്സ് പൊടിമറ്റത്തെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്ന ചടങ്ങിൽ

ആദരിച്ചു. ഫാ. ഡോ. ഫെലിക്സ് പൊടിമറ്റം OFM, Cap. പുതിയ പുസ്തകമായ 'സമകാലിക ധാർമ്മികപ്രശ്നങ്ങൾ : പ്രതിസന്ധികൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം ബിഷപ്പ് മാർ റാഫേൽ തട്ടിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടിക്ക് നൽകി നിർവ്വഹിച്ചു.

വൈദ്യശാസ്ത്രരംഗത്തെ ധാർമ്മിക നിലപാടുകൾ, സമീപനങ്ങൾ, വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. ബിഷപ്പ് മാർ റാഫേൽ തട്ടിൽ, ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗം ഡോ. സിറിയക് തോമസ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ഡീൻ ഡോ. പ്രവീൺലാൽ, പ്രസ്സ് ക്ലബ് പ്രസിഡന്റ് വി. എം. രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത് സ്വാഗതവും കോഴിക്കോട് മീഡിയ ഹൗസ് ഡയറക്ടർ ഫാ. ജോർജ്ജ് വലിയപാടം OFM, Cap. നന്ദിയും പറഞ്ഞു.

### അഭിനന്ദനങ്ങൾ .... ആശംസകൾ....

ജൂബിലി നഴ്സിങ്ങ് കോളേജ് ലക്ചറർ അക്തർ ജാവദ് എം. എസ്. സി പരീക്ഷയിൽ ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്ന് ഒന്നാം റാങ്കും, രാഷ്ട്രപതിയുടെ സ്വർണ്ണമെഡലിനും അർഹനായി.

ജൂബിലി നഴ്സിങ്ങ് കോളേജ് ലൈബ്രേറിയൻ മിസ്സിസ് ക്രിസ് തോമസ് ഭാരതീയാർ യൂണിവേഴ്സിറ്റി സംഘടിപ്പിച്ച ദേശീയ കോൺഫ്രൻസിൽ മികച്ച പേപ്പർ അവതരണത്തിന് രണ്ടാം സ്ഥാനവും ക്യാഷ് അവാർഡും നേടി.

മാർച്ച് 24ന് ലോകക്ഷയരോഗദിനത്തോടനുബന്ധിച്ച് നടത്തിയ ജില്ലാതല റാലിയിൽ ജൂബിലി നഴ്സിങ്ങ് സ്കൂൾ ഒന്നാം സമ്മാനം നേടി.

### വിശുദ്ധവാരത്തിൽ ജൂബിലി മിഷനിൽ സമ്പൂർണ്ണ സൗജന്യ ഡയാലിസിസ്

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഓശാന ഞായർ മുതൽ ഈസ്റ്റർ വരെയുള്ള വിശുദ്ധവാരത്തിൽ സമ്പൂർണ്ണ സൗജന്യ ഡയാലിസിസ് നൽകുമെന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അറിയിച്ചു. അറുനൂറ്റിഅൻപതോളം ഡയാലിസിസ് മൂന്നുലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയോളം ചിലവുവരും. ജൂബിലിയിലെ ആരാധനാ സമൂഹാംഗങ്ങളും ഉപകാരികളും, ചേറൂർ ഇടവകപള്ളിയിലെ സെന്റ് ജോസഫ്സ് പുവർഫണ്ട്, തൃശ്ശൂർ മില്ലേനിയം ഗ്രൂപ്പ് ഓഫ് കമ്പനീസ്,

പൂത്തോൾ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസനപള്ളി എന്നിവരുടെ സഹകരണത്തോടെയാണ് ജൂബിലിയിൽ സൗജന്യഡയാലിസിസ് ഒരുക്കുന്നത്.

**കൺമണിക്കൊരുകരുതൽ സംഭാവന**

- ശ്രീ. ജോ പീറ്റർ, കുന്നത്തങ്ങാടി, തൃശ്ശൂർ
- ശ്രീ. ജേക്കബ് പി. പി, പൊറത്തൂർ ഹൗസ്, വലപ്പാട്, തൃശ്ശൂർ
- ശ്രീ. അഹമ്മദ് ഹസ്സൻ, ഓണററി ഡയറക്ടർ, JMMC & RI, തൃശ്ശൂർ
- ശ്രീ. ഫ്രാൻസിസ് എ. എൽ, ചീരോത ഹൗസ്, ചെമ്പൂക്കാവ്, തൃശ്ശൂർ
- ശ്രീ. ജോൺ സേവ്യർ, വെളുത്തൂർ, തൃശ്ശൂർ
- ശ്രീമതി ഡാർളി ഡേവിസ്, ചിറമ്മൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ

**അന്നദാനത്തിന് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി
- ശ്രീമതി റിജി
- മിസ്സ് ബിനു ജോർജ്ജ് & അനുമോൾ, നേഴ്സിങ്ങ് സ്കൂൾ, JMMC, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ. വി. കെ. മുഹമ്മദ്, മില്ലേനിയം ഗ്രൂപ്പ് ഓഫ് കമ്പനീസ് (30 ഡയാലിസിസ്)
- ശ്രീ. വർഗ്ഗീസ് തച്ചിൽ, പള്ളിക്കുന്ന് പി. ഒ., വരന്തരപ്പിള്ളി (20 ഡയാലിസിസ്)
- ശ്രീമതി ജെസ്സി ലോറൻസ്, എടപ്പിള്ളി ഹൗസ്, കൊറ്റനെല്ലൂർ (ലേറ്റ്) (80 ഡയാലിസിസ്)
- ശ്രീ. ജെബിൻ ജോസ്, എലുവത്തിങ്കൽ ഹൗസ്, ചേലക്കോട്ടുകര, തൃശ്ശൂർ ( 100 ഡയാലിസിസ്)
- സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന ചർച്ച്, പൂത്തോൾ, തൃശ്ശൂർ (20 ഡയാലിസിസ്)
- ഫാ. ജിന്റോ പെരിയപാടം, സെന്റ് ജോസഫ് ചർച്ച്, നോർത്ത് കാരമുക്ക്, കണ്ടശ്ശാംകടവ്, തൃശ്ശൂർ ( 21 ഡയാലിസിസ്)
- സമ്പന്ന ചാരിറ്റബിൾ സൊസൈറ്റി, സമ്പന്ന ടവർ, തൃശ്ശൂർ (80 ഡയാലിസിസ്)
- ശ്രീ. വി. കെ. മുഹമ്മദ്, മില്ലേനിയം ഗ്രൂപ്പ് ഓഫ് കമ്പനീസ് (160 ഡയാലിസിസ്)
- ശ്രീമതി കൊച്ചുമേരി, നെഹ്റുനഗർ, തൃശ്ശൂർ (40 ഡയാലിസിസ്)
- ശ്രീ. ഷാജി ജോസ്, അബൂക്കൻ ഹൗസ്, കുഴിക്കാട്ടുശ്ശേരി (80 ഡയാലിസിസ്)
- സെന്റ് ജോസഫ് പുവർ ഫണ്ട്, സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, വിജയപുരം,ചേറൂർ, തൃശ്ശൂർ ( 80 ഡയാലിസിസ്)
- ഒരു ഉപകാരി (20 ഡയാലിസിസ്)
- നിലയാറ്റിങ്കൽ ജോൺ പോൾ, ഗ്രേസി പോൾ, റോസ്മോൾ (92 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്**
ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## സി. എൽ. സി.

- **ലീഡേഴ്സ് മീറ്റ് :**

തൃശൂർ അതിരൂപത സി.എൽ.സി. ഫൊറോന, അതിരൂപത ഭാരവാഹികൾക്കായി ലീഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ലീഡേഴ്സ് മീറ്റ് തൃശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ലീഡേഴ്സ് മീറ്റിൽ വി. കുർബ്ബാനയും സന്ദേശവും നൽകി. ഫൊറോന, അതിരൂപത ഭാരവാഹികൾക്കായി നടന്ന ലീഡേഴ്സ് മീറ്റിൽ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നടന്നു. ക്ലാസ്സുകൾക്ക് പി. ജെ. ജെയിംസ്, റവ. ഫാ. റോയ് വടക്കൻ, ജോഷി എം. എ., വിനേഷ് ജെ. കൊളേങ്ങാടൻ എന്നിവർ നേതൃത്വം നൽകി. മുൻ സി.എൽ.സി. ഭാരവാഹികൾ അനുഭവം പങ്കുവെച്ചു. 2 ദിവസമായി നടന്ന ലീഡേഴ്സ് മീറ്റിൽ 75 പേർ പങ്കെടുത്തു. അതിരൂപത സി.എൽ.സി. പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, റവ. ഫാ. ജിന്റോ പെരേപ്പാടൻ, അതിരൂപത ജന. സെക്രട്ടറി ബിജിൽ സി. ജോസഫ്, ട്രഷറർ ഫ്രെഡി സി. ഡിക്രൂസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

- **സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു**

അതിരൂപത സി.എൽ.സി.യുടെ 60-ാം വാർഷികം (ഡയമണ്ട് ജൂബിലി) സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു. അതിരൂപത വൈസ് ചാൻസലർ റവ. ഫാ. ജിയോ കടവി ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി. പ്രസിഡന്റ് ഡിൽജോ തരകൻ, അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, റവ. ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ, ജനറൽ കോർഡിനേറ്ററും സംസ്ഥാന വൈസ് പ്രസിഡന്റുമായ വിനേഷ് ജെ. കൊളേങ്ങാടൻ, ജന. സെക്രട്ടറി ബിജിൽ സി. ജോസഫ്, ട്രഷറർ ഫ്രെഡി സി. ഡിക്രൂസ്, പ്രൊഫഷണൽ സി.എൽ.സി. പ്രസിഡന്റ് എം.പി. ജെറോം മാസ്റ്റർ, സെക്രട്ടറി എ. ഡി. ഷാജു എന്നിവർ നേതൃത്വം നൽകി. വിവിധ കമ്മിറ്റികളുടെ നേതൃത്ത്വതിൽ പ്രവർത്തനമാരംഭിച്ചു. ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾക്ക് രൂപരേഖയുണ്ടാക്കി.

- **എക്സിക്യൂട്ടീവ് യോഗം**

അതിരൂപത സി.എൽ.സി.യുടെ എക്സിക്യൂട്ടീവ് യോഗം 09.03.2014 ന് പാസ്റ്ററൽ സെന്ററിലെ സി.എൽ.സി. ഓഫീസിൽ വെച്ച് ചേർന്നു.

- **ജനറൽ ബോഡി യോഗം**

അതിരൂപത സി.എൽ.സി.യുടെ ജനറൽ ബോഡി യോഗം 9.3.2014 ന് പാസ്റ്ററൽ സെന്ററിൽവെച്ച് കൂടി. അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. സി.എൽ.സി.യുടെ 451-ാം ജന്മദിനാഘോഷവും അതിരൂപത സി.എൽ.സി.യുടെ 60-ാം ജൂബിലി ആഘോഷവും അതിരൂപതയിൽ നല്ല രീതിയിൽ സംഘടിപ്പിക്കണമെന്നും ഡയമണ്ട് ജൂബിലി വർഷത്തിൽ സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. ഡയമണ്ട് ജൂബിലി ആഘോഷവും 451-ാം ലോക സി.എൽ.സി. ദിനവും സമുചിതമായി ഫൊറോന തലത്തിൽ ആഘോഷിക്കുവാനും തീരുമാനിക്കുകയും ചെയ്തു. ജൂബിലിയുടെ പരിപാടികളിൽ ഫൊറോന ഭാരവാഹികളുടെ പിന്തുണ യോഗത്തിൽ അറിയിച്ചു. അതിരൂപത സി.എൽ.സി. പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, സിസ്റ്റർ നമിത റോസ്, സംസ്ഥാന വൈസ് പ്രസിഡന്റ് വിനേഷ് ജെ. കൊളേങ്ങാടൻ, ജന. സെക്രട്ടറി ബിജിൽ സി. ജോസഫ്, ട്രഷറർ ഫ്രെഡി സി. ഡിക്രൂസ് എന്നിവർ നേതൃത്വം നൽകി. ഡയമണ്ട് ജൂബിലി കൺവീനർമാർ പ്രവർത്തനങ്ങൾ യോഗത്തിൽ വിവരിച്ചു.

- **ഫൊറോന തല ആഘോഷം**

സി.എൽ.സി.യുടെ 451-ാം ജന്മദിനാഘോഷത്തിന്റെ ഭാഗമായി ഫൊറോന തലത്തിൽ സംഘടിപ്പിച്ച ആഘോഷം വർണ്ണാഭമായി. 15 ഫൊറോന കേന്ദ്രങ്ങളിൽവെച്ച് നടന്ന ആഘോഷപരിപാടികൾക്ക് ഫൊറോന ഡയറക്ടർമാർ, സി.എൽ.സി. ഫൊറോന പ്രമോട്ടർമാർ, അതിരൂപത ഭാരവാഹികൾ, ഫൊറോന ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. ലൂർദ്ദ് കത്തീഡ്രലിൽ ലൂർദ്ദ് ഫൊറോനയുടെയും, ഡോളേഴ്സ് ഫൊറോനയുടെ എൽത്തുരുത്ത് പള്ളിയിലും, പുത്തൂർ ഫൊറോനയുടെ എരവിമംഗലം പള്ളിയിൽവെച്ചും, പട്ടിക്കാട് ഫൊറോന പീച്ചി ഇടവകയിലും, കൊട്ടേക്കാട് ഫൊറോന കുറ്റൂർ പള്ളിയിലും, വടക്കാഞ്ചേരി ഫൊറോന വടക്കാഞ്ചേരി പള്ളിയിലും, ചേലക്കര ഫൊറോന മായന്നൂർ പള്ളിയിലും, എരുമപ്പെട്ടി ഫൊറോന ചൊവ്വന്നൂർ ഇടവകയിലും, പാലയൂർ ഫൊറോന കോട്ടപ്പടി പള്ളിയിലും, മറ്റം ഫൊറോന

മറ്റം പള്ളിയിലും, പറപ്പൂർ ഫൊറോന പെരുവല്ലൂരിൽവെച്ചും, കണ്ടശ്ശാം കടവ് ഫൊറോന കണ്ടശ്ശാംകടവ് പള്ളിയിൽവെച്ചും, ഒല്ലൂർ ഫൊറോന ഒല്ലൂരിൽവെച്ചും, പുതുക്കാട് ഫൊറോന കല്ലൂരിൽവെച്ചും, പഴുവിൽ ഫൊറോന പൂച്ചിന്നിപ്പാടത്തും വെച്ച് ആഘോഷം സംഘടിപ്പിച്ചു.

- **പാലയൂർ ജാഗരണ പദയാത്ര**

അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ പാലയൂർ ജാഗരണ പദയാത്ര സംഘടിപ്പിച്ചു. തൃശൂർ ഡോളേഴ്സ് ബസിലിക്കയിൽനിന്നും അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ സംസ്ഥാന സി.എൽ.സി. വൈസ് പ്രസിഡന്റും അതിരൂപത കോർഡിനേറ്ററുമായ വിനേഷ് ജെ. കോളേങ്ങാടന് പതാക നൽകി ഉദ്ഘാടനം ചെയ്തു. 1200 ഓളം യുവജനങ്ങൾ ജാഗരണ പദയാത്രയിൽ അണിചേർന്നു. അതിരൂപത സി.എൽ.സി. പ്രസിഡന്റ് ഡിൽജോ തരകൻ, കൺവീനർ ലിജോ ജോസഫ്, ജന. സെക്രട്ടറി ബിജിൽ സി. ജോസഫ് എന്നിവർ ജാഗരണ പദയാത്രയ്ക്ക് നേതൃത്വം നൽകി.

- **ഡയമണ്ട് ജൂബിലി പ്രതിനിധി സമ്മേളനം**

തൃശൂർ അതിരൂപത സി.എൽ.സി.യുടെ ഡയമണ്ട് ജൂബിലി ആഘോഷത്തിന്റെ ഭാഗമായി തൃശൂർ പാസ്റ്ററൽ സെന്ററിലെ സി.എൽ.സി. ഓഫീസിൽവെച്ച് അതിരൂപത ഫൊറോന ഭാരവാഹികളുടെ പ്രതിനിധിസമ്മേളനം സംഘടിപ്പിച്ചു. 2014 മാർച്ച് 29-ന് നടന്ന പ്രതിനിധി സമ്മേളനം സംസ്ഥാന സി.എൽ.സി. പ്രമോട്ടർ റവ. ഫാ. റോയ് നെടുന്താനം ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി. പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ സ്വാഗതം പറഞ്ഞു. അതിരൂപത സി.എൽ.സി. പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് സന്ദേശം നൽകി. തുടർന്ന് സംസ്ഥാന സി.എൽ.സി.യുടെയും അതിരൂപത സി.എൽ.സി.യുടെയും പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടന്നു. അതിരൂപത സി.എൽ.സി.യുടെ പ്രവർത്തനങ്ങൾ സംസ്ഥാന സി.എൽ.സി.ക്ക് മാതൃകയാണെന്നും തൃശൂർ അതിരൂപത സി.എൽ.സി.യും 60-ാം ജൂബിലി ആഘോഷത്തിന് എല്ലാവിധ മംഗളങ്ങളും നേരുന്നുവെന്ന് ഉദ്ഘാടനം ചെയ്ത് സംസ്ഥാന സി.എൽ.സി. പ്രമോട്ടർ റവ. ഫാ. റോയ് നെടുന്താനം പറഞ്ഞു. സി.എൽ.സി. അസി. പ്രമോട്ടർ റവ. ഫാ. ജിന്റോ പെരേപ്പാടൻ നന്ദി പറഞ്ഞു.

- **ഡയമണ്ട് ജൂബിലി വിളംബര ജാഥ**

സി.എൽ.സി.യുടെ 451-ാം ജന്മദിനവും അതിരൂപത ഡയമണ്ട് ജൂബിലി ആഘോഷ ഉദ്ഘാടനത്തിന്റെ ഭാഗമായി വിളംബര ജാഥ നടത്തി. തൃശൂർ

ഡോളേഴ്സ് ബസിലിക്കയിൽനിന്ന് ആരംഭിച്ച വിളംബരജാഥ, സംസ്ഥാന സി.എൽ.സി. പ്രമോട്ടർ റവ. ഫാ. റോയ് നെടുന്താനം അതിരൂപത പ്രസിഡന്റ് ഡിൽജോ തരകന് പതാക കൈമാറി ഉദ്ഘാടനം ചെയ്തു. പുത്തൻപള്ളിയിൽനിന്ന് ആരംഭിച്ച് റൗണ്ട് ചുറ്റി സെന്റ് തോമസ് കോളേജിൽ സമാപിച്ചു. 100-ഓളം പേർ പങ്കെടുത്തു. അതിരൂപത സി.എൽ. സി. പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, അസി. പ്രമോട്ടർ റവ. ഫാ. ജിന്റോ പെരേപ്പാടൻ, സംസ്ഥാന വൈസ് പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ, ജന. സെക്രട്ടറി ബിജിൽ സി. ജോസഫ്, ട്രഷറർ ഫ്രെഡി സി. ഡിക്രൂസ്, ജനറൽ ഓർഗനൈസർ ബിനോയ് കാറളത്തുകാരൻ, കൺവീനർമാരായ ബാസ്റ്റിൻ ചെറുവത്തൂർ, സിന്റോ കെ.ടി. എന്നിവർ നേതൃത്വം നല്കി.

- **451-ാം സി.എൽ.സി. ജന്മദിനാഘോഷവും ഡയമണ്ട് ജൂബിലിയും**

സി.എൽ.സി.യുടെ 451-ാം ജന്മദിനാഘോഷവും അതിരൂപത സി.എൽ. സി.യുടെ ഡയമണ്ട് ജൂബിലി ആഘോഷവും 2014 മാർച്ച് 30-ന് തൃശൂർ മോൺ തോമസ് തലച്ചിറ നഗറിൽ (സെന്റ് തോമസ് കോളേജ്) വെച്ച് നടന്നു. അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ മുഖ്യപ്രഭാഷണം നടത്തി. അതിരൂപത സി.എൽ. സി. പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് ആമുഖപ്രസംഗം നടത്തി. ഇരിങ്ങാലക്കുട രൂപത പ്രമോട്ടർ റവ. ഫാ. ജിജി കുന്നേൽ, സംസ്ഥാന സി.എൽ.സി. വൈസ് പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. പി. ഷാജൻ, പ്രൊഫഷണൽ സി.എൽ.സി. പ്രസിഡന്റ് എം. പി. ജെറോം മാസ്റ്റർ എന്നിവർ ആശംസയേകി. അതിരൂപത ജന. സെക്രട്ടറി ബിജിൽ സി. ജോസഫ് സ്വാഗതവും വൈസ് പ്രസിഡന്റ് അലീന കെ.എ. നന്ദിയും പറഞ്ഞു. അതിരൂപത സി.എൽ.സി. മോഡറേറ്റർ സിസ്റ്റർ നമിത റോസ് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. സമ്മേളനത്തിന് മുന്നോടിയായി സി.എൽ.സി. പതാക ഉയർത്തി. ചടങ്ങിന് അസി. പ്രമോട്ടർ ഫാ. ജിന്റോ പെരേപ്പാടൻ നേതൃത്വം നൽകി. തുടർന്ന് റവ. ഫാ. പോൾ പൊട്ടക്കൽ സി.എം.ഐ.യുടെ നേതൃത്വത്തിൽ ക്ലാസ്സ് ഉണ്ടായിരുന്നു. ചടങ്ങിൽവെച്ച് സി.എൽ.സി. അതിരൂപത ഡയമണ്ട് ജൂബിലി ആഘോഷ ജൂബിലി തീം സോംങ്, ലോഗോ എന്നിവയുടെ പ്രകാശനം അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് നിർവ്വഹിച്ചു. സി.എൽ.സി. പ്രവർത്തകരുടെ കലാപരിപാടികൾ ചടങ്ങിന് മാറ്റുകൂട്ടി.

- **പാലയൂർ പദയാത്രയിലെ വേസ്റ്റ് ക്ലീൻ ചെയ്ത് അതിരൂപത സി.എൽ.സി.**

17-ാമത് പാലയൂർ മഹാതീർത്ഥാനടത്തോടനുബന്ധിച്ച് പദയാത്ര നടക്കുന്ന 4 മേഖലകളിലും വേസ്റ്റ് ക്ലീൻ ചെയ്തു. അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ നടന്ന ക്ലീനിംഗ് ലൂർദ്ദ് മേഖല, വേലൂർ മേഖല, എരുമപ്പെട്ടി മേഖല, ഒല്ലൂർ മേഖല യിലും സി.എൽ.സി. പ്രവർത്തകർ അണിനിരന്നു. രാവിലെ 7 മുതൽ പദയാത്ര അവസാനിക്കുന്ന പാലയൂർ വരെയുള്ള പ്ലാസ്റ്റിക് കുപ്പി, ഗ്ലാസ്സ്, തണ്ണിമത്തൻ, കവർ തുടങ്ങി ഒട്ടേറെ വസ്തുക്കൾ ക്ലീൻ ചെയ്തു. അതിരൂപത പാലയൂർ മഹാതീർത്ഥാടനത്തിൽ എൻവയോൺമെന്റ് മാനേജ്മെന്റ് എന്ന കമ്മിറ്റി എന്ന പേരിൽ സി.എൽ.സി. പ്രവർത്തകർ ഏറ്റെടുത്ത് പ്രവർത്തിക്കുകയായിരുന്നു. 100-ഓളം പേർ പങ്കെടുത്തു. കൺവീനർ ജോമി ജോൺസൺ നേതൃത്വം നൽകി.

- **വിഷൻ 2015**

സി.എൽ.സി.യുടെ നേതൃത്വത്തിൽ യൂണിറ്റിൽ നടത്താവുന്ന ക്യാമ്പ് വിഷൻ 2015 ന് താത്പര്യമുള്ള യൂണിറ്റുകൾ അതിരൂപത ഓഫീസുമായോ ഫൊറോന ഭാരവാഹികളുമായോ ബന്ധപ്പെടാവുന്നതാണ്. ഈ വേനലവധിക്കാലത്ത് സംഘടിപ്പിക്കാൻ ശ്രമിക്കുമല്ലോ.

- **ഫോർമേഷൻ ക്യാമ്പ്**

സി.എൽ.സി.യുടെ നേതൃത്വത്തിൽ 2014 മെയ് 16, 17, 18 തിയ്യതികളിലായി ഫോർമേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഒരു യൂണിറ്റിൽനിന്നും 4 പേർക്കാണ് അവസരം (2 ആൺ + 2 പെൺ) മെയ് 16 വെള്ളിയാഴ്ച വൈകീട്ട് 5 മണിക്ക് ആരംഭിച്ച് 18 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3.30ന് ക്യാമ്പ് അവസാനിക്കുന്നു. രജി. ഫീസ് 50 രൂപ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മെയ് 1-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. (സിന്റോ കെ.ടി. - 9961834344, ബിനോയ് - 9847522586)

- **യൂണിറ്റ് ദത്തെടുക്കൽ**

അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ സി.എൽ.സി.യുടെ ഡയമണ്ട് ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നിർജീവമായിരിക്കുന്ന സി.എൽ.സി. യൂണിറ്റുകളെ പുനരുജീവിപ്പിക്കാൻ യൂണിറ്റുകൾ ദത്തെടുക്കുന്നു. ഫൊറോനകളിൽ അത്തരത്തിലുള്ള യൂണിറ്റുകളുണ്ടെങ്കിൽ ഫൊറോന പ്രസിഡന്റ് അതിരൂപത ഓഫീസിൽ അറിയിക്കേണ്ടതാണ്.

- **നന്ദി**

അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സി.എൽ.

സി. ദിനം ഫൊറോന തല ആഘോഷം 23-ന് എല്ലാ ഫൊറോനകളിലും സംഘടിപ്പിച്ചതിനും, അതിരൂപത ഡയമണ്ട് ജൂബിലി ആഘോഷ പ്രതിനിധി സമ്മേളനം, വിളംബര ജാഥ, പൊതുസമ്മേളനം എന്നിവയിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങൾക്കും സി.എൽ.സി. ജാഗരണപദയാത്രയിൽ പങ്കെടുത്ത പ്രവർത്തകർക്കും ഫൊറോന ഡയറക്ടർമാർക്കും, ഫൊറോന പ്രമോട്ടർമാർക്കും, ഫൊറോന ഭാരവാഹികൾക്കും, യൂണിറ്റ് ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

സി.എൽ.സി.യുടെ സേവനത്തിൽ

**റവ. ഫാ. ജിയോ തെക്കിനിയത്ത്** പ്രമോട്ടർ
**റവ. ഫാ. ജിന്റോ പെരേപ്പാടൻ** അസി. പ്രമോട്ടർ
**ബിജിൽ സി. ജോസഫ്** ജന. സെക്രട്ടറി

Ph: 0487 - 3242209, 2320040

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

## ● സേവനസമിതിയോഗം

2014 മാർച്ച് മാസം 5-ാം തിയ്യതി രാവിലെ 10.30ന് തൃശൂർ അതിരൂപത സേവനസമിതി യോഗം ഡയറക്ടർ ഫാ. ഷാജൻ തേർമഠം അച്ചന്റെ അദ്ധ്യക്ഷതയിൽ ആബയിൽവെച്ച് ചേർന്നു. പ്രവർത്തനങ്ങൾ വിലയിരുത്തി. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ ഉൾക്കൊണ്ട് പ്രാർത്ഥനയും പ്രവർത്തനവും ശക്തമാക്കാൻ അച്ചൻ നിർദ്ദേശിച്ചു.

## ● സിംഗിൾസ് കൂട്ടായ്മ

സിംഗിൾസ് കൂട്ടായ്മ 2014 മാർച്ച് 7-ാം തിയ്യതി വെള്ളിയാഴ്ച ആബയിൽ ചേർന്നു. രാവിലെ 10 മണിക്ക് ജപമാലയോടെ ആരംഭിച്ചു. കുരിശിന്റെ വഴി, ആരാധന, വചനസന്ദേശം, വി. ബലി എന്നിവ ഉണ്ടായിരുന്നു. ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത് ഫാ. ബാബു അപ്പാടൻ അച്ചൻ ആയിരുന്നു. പ്രാർത്ഥനയോടെ 3.30ന് സമാപിച്ചു.

## ● ഫെയ്ത് ഫെസ്റ്റ്

1. കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ ഭാഗമായി ഫെയ്ത് ഫെസ്റ്റ് ചേലക്കര, വടക്കാഞ്ചേരി, എരുമപ്പെട്ടി, വേലൂർ ഫൊറോനകളിലെ ലീഡേഴ്സിന്റെ കൂട്ടായ്മ മുണ്ടത്തിക്കോട് പള്ളിയിൽ 2014 മാർച്ച് 8-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ചു. ഉദ്ഘാടനവും ബൈബിൾ പ്രതിഷ്ഠയും ഫാ. ജെസ്റ്റിൻ തടത്തിലും വി. ബലി ഫാ. ജോയ്സൺ കോരോത്തും, ആരാധന ഫാ. ടോണി കാക്കശ്ശേരിയും നിർവ്വഹിച്ചു. റവ. ഫാ. ഷാജൻ തേർമഠം കരിസ്മാറ്റിക് ഡയറക്ടർ, ബ്രദർ ടോണി ചിറയത്ത്

എന്നിവർ ക്ലാസ്സ് എടുത്തു. സി.കെ. ഫ്രാൻസിസ് മുണ്ടത്തിക്കോട് നന്ദി രേഖപ്പെടുത്തി.

2. പാലയൂർ, പറപ്പൂർ, മറ്റം, കണ്ടശ്ശാംകടവ് ഫൊറോനകളുടെ ഭാഗമായി ഫെയ്ത് ഫെസ്റ്റ് പാവർട്ടി പള്ളിയിൽ നടന്നു. 10 മണിക്ക് ജപമാലയോടെ ആരംഭിച്ചു. ഉദ്ഘാടനം റവ. ഫാ. ജോൺസൺ അരിമ്പൂർ (വികാരി, പാവറട്ടി പള്ളി) നിർവ്വഹിച്ചു. ബൈബിൾ പ്രതിഷ്ഠ ഫാ. ഫ്രാൻസിസ് വാഴപ്പിള്ളിയും അനുഗ്രഹപ്രഭാഷണം ഫാ. ജോജു പുറത്തൂരും, ദിവ്യ ബലി റവ. ഫാ. ബർണാർഡ് തട്ടിലും, ആരാധന ഫാ. ആന്റോ കൂളയും നിർവ്വഹിച്ചു. ക്ലാസ്സ് നയിച്ചത് കരിസ്മാറ്റിക് ഡയറക്ടർ ഫാ. ഷാജൻ തേർമഠവും, ബ്രദർ വി. സി. ജോൺസനുമായിരുന്നു. ജോൺസൺ മാറോക്കി നന്ദി രേഖപ്പെടുത്തി.

## ● പ്രീച്ചേഴ്സ് കൗൺസിലേഴ്സ് കൂട്ടായ്മ

തൃശൂർ അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ പ്രീച്ചേഴ്സ് കൗൺസിലേഴ്സ് കൂട്ടായ്മ 2014 മാർച്ച് 10-ാം തിയ്യതി തിങ്ക ളാഴ്ച രാവിലെ 10 മണിക്ക് ജപമാലയോടുകൂടി ആരംഭിച്ചു. ദൈവവച നശുശ്രൂഷ, വി. ബലി, ആരാധന, സൗഖ്യശുശ്രൂഷ എന്നിവക്ക് ഫാ. ബാബു അപ്പാടൻ നേതൃത്വം നൽകി. 3.30ന് പ്രാർത്ഥനയോടെ സമാ പിച്ചു.

## ● പാരീഷ് മിനിസ്ട്രി കൂട്ടായ്മ

2014 മാർച്ച് മാസം 14-ാം തിയ്യതി വെള്ളിയാഴ്ച പാരീഷ് മിനിസ്ട്രി കൂട്ടായ്മ ആബയിൽ രാവിലെ 10 മണിക്ക് ജപമാലയോടെ ആരംഭിച്ചു. കുരിശിന്റെ വഴി, വി. ബലി, വചനസന്ദേശം, ആരാധന എന്നിവ ഉണ്ടാ യിരുന്നു. ശുശ്രൂഷകൾക്ക് ഫാ. ബാബു അപ്പാടൻ നേതൃത്വം നൽകി. 3.30ന് പ്രാർത്ഥനയോടെ സമാപിച്ചു.

## ● ആബാ കേന്ദ്രത്തിന്റെ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ആശീർവ്വാദം

ആബാ കേന്ദ്രത്തിന്റെ റിന്യൂവൽ സെന്ററിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിന്റെ കൂദാശാകർമ്മം 2014 മാർച്ച് 19-ാം തിയ്യതി വി. ഔസേപ്പിതാവിന്റെ മരണത്തിരുനാൾ ദിനം ആബയിൽ രാവിലെ 10.30ന് നടന്നു. കൂദാശകർമ്മത്തിന് മാർ ആൻഡ്രൂസ് താഴത്ത് പിതാവും, മാർ റാഫേൽ തട്ടിൽ പിതാവും നേതൃത്വം നൽകി. ബഹു. വൈദികരും, സിസ്റ്റേഴ്സും സബ്സോൺ കോർ ടീം അംഗങ്ങളും പങ്കെടുത്തു. ഡയ റക്ടർ ഫാ. ഷാജൻ തേർമഠം നന്ദി രേഖപ്പെടുത്തി.

● **കപ്പിൾസ് മിനിസ്ട്രി**

2014 മാർച്ച് 21-ാം തിയ്യതി വെള്ളിയാഴ്ച കപ്പിൾസ് മിനിസ്ട്രി രാവിലെ 10 മണിക്ക് ആബയിൽ കൂടി. ജപമാല, കുരിശിന്റെ വഴി, വചനസന്ദേശങ്ങൾ, വി. ബലി, ആരാധന എന്നിവ ഉണ്ടായിരുന്നു. ഫാ. ബാബു അപ്പാടൻ നേതൃത്വം നൽകി. 3.30ന് പ്രാർത്ഥനയോടെ സമാപിച്ചു.

● **കപ്പിൾസ് വൺ ഡേ പ്രോഗ്രാം**

കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2014 മാർച്ച് 22-ാം തിയ്യതി ശനിയാഴ്ച വൺ ഡേ പ്രോഗ്രാം ആബയിൽ നടന്നു. ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം ഉദ്ഘാടനം നിർവ്വഹിച്ചു. കപ്പിൾസ് മിനിസ്ട്രി ഓൾ കേരള ആനിമേറ്റർ റവ. ഫാ. ജെയിംസ് കക്കുഴി പ്രോഗ്രാം നയിച്ചു. ഫ്രാൻസിസ് പുല്ലൻ, ഷാജു ജോസഫ് എന്നിവർ ക്ലാസ്സ് എടുത്തു. ദിവ്യബലി ഉണ്ടായിരുന്നു.

● **തൂവാനിസ കൂട്ടായ്മ**

തൂവാനിസ കൂട്ടായ്മ 2014 മാർച്ച് മാസം 26-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണിക്ക് ജപമാലയോടെ ആബയിൽ ആരംഭിച്ചു. കുരിശിന്റെ വഴി, വചനസന്ദേശം, വി. ബലി, ആരാധന എന്നീ ശുശ്രൂഷകൾക്ക് ഫ്രാൻസിസ് തലക്കോട്ടൂർ അച്ചൻ നേതൃത്വം നൽകി. അതിനുശേഷം മാദ്ധ്യസ്ഥപ്രാർത്ഥന കോർ ടീം ചേർന്നു. 3.30ന് പ്രാർത്ഥനയോടെ സമാപിച്ചു.

| | | |
|---|---|---|
| **ഫാ. ഷാജൻ തേർമഠം** | **വി.വി. ജോസ്** | **എം.എ. ബാബു** |
| ഡയറക്ടർ | സെക്രട്ടറി | കോ-ഓർഡിനേറ്റർ |

# കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.)

● **കെ.എൽ.എം. പതാകദിനം**

കേരള ലേബർ മൂവ്മെന്റ് തൃശൂർ അതിരൂപതയുടെ 2014 ലെ പതാകദിനം, മച്ചാട് സെന്റ് ആന്റണീസ് പള്ളി യൂണിറ്റിൽവെച്ച് ആഘോഷിച്ചു. അതിരൂപത ഡയറക്ടർ റവ. ഫാ. ജോസ് കോനിക്കര (ജൂനിയർ) പതാക ഉയർത്തുകയും, മച്ചാട് പള്ളി വികാരി റവ. ഫാ. ബിജു ആലപ്പാട്ട് മെമ്പർഷിപ്പ് വിതരണ ഉദ്ഘാടനവും നിർവ്വഹിച്ചു. യൂണിറ്റിലെ എല്ലാ മെമ്പർമാരുടെയും സജ്ജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അതിരൂപത പ്രസിഡന്റ് എൻ. കെ. രാജു, ജനറൽ സെക്രട്ടറി ജോസഫ് മെൽപാൻ എന്നിവർ പങ്കെടുത്തിരുന്നു. അയൽ യൂണിറ്റായ കരുമത്രയിൽനിന്നും മെമ്പർമാർ പരിപാടികളിൽ പങ്കെടുത്തു.

- **മെയ് ദിനം**

ലോക തൊഴിലാളി ദിനത്തോടനുബന്ധിച്ച് തൃശൂർ അതിരൂപത കേരള ലേബർ മൂവ്മെന്റ് എല്ലാ വർഷവും മെയ്ദിനം ആചരിക്കുന്നതിന്റെ ഭാഗമായി ഇക്കൊല്ലം കിഴക്കൻ മേഖലയിലെ നടത്തറ ഇടവക യൂണിറ്റ് അതിർത്തിയിലുള്ള ഹോണസ്റ്റ് സ്റ്റീൽസ് ആന്റ് സിമന്റ്സ് എന്ന തൊഴിൽസ്ഥാപനത്തിൽ വെച്ചാണ് നടക്കുന്നത്. രാവിലെ 9 മണിക്ക് നടത്തറ കെസ്സ് ഭവൻ (എലിഞ്ഞിക്കുളം) പരിസരത്തുനിന്നും റാലി ആരംഭിച്ച് സമ്മേളനസ്ഥലത്ത് എത്തിച്ചേരുന്നു. തുടർന്ന് തൃശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പതാക ഉയർത്തുകയും, വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ചെയ്യും. 11 മണിക്കുള്ള പൊതുസമ്മേളനത്തിൽ പ്രമുഖ നേതാക്കൾ പങ്കെടുക്കുന്നു. ആഘോഷപരിപാടികളിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

**ഫാ. ജോസ് കോനിക്കര**
ഡയറക്ടർ

**ജോസഫ് മെൽപാൻ**
ജന. സെക്രട്ടറി

# ഫ്രാൻസിസ്കൻ അത്മായസഭ

സമാധാനവും സൗഭാഗ്യവും

- തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അത്മായസഭയുടെ അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മീറ്റിംഗ് 30.3.2014 ഞായറാഴ്ച കാൽവരി ആശ്രമത്തിൽവെച്ച് ഉച്ചതിരിഞ്ഞ് 3 മണിക്ക് പ്രസിഡന്റ് പി. ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. മെയ് മാസം 3-ാം തിയ്യതി ശനിയാഴ്ച കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽവെച്ച് ഫ്രണ്ട്സ് ഓഫ് അസ്സീസ്സി (വാനമ്പാടി) ക്യാമ്പ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. അതിരൂപതയുടെ കീഴിലുള്ള എല്ലാ ഇടവകകളിൽനിന്ന് 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥിവിദ്യാർത്ഥിനികളെയാണ് പങ്കെടുപ്പിക്കുന്നത്.
- ഏപ്രിൽ 6-ന് നടക്കുന്ന പാലയൂർ മഹാപദയാത്രയിൽ എല്ലാ ഫ്രാൻസിസ്കൻ സഭംഗങ്ങൾ നിർബന്ധമായും പങ്കെടുക്കുവാൻ തീരുമാനിച്ചു. യോഗത്തിൽ ഫാ. പോൾ അടമ്പുകുളം, ഫാ. ജോബി മേരിസൺ, സി. റോസിലിൻ, വി. സി. സണ്ണി, ഡൊമിനിക് തോമസ് എന്നിവർ പ്രസംഗിച്ചു. ക്യാമ്പിൽ ക്ലാസ്സുകൾ നയിക്കുന്നതിന് കപ്പൂച്ചിൻ വൈദികരെ ചുമതലപ്പെടുത്തി. അഭിവന്ദ്യ പിതാക്കൻമാർ ക്യാമ്പിൽ സന്ദേശം നൽകുന്നതാണ്.

യേശുവിൽ എളിയ സഹോദരൻ

**വി. സി. സണ്ണി**, സെക്രട്ടറി

# ജീസസ്സ് യൂത്ത്

- മാർച്ച് മാസം സബ്സോണുകളിൽ വൺ ഡേ പ്രോഗ്രാമുകൾ നടന്നു. അതിരൂപതയിലെ വിവിധ ഇടവകകളിലായി പരീക്ഷാ ഒരുക്ക പ്രാർത്ഥന നടന്നു.

## Day with Christ

ഈ വർഷം ജനുവരി 1-ന് ആരംഭിച്ച് ഡിസംബർ 31 വരെ നീണ്ടു നിൽക്കുന്ന 'Day with Christ' 3 മാസം പിന്നിട്ടു. 200 പേർ ഇതുവരെ രാവിലെ 9.30മുതൽ വൈകീട്ട് 4.30 വരെ പുത്തൻപള്ളി നിത്യാരാധന കേന്ദ്രത്തിൽ ആരാധനയ്ക്കായി എത്തി. അതിരൂപതയിലെ എല്ലാ ഇടവ കകൾക്കും വൈദികർക്കും വേണ്ടിയും ഈ വർഷം മുഴുവനും ഈ ആരാധന മണിക്കൂറുകളിൽ പ്രാർത്ഥിക്കും. ജീസസ്സ് യൂത്ത് തൃശൂർ സോണിലെ സബ്സോണുകളുടെയും മിനിസ്ട്രികളുടെയും നേതൃത്വ ത്തിൽ ദിവസവും രണ്ട് പേർ വീതമാണ് 'ഡേ വിത്ത് ക്രൈസ്റ്റി'ൽ ഉണ്ടാ വുക. അതോടൊപ്പം ഡേ വിത്ത് ക്രൈസ്റ്റിൽ ഇരിക്കുന്ന എല്ലാവരും ചേർന്ന് ഈ വർഷത്തിനുള്ളിൽ വി. ഗ്രന്ഥം ഒരു തവണ വായിച്ച് പൂർത്തി യാക്കുകയും ചെയ്യും.

## PROCLAIM Youth Seminar

യേശുവിനെ ആഴത്തിൽ അറിയുവാനും പ്രഘോഷിക്കുവാനും എന്ന സന്ദേശവുമായി ജീസസ്സ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ വിവിധ സബ്സോണുകളിലായി പ്രൊക്ലെയിം യൂത്ത് സെമിനാർ നട ക്കുന്നു. പുതിയ ജീസസ്സ് യൂത്ത് പ്രാർത്ഥനാകൂട്ടായ്മകൾ ആരംഭിക്കു വാനും അവയെ നിലനിർത്തുവാനും അതുവഴി പുതിയ നേതൃത്വങ്ങളെ രൂപപ്പെടുത്തുന്നതിനുമായാണ് ഈ യൂത്ത് സെമിനാർ ക്രമീകരിച്ചിരി ക്കുന്നത്. 4 ആഴ്ചകളിലായി ലീഡേഴ്സിന്റെ ട്രെയിനിംഗും, തുടർന്ന് 7 ആഴ്ച ഇടവക തലത്തിൽ യുവതീയുവാക്കൾക്കുമായാണ് യൂത്ത് സെമി നാർ കടന്നുപോവുക. 5 സബ്സോണുകളിൽ 98 ലീഡേഴ്സ് 4 ആഴ്ച യിലെ ട്രെയിനിംഗിൽ ഇപ്പോൾ പങ്കെടുക്കുന്നു.

## Youth Retreat

അതിരൂപതയിലെ 22 മുതൽ 35 വയസ്സുവരെയുള്ള ജോലി ചെയ്യുന്ന യുവതീ യുവാക്കൾക്കായി ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ ഒു യുവജനധ്യാനം ഒക്ടോബർ മാസം 1-5 വരെ നടക്കുന്നു.

- **സോണൽ കോൺഫറൻസ്**

1976 മുതൽ 2014 വരെയുള്ള കാലയളവിൽ ജീസസ് യൂത്തിന് അതിരൂപതയിൽ അടിത്തറ പാകിയവരും, മൂവ്മെന്റിനോട് കൂടെ വളർന്നവരുമായ എല്ലാ ജീസസ്സ് യൂത്തും, തൃശൂർ സോണൽ കോൺഫറൻസിൽ ഒന്നിച്ചുചേരുന്നു. "Arise, Refill, Shine Out with Gospel Joy" എന്ന തീമിൽ 2014 ഡിസംബർ 19 മുതൽ 22 വരെയാണ് സോണൽ കോൺഫറൻസ് നടക്കുക.

ഇക്കോ സ്പിരിച്വാലിറ്റിക്ക് പ്രാധാന്യം നൽകുന്ന ഈ ജീസസ്സ് യൂത്ത് കോൺഫറൻസിന്റെ ഭാഗമായി ഇതിനോടകം വിവിധ ഫൊറോനകളിലെ ഇടവകകളിലായി ഇടവക വൈദികരുടെയും സന്യസ്തരുടെയും അത്മായരുടെയും പങ്കാളിത്വത്തിൽ 1000 ൽ പരം ചേനകൾ കൃഷി ചെയ്തു കഴിഞ്ഞു.

- **പുനഃരർപ്പണദിനം (Re commitment Day)**

പെന്തക്കുസ്താ ദിനം ജീസസ്സ് യൂത്ത് തൃശൂർ സോൺ പുനരർപ്പണ ദിനമായി ആചരിക്കുന്നു. ജൂൺ 8-ന് രാവിലെ 9.30മുതൽ വൈകീട്ട് 4.30 വരെ വിമലാ കോളേജിൽ വെച്ച് നടക്കുന്ന ഈ ദിനത്തിൽ അതിരൂപതയിലെ എല്ലാ ജീസസ്സ് യൂത്തും ഒന്നിച്ചു ചേരുന്നു. ഇതിന് ഒരുക്കമായി പരിശുദ്ധാത്മാവിന്റെ നൊവേനയും പ്രാർത്ഥനകളും വരുംദിവസങ്ങളിൽ ആരംഭിക്കും.

**ഫാ. ഫ്രാൻസിസ് ആളൂർ**
**ഡയറക്ടർ**

**ഫാ. ഫ്രാൻസിസ് ട്വിങ്കിൾ വാഴപ്പിള്ളി**
**അസി. ഡയറക്ടർ**

# കെ. സി. എസ്. എൽ.

- **അതിരൂപതാ നേതൃത്വ പരിശീലന ക്യാമ്പ്**

ഈ വർഷത്തെ അതിരൂപതാ നേതൃത്വ പരിശീലന ക്യാമ്പ് മാർച്ച് 28, 29, 30 ദിവസങ്ങളിലായി തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടന്നു. ഡയറക്ടർ ഫാ. തോമസ് കാക്കശ്ശേരി എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. വിവിധ യൂണിറ്റുകളിൽനിന്നായി 93 പേർ പങ്കെടുത്തു.

- **അതിരൂപതാ വിദ്യാർത്ഥി ഭാരവാഹികൾ**

2014 - 2015 അദ്ധ്യയന വർഷത്തേക്കുള്ള കെ.സി.എസ്.എൽ. അതിരൂപതാ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

1. ചെയർമാൻ ബേസിൽ ജേക്കബ് (Nirmalamatha CS, TSR)
2. ജന. സെക്രട്ടറി അൽക ഡേവീസ് (SHCGHS, TSR)
3. സെക്രട്ടറിമാർ
   1. ക്രിസ് സേവ്യർ (St. Mary's Lourde, TSR)
   2. ഗോഡ്‌വിൻ ജോസഫ് (LFCUPS, Mammiyoor)
4. എക്സിക്യൂട്ടീവ് അംഗങ്ങൾ
   1. ജോൺ ടോണി (Nirmal Jyothi, Mundur)
   2. അലിൻ റോസ് (St. Mary's CGHS, Ollur)

## ● സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്

സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് 2014 ഏപ്രിൽ 28 മുതൽ മെയ് 1 വരെ കാഞ്ഞിരപ്പിള്ളി രൂപതയിലെ ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്ക്കൂളിൽ വെച്ച് നടക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓർഗനൈസറുമായി ബന്ധപ്പെടേണ്ടതാണ്. (ജിജു ആന്റണി - 9446229267)

## ● സംസ്ഥാന പ്രതിഭാ പുരസ്ക്കാരം

കെ.സി.എസ്.എൽ. ന്റെ സംസ്ഥാന പ്രതിഭാപുരസ്ക്കാരത്തിന് ദേശീയ തലത്തിൽ പ്രതിഭ തെളിയിച്ച അംഗങ്ങൾക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് അതിരൂപതാ പ്രസിഡന്റിനെ വിളിക്കുക. (ജോൺ റാഫേൽ ടി. - 9446230473).

**റവ. ഫാ. തോമസ് കാക്കശ്ശേരി**
ഡയറക്ടർ

**ഡോ. ജോൺ റാഫേൽ ടി.**
പ്രസിഡന്റ്

# മാതൃസംഘം

## ● കൗൺസിലിംഗ് ക്ലാസ്സ്

അതിരൂപത മാതൃസംഘത്തിന്റെ നേതൃത്വത്തിന് അമ്മമാർക്കായ് കൗൺസിലിംഗ് ക്ലാസ്സ് ഏപ്രിൽ 29-ന് നടത്തി. പ്രസിദ്ധ മനശാസ്ത്രജ്ഞൻ റവ. ഡോ. ജോബ് പടയാട്ടിൽ അച്ചൻ ക്ലാസ്സിന് നേതൃത്വം നൽകി.

## ● മാതൃദിനം - മെയ് 6 ന്

തൃശൂർ അതിരൂപത മാതൃസംഘം മെയ് 6-ന് മാതൃദിനമായി ആചരിക്കുന്നു. അന്നേദിവസം അമ്മമാർക്കായ് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വിവിധ കലാമത്സരങ്ങൾ നടത്തുന്നു. അമ്മമാരെ പ്രത്യേകം ക്ഷണിക്കുന്നു.

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ**
അസി. ഡയറക്ടർ

**ലീലമാത്യു**
പ്രസിഡന്റ്

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

- കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അതിരൂപതാ എക്സിക്യൂട്ടീവ് യോഗം 23.03.2014 ഞായറാഴ്ച്ച ഉച്ചക്ക് 2.30ന് പാസ്റ്ററൽ സെന്ററിൽ പ്രാർത്ഥന യോടെ ആരംഭിച്ചു. അസി. ഡയറക്ടർ ഫാ. നിബിൻ തളിയത്ത് അനുഗ്ര ഹപ്രഭാഷണം നടത്തി. പ്രസിഡന്റ് ശ്രീ. ജോസ് ആലപ്പാട്ട് അദ്ധ്യക്ഷം വഹിച്ചു. സർക്കാരിന്റെ മദ്യനയത്തെ പ്രതിഷേധിക്കാൻ മാർച്ച് 29-ാം തിയ്യതി ശനിയാഴ്ച പ്രതിഷേധദിനമായി ആചരിക്കാൻ തീരുമാനിച്ചു. സമിതിയുടെ വനിതാ വിഭാഗത്തിന്റെ ശാക്തീകരണത്തിന്റെ ഭാഗമായി ഏപ്രിൽ 12 ശനിയാഴ്ച സെന്റ് തോമസ് മെഡലിക്കോട്ട് ഹാളിൽ വനിതാ സംഗമം വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചു. നിയമവിരുദ്ധമായി പ്രവർത്തി ക്കുന്ന ബാറുകളുടെയും പാൻപരാഗ് വിൽപ്പനകേന്ദ്രങ്ങൾക്കെതിരെയും നിതാന്തജാഗ്രത പുലർത്തണം എന്ന് അംഗങ്ങളെ ഓർമ്മിപ്പിച്ചു. യോഗ ത്തിന് വൈസ് പ്രസിഡന്റ് ശ്രീ. സ്റ്റീഫൻ ജോസ് സ്വാഗതവും സെക്ര ട്ടറി ശ്രീ. സി. ഡി. ജോസ് നന്ദിയും രേഖപ്പെടുത്തി.

- **മദ്യനയത്തിനെതിരെ പ്രതിഷേധിച്ചു**

  സംസ്ഥാന സർക്കാരിന്റെ മദ്യയനത്തിനെതിരെ മാർച്ച് 29 ശനിയാഴ്ച നഗരത്തിൽ പ്രതിഷേധ പ്രകടനം നടത്തി. കാലത്ത് 10 മണിക്ക് തെക്കെ ഗോപുരനടിയിൽനിന്ന ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ഫ്ളാഗ് ഓഫ് ചെയ്തു. സ്വരാജ് റൗണ്ട് ചുറ്റി 12 മണിക്ക് കോർപ്പറേഷൻ ഓഫീസ് മുന്നിൽ സമാപനയോഗം ചേർന്നു. അതിരൂപത വികാരി ജനറൽ മോൺ. ജോർജ്ജ് എടക്കുളത്തൂർ യോഗം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ. ജോസ് ആലപ്പാട്ട് അദ്ധ്യക്ഷം വഹിച്ചു. ട്രഷറർ ശ്രീ. ജോണി ചിറ്റിപ്പിള്ളി സ്വാഗതവും സെക്രട്ടറി ശ്രീ. സി. ഡി. ജോസ് നന്ദിയും രേഖപ്പെടുത്തി. അസി. ഡയറക്ടർ ഫാ. നിബിൻ തളിയത്ത്, സംസ്ഥാന സെക്രട്ടറി ശ്രീ. ജെയിംസ് മുട്ടിക്കൽ, വൈസ് പ്രസിഡന്റ് ശ്രീ. സ്റ്റീഫൻ ജോസ്, ജോ. സെക്രട്ടറി ശ്രീമതി മോനി ലാസർ, പി.ആർ.ഒ. മോൻസി മാത്യു, ശ്രീ. പി. എൽ. ആന്റണി, ശ്രീ. ടി.എൽ. പൗലോസ് മാസ്റ്റർ എന്നിവർ സംസാ രിച്ചു.

- **ബാറുകളുടെ നിയന്ത്രണത്തെ അനുമോദിച്ചു**

  418 ബാറുകളുടെ പ്രവർത്തനം താത്കാലികമായി മരവിപ്പിക്കാനുള്ള കേരള സർക്കാരിന്റെ തീരുമാനത്തെ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി അനുമോദിച്ചു. ഘട്ടം ഘട്ടമായി നടപ്പാക്കുന്ന മദ്യനിരോധന പ്രവർത്ത നങ്ങൾക്ക് മദ്യവിരുദ്ധ സമിതിയുടെ അകമഴിഞ്ഞ സഹകരണം വാഗ്ദാനം ചെയ്തു.

● **കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി മീറ്റിംഗുകൾ**

വിവിധ ഫൊറോനകളിലും ഇടവകകളിലും മദ്യവിരുദ്ധ സമിതി മീറ്റിംഗുകൾ സംഘടിപ്പിച്ചു. എരുമപ്പെട്ടി, ഒല്ലൂർ, പഴുവിൽ, പുത്തൂർ, മറ്റം ഫൊറോനകളിൽ ഫൊറോന തല മീറ്റിംഗുകൾ നടന്നു. മുള്ളൂർക്കര ഇടവകയിൽ പുതുതായി രൂപം കൊണ്ട മദ്യവിരുദ്ധസമിതി യൂണിറ്റ് മാർ ഇഗ്നാത്തിയോസ് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. വികാരി ഫാ. ദേവസ്സി പന്തല്ലൂക്കാരൻ അദ്ധ്യക്ഷത വഹിച്ചു.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** — ഡയറക്ടർ

**ജോസ് ആലപ്പാട്ട്** — പ്രസിഡന്റ്

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

കാത്തലിക് നേഴ്സസ് ഗിൽഡ് ഓരോ ഇടവകയിലും വികാരിയച്ചന്മാരുടെ അനുവാദത്തോടെ രൂപീകരിക്കുവാനും, ആ ഇടവകകളിൽ ആതുര ശുശ്രൂഷ സേവന ലഭ്യത ഉറപ്പാക്കുവാനും പരിശ്രമിക്കുകയായിരുന്നു. അതിരൂപതയിലെ അമ്പതോളം ഇടവകയിൽ ഇതിനോടകം അതിന് ആരംഭം കുറിക്കുവാൻ കഴിഞ്ഞു. ആ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരോടും കൈക്കാരന്മാരോടും ഇടവ അംഗങ്ങളോടും ഞങ്ങളുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

മെയ് 12ന് ഇന്റർനാഷണൽ നേഴ്സസ് ഡേ ആയി ആചരിക്കുമ്പോൾ ഓരോ ഇടവകയിലും നേഴ്സുമാരെ ഒരുമിച്ചുകൂട്ടി അനുമോദിക്കുവാൻ എല്ലാ വികാരിയച്ചന്മാരും ശ്രദ്ധിക്കുമല്ലോ. അന്നേ ദിവസം വി. കുർബ്ബാന മദ്ധ്യേയുള്ള കാഴ്ചസമർപ്പണത്തിനും ബൈബിൾ വായനയക്കും മറ്റ് പരിപാടികൾക്കും നേഴ്സുമാർ നേതൃത്വം നൽകുന്നത് ഉചിതമായിരിക്കും. വിവിധ ഇടവകകളിൽ നിന്നും ഹോസ്പിറ്റലുകളിൽ നിന്നും നല്ല രീതിയിൽ തങ്ങളുടെ സേവനം കാഴ്ചവെച്ച നേഴ്സുമാരെ കണ്ടെത്തി അവാർഡ് നൽകുകയോ അഭിനന്ദിക്കുകയോ വേണം. ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത് ഇടവകതലത്തിലോ, ഹോസ്പിറ്റൽ തലത്തിലോ ആയിരിക്കണം. ബഹു. വികാരിയച്ചന്മാരോ/ഡയറക്ടർ അഡ്മിനിസ്ട്രേറ്റർ എന്നിവരായിരിക്കണം ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കേണ്ടത്. വിദേശത്തും മറ്റും സേവന ചെയ്യുന്ന നേഴ്സുമാരുടെ അഡ്രസ്സ്/ ഈ-മെയിൽ/ഫോൺ നമ്പർ എന്നിവ സംഘടിപ്പിക്കുകയാണെങ്കിൽ അവരുമായി ബന്ധപ്പെടാൻ സാധിക്കും. ഇടവകകളിൽ അനാഥരും പാവപ്പെട്ടവരുമായ കിടപ്പുരോഗികൾ ഉണ്ടെങ്കിൽ അവരുടെ പേരും, വിശദവിവരങ്ങളും അതിരൂപതയിലെ സി.എൻ.ജി. ഐ. ഭാരവാഹികളെ അറിയിക്കുവാൻ താല്പര്യപ്പെടുന്നു. ഓരോ ഇടവകയിലെ നേഴ്സുമാരുടെ കൂട്ടായ്മ അറിയപ്പെടേണ്ടത് പാരീഷ് മെഡിക്കൽ ടീം ഓഫ് CNGI (Catholic Nurses Guild) എന്നാണ്. ഓരോ ഇടവകയിലും പാരീഷ്

മെഡിക്കൽ ടീമിന്റെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കാൻ വികാരിയച്ചന്റെ പേരിലും പ്രസിഡണ്ടിന്റെയോ, സെക്രട്ടറിയുടെയോ ട്രഷററയുടെയോ പേരിലും ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണ്. ഇടവകകളിലും സ്ഥാപനങ്ങളിലും വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ അതിരൂപതയെ അറിയിക്കുകയാണെങ്കിൽ അതിരൂപത CNGI ടീം വന്ന് നിങ്ങളെ സഹായിക്കുന്നതായിരിക്കും. നിങ്ങൾ നടത്തുന്ന പരിപാടിയുടെ റിപ്പോർട്ടും ഫോട്ടോയും അതിരൂപതയിലേക്ക് അയച്ചുതന്നാൽ ഉപകാരമായിരിക്കും. അയക്കേണ്ട ഈ-മെയിൽ Id : cngitcr@gmail.com. ഓരോ നേഴ്സുമാരും തങ്ങളുടെ സേവനത്തെ കൂടുതൽ ഊർജ്ജസ്വമാക്കാൻ മാതാവിന് പ്രത്യേകം സമർപ്പിക്കപ്പെട്ട ഈ മെയ്മാസത്തിൽ പരി. അമ്മയോട് കൂടുതൽ മാധ്യസ്ഥം യാചിക്കുകയും കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുകയും ചെയ്യണം.

ഡയറക്ടർ — സെക്രട്ടറി

**റവ.ഫാ. സിജോ അരിക്കാട്ട്** — **സി. സീന SMC**

## കാത്തലിക് യൂണിയൻ - കെ.സി.വൈ.എം.

- **ജന്മദിനാഘോഷവും തെരഞ്ഞെടുപ്പ് നയപ്രഖ്യാപനവും**

  പ്രസ്ഥാനത്തിന്റെ 43-ാം ജന്മദിനാഘോഷവും ആസന്നമായിരിക്കുന്ന ലോകസഭ തിരഞ്ഞെടുപ്പിന്റെ നയപ്രഖ്യാപനവും മാർച്ച് 16ന് സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, മാർ റാഫേൽ തട്ടിൽ, മോൺ ജോർജ്ജ് കോമ്പാറ, ഡയറക്ടർ ഫാ. ജിയോ കടവി, ചെയർമാൻ പി. ഐ. ലാസർമാസ്റ്റർ, എൻ.പി. ജാക്സൺ മാസ്റ്റർ, ജോൺസൺ ജോർജ്ജ്, ആന്റോ തൊറയൻ എന്നിവർ സംസാരിച്ചു.

- **മെയ് 4 അത്മായ നേതൃത്വ സംഗമവും- AKCC പ്രഖ്യാപനവും**

  മെയ് 4ന് സംഘടിപ്പിക്കുന്ന അത്മായ നേതൃത്വ സംഗമവും കത്തോലിക്ക കോൺഗ്രസ്സ് പ്രഖ്യാപനത്തിന്റെ ഒരുക്കങ്ങൾ തുടരുന്നു. സംഘാടക സമിതി ഓഫീസ് ഉദ്ഘാടനത്തിന് ശേഷം കമ്മിറ്റികളിലൂടെ പ്രവർത്തനങ്ങൾ തുടരുന്നു. അഡ്ഹോക് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇടവകകളിൽ 'കത്തോലിക്ക കോൺഗ്രസ്സ്' യൂണിറ്റ് രൂപീകരണവും തുടരുന്നു. സമ്മേളനം വൻവിജയമാക്കി തീർക്കുന്നതിനുള്ള പ്രാർത്ഥന ദിനം, ദീപശിഖ, പ്രയാണ ജാഥകൾ, എന്നിവക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

| ഫാ. ജിയോ കടവി | ഫാ. ദിജോ ഒലക്കേങ്കിൽ | എൻ. പി. ജാക്സൺ മാസ്റ്റർ | പി. ഐ. ലാസർമാസ്റ്റർ |
|---|---|---|---|
| ഡയറക്ടർ | അസി.ഡയറക്ടർ | ജന. സെക്രട്ടറി | ചെയർമാൻ |




പത്മശ്രീ അവാർഡിനർഹനായ
തൃശ്ശൂർ അതിരൂപത ചെവ്വൂർ
ഇടവകാംഗമായ

**പ്രൊഫ. എലുവത്തിങ്കൽ**
**ഡി. ജെമ്മിസിന്**

**അതിരൂപതയുടെ**

അഭിനന്ദനങ്ങൾ

Registered
R.N.I. No. 27348/1975
KL/TCR/275/2012-2014
Licence No. KL/CR/TCR/WPP-13/2012 -14
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.04.2014
May 2014








Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005